# കരയോഗ സൗഹൃദം

സത്യം പരം ധീമഹി Rs. 6

മാസിക : എറണാകുളം കരയോഗത്തിന്റെ മുഖപത്രം Pages 52

വാല്യം - 16 ലക്കം - 10 കന്നി - 1200 ഒക്ടോബർ 2024



സർവ്വമംഗള മംഗല്യേ, ശിവേ, സർവ്വാർത്ഥ സാധികേ
ശരണ്യേ ത്ര്യംബകേ ദേവി, നാരായണി നമോസ്തുതേ...

# എറണാകുളം കരയോഗത്തിന്റെ 2024 ഓണം വിപണനമേളയിൽനിന്ന്












## എഡിറ്റോറിയൽ



# ജ്ഞാനക്ഷേത്രപുനരുദ്ധാരണം

ഏതാണ്ട് ഒരു ആയിരം വർഷങ്ങൾക്കു മുൻപ് ജ്ഞാനപ്രകാശം ചൊരിഞ്ഞ് ലോകത്തെ മുഴുവനും ജ്ഞാനപ്രഭയിൽ ആറാടിച്ചിരുന്നത് ഭാരതമായിരുന്നല്ലോ? ആർഷഭാരതത്തിന്റെ അടിസ്ഥാനതത്ത്വമായ, 'ലോകാസമസ്താ സുഖിനോ ഭവന്തു' എന്ന ആപ്തവാക്യത്തെ അക്ഷരാർത്ഥത്തിൽ പ്രാവർത്തികമാക്കിക്കൊണ്ടുള്ളതായിരുന്നു ഇവിടുത്തെ സർവ്വകലാശാലകളിൽ അന്ന് നടന്നുകൊണ്ടിരുന്ന വിദ്യാഭ്യാസ സംമ്പ്രദായം. അന്ന് ലോകത്ത് മുഴുവനും കുടി ഉണ്ടായിരുന്ന സർവ്വകലാശാലകളെക്കാൾ കൂടുതൽ വിദ്യാകേന്ദ്രങ്ങൾ ഭാരതത്തിലുണ്ടായിരുന്നു എന്നാണ് ചരിത്രരേഖകൾ സാക്ഷ്യപ്പെടുത്തുന്നത്. മഹാഭാരത സംഭവങ്ങൾക്കുശേഷം അല്ലെങ്കിൽ വ്യാസോദായത്തിനുശേഷമാണ് ഭാരതത്തിലുടനീളം ഇത്തരം വിദ്യാഭ്യാസകേന്ദ്രങ്ങൾ ഋഷിമാരാൽ സ്ഥാപിതമായത് എന്നാണ് നിഗമനം. അന്ന് ഭാരതം പലനാട്ടുരാജ്യങ്ങളായി വിഭജിക്കപ്പെട്ടിരുന്നെങ്കിലും ഈ എല്ലാ പ്രദേശങ്ങളിലുമുള്ള ജനതയുടെ സംസ്കാരം ഒന്നുതന്നെ ആയിരുന്നു. അതായതു സാംസ്കാരികമായി നാം അന്നേ ഒന്നായിരുന്നു. എത്രയെല്ലാം ആക്രമണങ്ങളും അധിനിവേശങ്ങളും ഒക്കെ ഉണ്ടായെങ്കിലും ആ സാംസ്കാരിക ഐക്യം ഇന്നും അഭംഗുരം തുടരുന്നു എന്നത് ഒരു അത്ഭുതമായാണ് ലോകം കാണുന്നത്. അതുകൊണ്ടുതന്നെയാണ് ഇവിടെ, ഈ ഭാരതത്തിൽ നിലനിന്നിരുന്ന വിദ്യാകേന്ദ്രങ്ങളിലെല്ലാം ഏതാണ്ട് സമാനമായ വിദ്യാഭ്യാസ സംമ്പ്രദായം നിലനിന്നിരുന്നത്. അഖണ്ഡഭാരതത്തിൽ അങ്ങോളമിങ്ങോളം നിലനിന്നിരുന്ന, ഗുരുകുല സംമ്പ്രദായത്തിൽ പ്രവർത്തിച്ചിരുന്ന പ്രശസ്തമായ സർവകലാശാലകളിൽ ചിലതാണ് നളന്ദ, തക്ഷശില, വിക്രമശില സോമപുരം (ബംഗ്ലാദേശിൽ)ശാരദാപീഠം, വാരാണസി, നാഗാർജ്ജുനഗോണ്ട്, കാഞ്ചിപുരം, തഞ്ചാവൂർ,

# ഉള്ളടക്കം

വാല്യം 16 | ലക്കം 10 | ഒക്ടോബർ 2024


| | |
|---|---|
| എഡിറ്റോറിയൽ | 3 |
| സെക്രട്ടറിയുടെ പംക്തി | 5 |
| ബാലലോകം | 8 |
| വാസ്തു. | 10 |
| ക്ഷേത്രങ്ങളിലൂടെ. | 11 |
| അമ്മ | 14 |
| യാത്രാ വിവരണം | 15 |
| സുഭാഷിതം | 17 |
| കേരളത്തിന്റെ ശാക്തേയ പാരമ്പര്യം-6 | 18 |
| നൈപുണ്യ പരിശീലനം | 22 |
| ആവിഷ്ക്കാരം | 24 |
| ബുദ്ധിയിൽ നിന്നും നിർമ്മിത ബുദ്ധിയിലേയ്ക്ക്.... | 27 |
| ചതുരംഗ വീഥി | 30 |
| നമഃശിവായ | 33 |
| ആഗോളതാപനം വീണ്ടും ആശങ്കാജനകം | 36 |
| ദൃക്ക് ദൃശ്യ വിവേകം | 40 |
| എന്റെ അമ്മയുടെ കഥ, എന്റെയും | 44 |
| ചിന്താധാര | 47 |
| മാസഫലം | 48 |
| മാട്രിമോണിയൽ. | 49 |



## പത്രാധിപസമിതി

**ആലപ്പാട്ട് മുരളീധരൻ**
(മാനേജിംഗ് എഡിറ്റർ)

**എം. ശ്രീവല്ലഭൻ നായർ**
(എഡിറ്റർ)

**പി. രാമചന്ദ്രൻ (വേണു)**

**കെ.ടി. മോഹനൻ**

കേരളത്തിലെ ശ്രീവല്ലഭം, കൊടുങ്ങല്ലൂർ, കാന്തല്ലൂർ തുടങ്ങി ആ പട്ടിക അങ്ങനെ നീണ്ടു പോകുന്നു.

വ്യക്താധിഷ്ഠിത മതതത്ത്വങ്ങളുടെ ആവിർഭാവത്തോടുകൂടി സാർവ്വലൌകികക്ഷേമാർത്ഥം നടത്തിയിരുന്നു വിശ്വമാനവിക സങ്കല്പപ്രവർത്തനങ്ങൾക്ക് ആഘാതമേൽക്കാൻ തുടങ്ങി. അവരുടെ അധിനിവേശം ലോകമെമ്പാടും വിശാലവീക്ഷണമുള്ള തത്ത്വചിന്തകരേയും ശാസ്ത്രജ്ഞരേയും എല്ലാം തുറങ്കിലടയ്ക്കുകയും വധിക്കുകയും ചെയ്തു. സങ്കുചിത മതാടിമകളുടെ പ്രചരണ പ്രവത്തനങ്ങളും വിശാല വീക്ഷണത്തോടെയുള്ള ജ്ഞാനാന്വേഷികളുടെ പ്രവർത്തനങ്ങളും ലോകത്തെ പലതട്ടുകളായി വിഭജിച്ചു. അതോടെ, സമാധാനമായി, ശാന്തമായി ഒഴുകിക്കൊണ്ടിരുന്ന ജ്ഞാനപ്രവാഹങ്ങൾ പലതും നിലച്ചു, അല്ല നിശ്ചേതനമാക്കി. അക്കൂട്ടത്തിൽ ഭാരതത്തിലേയ്ക്ക് കടന്നു കയറിയ അക്രമകാരികളുടെ അന്യായമായ മതഭ്രാന്തും സമ്പത്തിനോടുള്ള അത്യാഗ്രഹവും മൂലം ഇവിടെ ഉണ്ടായിരുന്ന അനേകായിരം ക്ഷേത്രങ്ങൾ കൊള്ളയടിക്കപ്പെട്ടു, വിദ്യാഭ്യാസസ്ഥാപനങ്ങളെല്ലാം തന്നെ അഗ്നിക്കിരയാക്കി. അക്കൂട്ടത്തിൽ, ലോകപ്രസിദ്ധ സർവ്വകലാശാലയായിരുന്ന നളന്ദയേയും അവർ ചുട്ടെരിച്ചു. ലോകമെമ്പാടുമുള്ള ജ്ഞാനാർത്ഥികളായ പതിനായിരക്കണക്കിന് വിദ്യാർത്ഥികളുടെ അഭയകേന്ദ്രമായിരുന്നു അത്. മതഭ്രാന്തനായ, ക്രൂരനായ വൈദേശിക അക്രമണകാരി ഭക്തിയാർ ഖിൽജി 1193-ൽ ആ വിശ്വവിദ്യാലയത്തെയും ചുട്ടെരിച്ചു. മാസങ്ങളെടുത്തു അതുമുഴുവനും കത്തിത്തീരാൻ. ജാവ, സുമാത്ര, ടർക്കി, സിറിയ, ശ്രീലങ്ക, ജപ്പാൻ, ഇറാൻ, ഇന്തോനേഷ്യ, ഗ്രീസ് തുടങ്ങിയ എല്ലാ രാജ്യങ്ങളിൽ നിന്നുമുള്ള വിദ്യാർത്ഥികൾ ഇവിടെ ഉണ്ടായിരുന്നു. നളന്ദയിൽ ഒരേ സമയം പതിനായിരത്തിൽപരം വിദ്യാർത്ഥികളാണ് ഗുരുകുല സംമ്പ്രദായത്തിൽ വിദ്യ അഭ്യസിച്ചിരുന്നത്. അവർക്കുവേണ്ടി ഏതാണ്ട് മുവായിരത്തിൽപ്പരം അദ്ധ്യാപകരും ഉണ്ടായിരുന്നു അവിടെ. അതിവിശാലമായ ഒരു ഏരിയയിൽ അതി ബ്രഹത്തായ സംവിധാനങ്ങളടങ്ങിയതും ആയിരുന്നു നളന്ദ. ഇപ്പോൾ ഉൽഖനനം ചെയത ഏതാണ്ട് 40 ഏക്കറോളം വരുന്ന സ്ഥലം പുരാതന നളന്ദയുടെ ഏതാണ്ട് 4% മാത്രമേ ആവുന്നുള്ളൂ എന്നാണ് ചരിത്രകാരന്മാർ സാക്ഷ്യപ്പെടുത്തുന്നത്.

ഒരു ക്രൂരനായ ആക്രമണകാരി നശിപ്പിച്ച ആ വിശ്വവിദ്യാലയത്തിനു, മറ്റുപല സാംസ്കാരിക കേന്ദ്രങ്ങളെയും പോലെ ഇന്നിതാ പുതുജീവൻ വെയ്ക്കുകയാണ്. തികഞ്ഞ രാജ്യസ്നേഹിയും, ശാസ്ത്രജ്ഞനും ഭാരതീയതയിൽ അഭിമാനം കൊണ്ടിരുന്ന ആളുമായ നമ്മുടെ മുൻ രാഷ്ട്രപതി ശ്രീ. എ.പി.ജെ. അബ്ദുൾകലാമാണ് നളന്ദയുടെ പുനരുദ്ധാരണത്തിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾക്ക് തുടക്കമിട്ടത്. 2010-ൽ നളന്ദയെ പുനരുജ്ജീവിപ്പിച്ച്, അതിന്റെ നഷ്ടപ്രതാപങ്ങൾ വീണ്ടെടുത്ത്, ഒരു ലോകോത്തര സർവ്വകലാശാലയാക്കിമാറ്റുവാൻവേണ്ടിയുള്ള ബില്ലിന് രാഷ്ട്രപതിയുടെ അംഗീകാരം ലഭിച്ചതോടുകൂടി, ആ ഭാരതാഭിമാനത്തിന്റെ പുനരുജ്ജീവന പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു. ലോകപൈതൃക പട്ടികയിൽ അദ്വിതിയസ്ഥാനം അലങ്കരിക്കുന്ന ഈ മഹത്സ്ഥാപനത്തിന്റെ പുനരുദ്ധാരണത്തിന് മറ്റ് പല രാജ്യങ്ങളും പങ്കുചേർന്നു പ്രവർത്തിക്കുന്നുണ്ട്. ബിഹാറിലെ രാജഗിരികുന്നുകളോട് ചേർന്നുകിടക്കുന്ന 450 ഏക്കർ സ്ഥലത്താണ് പുതിയ നളന്ദ ഉയർത്തെഴുന്നേൽക്കുന്നത്. പരിസ്ഥിതി സൗഹൃദ കെട്ടിടങ്ങളും റോഡുകളുമെല്ലാമാണ് ഇവിടെ ഉണ്ടാക്കുന്നത് എന്നത് ഏറെ പ്രശംസനീയമാണ്. ലോകത്തിൽതന്നെ ഏറ്റവും മികച്ച നിലവാരം പുലർത്തുന്ന അധ്യാപകരായിരിക്കും നളന്ദയെ നയിക്കുക. അതുപോലെ അതിസമർദ്ധരായ വിദ്യാർത്ഥികൾക്കായിരിക്കും അവിടെ പ്രവേശനം നൽകുന്നതും.

ഏതായാലും നമ്മുടെ അഭിമാനജ്യോതിസ്സായി നളന്ദ പുനർജ്ജനിക്കുന്നു. കഴിഞ്ഞ ജൂൺ മാസം 19-നാണ് ആരാധ്യനായ പ്രധാനമന്ത്രി ശ്രീ. നരേന്ദ്രമോദി ഈ അന്താരാഷ്ട്ര സർവ്വകലാശാലയുടെ ഉദ്ഘാടനം നിർവ്വഹിച്ചത്. ഇതൊരു തുടക്കമാകട്ടെ. നഷ്ട്പ്പെട്ട സ്വാഭിമാനത്തിന്റെ വീണ്ടെടുക്കലായി, കേരളത്തിലേയുൾപ്പെടെയുള്ള നമ്മുടെ പൗരാണിക സർവ്വകലാശാലകളെല്ലാം ഉയർത്തെഴുന്നേൽക്കട്ടെ, അവിടങ്ങളിൽ നിന്നും പ്രസരിക്കുന്ന ജ്ഞാനചൈതന്യം കൊണ്ട് ലോകത്ത് ശാന്തിയും സമാധാനവും കൈവരട്ടെ. 'വസുധൈവ കുടുംബകം' എന്ന ഏകലോക സിദ്ധാന്തം ഫലപ്രദമായി നടപ്പിലാകട്ടെ!

ജയ് ഹിന്ദ്



# ജനറൽ സെക്രട്ടറിയുടെ പംക്തി

**പി. രാമചന്ദ്രൻ (വേണു)**

*പ്രിയ കരയോഗാംഗങ്ങളെ,*

എറണാകുളം കരയോഗത്തിന്റെ പ്രവർത്തനങ്ങൾ സുഗമമായി പോകുന്നു എന്നതിൽ അതിയായ ചാരിതാർത്ഥ്യമുണ്ട്. നാം എടുത്തിട്ടുള്ള തീരുമാനങ്ങൾക്ക് വിധേയമായി പദ്ധതികളും പരിപാടികളും സമയബന്ധിതമായി, കൃത്യമായ ആസൂത്രണത്തോടെയും നടപ്പിലാക്കുക എന്നതാണ് ഭരണകർത്താക്കളുടെ കാര്യനിർവ്വഹണം. ആ നിലയ്ക്ക് ഗംഗാഹാളിന്റെ നവീകരണപ്രവർത്തനങ്ങൾ പൂർത്തിയാക്കിയതിനു ശേഷം അടുത്ത പദ്ധതികളിൽ ഒന്നായ പാലാരിവട്ടം പ്രശാന്തി ഓൾഡേയ്ജ് ഹോമിലെ ഭാഗികമായുള്ള നവീകരണപ്രവർത്തനങ്ങൾ തുടർന്നു വരികയാണ്.

മറ്റൊന്ന് എറണാകുളം കരയോഗത്തെ സംബന്ധിച്ച് ജീവകാരുണ്യസേവനമേഖലയിൽ പെൺകുട്ടികൾക്കും വനിതകൾക്കുമായി ദീർഘവീക്ഷണത്തോടെ തയ്യാറാക്കിയ പദ്ധതിയാണ് ചെറായി ചൈൽഡ് കെയർ ഹോം (ഗേൾസ്). 2024ലെ പൊതുയോഗത്തിൽ എടുത്ത തീരുമാനത്തിന് വിധേയമായി ടി പദ്ധതി ഈ വർഷം തന്നെ ആരംഭിക്കുവാനും 2025 ഡിസംബറോടു കൂടി നിർമ്മാണം പൂർത്തീകരിച്ച് ഈ സേവന മേഖല പൊതുജന താൽപര്യാർത്ഥം തുറന്നു പ്രവർത്തിക്കുവാൻ കഴിയുമെന്ന് വിശ്വസിക്കുന്നു. 26-9-2024 ൽ ചൈൽഡ് ഹോമിന്റെ നിർമ്മാണത്തിനുള്ള കരാർ നിയമാനുസൃതമായി പത്രപരസ്യങ്ങളിലൂടേയും മറ്റും കൺസ്ട്രക്ഷൻ കോൺട്രാക്ക്ടറെ കണ്ടെത്തി ടിയാനുമായി കരാർ വ്യവസ്ഥയിൽ ഏർപ്പെടുവാൻ കഴിഞ്ഞിട്ടുണ്ട്.

2024 ഒക്ടോബർ 21-ാം തീയതി തിങ്കളാഴ്ച രാവിലെ 9.30നും 10നുമിടയ്ക്ക് കരയോഗത്തിന്റെ ഉടമസ്ഥതയിൽ ചെറായിലുള്ള സ്ഥലത്ത് ചൈൽഡ് കെയർ ഹോമിന്റെ നിർമ്മാണത്തിനുള്ള തറക്കല്ല് ഇടുവാൻ തീരുമാനിച്ചിരിക്കുന്ന വിവരം കരയോഗാംഗങ്ങളെ സന്തോഷപൂർവ്വം അറിയച്ചുകൊള്ളട്ടെ. ഏകദേശം 3 കോടിയിലധികം രൂപ ചിലവ് വരുന്ന ഈ പദ്ധതി 10-12 വയസ്സ് പ്രായമായ നിരാലംബരും രക്ഷകർത്താക്കളുടെ സംരക്ഷണം ഇല്ലാത്തതുമായ പെൺകുട്ടികളെ താമസിപ്പിച്ച് സംരക്ഷിപ്പിച്ച് അവർക്ക് ആവശ്യമുള്ളത്രെ വിദ്യാഭ്യാസം നൽകിയും ഉദ്യോഗം കണ്ടെത്തിയും സ്വയം പര്യാപ്തതയിലൂടെ ഭാവി ജീവിതം സുരക്ഷിതമാക്കി കുടുംബജീവിതം വരെ കണ്ടെത്തികൊടുക്കുന്നതുവരെയുള്ള ഉത്തരവാദിത്വം നമ്മൾ ഏറ്റെടുക്കയും ചെയ്യുന്ന ദീർഘനാളത്തെ ഒരു തുടർപദ്ധതിയായി ഈ ജീവകാരുണ്യ സേവനം മാതൃകാപരമായി നടപ്പിലാക്കികൊണ്ട് പോകുകയാണ് നമ്മുടെ ലക്ഷ്യം.

ആയതിന് നിങ്ങൾക്ക് ഓരോരുത്തർക്കും ഈ പദ്ധിയുമായി സഹകരിച്ച് മഹത്തായ ഈ സേവനത്തിൽ പങ്കാളിയാകുവാൻ വിവിധ തലങ്ങൾ ഉണ്ടെന്ന കാര്യം ഓർമ്മിപ്പിക്കുന്നു. ഈ പദ്ധതിയുടെ തുടർച്ചയിലും വികസനത്തിലും നിങ്ങൾക്ക് ഓരോരുത്തർക്കും പങ്കാളിയാകാൻ കഴിയും, കഴിയണം എന്നതാണ് കരയോഗത്തിന്റെ ആഗ്രഹവും അഭിലാഷവും. ഒരു മനുഷ്യനിൽ മറ്റുള്ളവരെ കാണുവാനും അവരുടെ പ്രയാസങ്ങളും സങ്കടങ്ങളും നമ്മുടേതായി അനുഭവപ്പെടുകയും ചെയ്യുന്ന ഒരവസ്ഥയാണ് കാരുണ്യം, ദീനാനുകമ്പ എന്നൊക്കെ പറയുന്നത്. നിങ്ങൾക്കും ഇത്തരം പ്രവർത്തനങ്ങളിലൂടെയും സേവനങ്ങളിലൂടേയും മറ്റള്ളവരുടെ ദുഖത്തോടൊപ്പം പങ്കുചേരാനും സ്വാന്ത്വനം നൽകുവാനുമുള്ള ഒരവസരവും നഷ്ടപ്പെടുത്തരുതെന്ന് ഒരിക്കൽ കൂടി ഓർമ്മിപ്പിച്ചുകൊണ്ട് കരയോഗത്തിന്റെ എല്ലാ ജീവകാരുണ്യപ്രവർ

ത്തനങ്ങളിലും സഹായസഹകരണങ്ങൾ നൽക ണമെന്ന് വിനീതമായി അപേക്ഷിക്കുകയും കരയോഗത്തിന്റെ പുരോഗതിയ്ക്കും പ്രവർത്തനങ്ങൾക്കും നിങ്ങളുടെ എല്ലാവരുടേയും സഹകരണം ഉണ്ടാവണമെന്ന് ഒരിക്കൽ കൂടി അപേക്ഷിക്കുന്നു.

മുൻലക്കം സൗഹൃദത്തിൽ അറിയിച്ചിട്ടുള്ളതുപോലെ 2024ലെ കരയോഗത്തിലെ നവരാത്രി പരിപാടികൾ ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്. 13-ാം തീയതി വിജയദശമിയോടുകൂടി നവരാത്രി ആഘോഷപരിപാടികൾ സമാപിക്കുകയാണ്.

എറണാകുളം കരയോഗം സാംസ്കാരിക വേദിയുടെ ആഭിമുഖ്യത്തിൽ അകായിലെ സംഗീതം ഒക്ടോബർ 20 ഞായറാഴ്ച വൈകിട്ട് 4 മണിക്ക് ടി.ഡി.എം. ഹാളിൽ ഹിന്ദി ഗാനങ്ങൾ ഏവർക്കും സ്വാഗതം.

എറണാകുളം കരയോഗം ഹെറിറ്റേജ് ഗ്രൂപ്പിന്റെ ഒക്ടോബർ മാസ പരിപാടി: 'അയ്യപ്പൻ പാട്ട്' എന്ന വിഷയത്തെ കുറിച്ച് പ്രഭാഷണവും അവതരണവും. ശ്രീ കല്ലംപറമ്പിൽ വിജയൻ മേനോൻ നയിക്കുന്ന കല്ലംപറമ്പിൽ ഭരതൻ മേനോൻ സ്മാരക ശാസ്താംപാട്ട് കലാ സമിതി. എറണാകുളം ടിഡിഎം ഹാളിൽ, ഒക്ടോബർ 19 ശനിയാഴ്ച വൈകീട്ട് 5 മണി മുതൽ. എല്ലാവരെയും ക്ഷണിക്കുന്നു.

എറണാകുളം കരയോഗം സാഹിതിയോഗത്തിന്റെ ഒക്ടോബർ മാസപരിപാടി 27-ാം തീയതി ഞായറാഴ്ച 3.30 ന്. വിഷയം: ഇടശ്ശേരിയുടെ കാവ്യലോകം . അവതരണം: ശ്രീ കെ. രാധാകൃഷ്ണൻ. ഏവർക്കും സ്വാഗതം.

കരയോഗത്തിന്റെ എല്ലാ പ്രവർത്തനങ്ങളിലും നിങ്ങളുടെ വിലയേറിയ നിർദ്ദേശങ്ങളും ഉപദേശങ്ങളും സഹകരണവും ഉണ്ടാവണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട്,

ജനറൽ സെക്രട്ടറി

*****

## എറണാകുളം കരയോഗം

### ടി.ഡി.എം ഹാളിൽ നടത്തുന്ന പ്രതിമാസ കലാ-സാഹിത്യ-സാംസ്കാരിക പരിപാടികൾ

### 2024 ഒക്ടോബർ 10 മുതൽ നവംബർ 10 വരെ

| | | | | |
|---|---|---|---|---|
| 1. | 02-10-2024<br>09-10-2024<br>16-10-2024<br>23-10-2024<br>30-10-2024<br>06-11-2024 | ബുധൻ | ദേവിഭാഗവത ക്ലാസ്സ് - വത്സല.പി.പി | 3.00 p.m - 4.30 p.m. |
| 2. | 10-10-2024<br>17-10-2024<br>24-10-2024<br>31-10-2024<br>07-11-2024 | വ്യാഴം | എറണാകുളം കരയോഗം<br>എൽഡർ സിറ്റിസൺസ് ഫോറം | 4.00 p.m. - 6.00 p.m. |
| 4. | 12-10-2024<br>19-10-2024<br>26-10-2024<br>02-11-2024<br>09-11-2024 | ശനി | വേദാന്ത പഠന ക്ലാസ്സ്<br>- ആചാര്യൻ കെ.ആർ. നമ്പ്യാർ | 10.a.m. - 11.30 a.m. |
| 5. | 14-10-2024 | തിങ്കൾ | വുമൺസ് ഫോറം | 3.00 p.m - 5.00 p.m. |
| 6. | 19-10-2024 | ശനി | ഹെറിറ്റേജ് - അയ്യപ്പൻ പാട്ട് എന്ന വിഷയത്തെക്കുറിച്ചുള്ള പ്രഭാഷണവും അവതരണവും | 5.00 p.m |
| 7. | 20-10-2024 | ഞായർ | അകായിലെ സംഗീതം - സാംസ്ക്കാരിക വിഭാഗം - ഹിന്ദിഗാനങ്ങൾ | 4.00 p.m |
| 8. | 27-10-2024 | ഞായർ | സാഹിതിയോഗം - ഇടശ്ശേരിയുടെ കാവ്യലോകം<br>അവതരണം - ശ്രീ കെ. രാധാകൃഷ്ണൻ | 3.00 p.m |

# അറിയിപ്പ്

## ശതാബ്ദി ആനുകൂല്യ ആജീവനാന്ത അംഗത്വം

## അംഗങ്ങളുടെ ശ്രദ്ധയ്ക്ക്

### അംഗത്വത്തിനുള്ള അപേക്ഷാഫാറം കരയോഗം ഓഫീസിൽ നിന്നും ലഭിക്കുന്നതാണ്

23-6-2024 ൽ കൂടിയ എറണാകുളം കരയോഗം പൊതുയോഗം എറണാകുളം കരയോഗം നിയമാവലി 5, 7(i) (ii), 8,9,10,11,13,14 എന്നീ വകുപ്പുകളും അതിന്റെ ഉപവകുപ്പുകളും നില നിർത്തിക്കൊണ്ട് കരയോഗത്തിലെ ഓരോ അംഗങ്ങൾക്കും അവരവരുടെ കുടുംബാംഗങ്ങൾക്ക് (അച്ഛൻ, അമ്മ, ഭർത്താവ്, ഭാര്യ, മക്കൾ) 2025 ഡിസംബർ 31 വരെ അംഗത്വഫീസിൽ ഇളവു നല്കി അംഗത്വം നല്കുവാൻ തീരുമാനം എടുത്തിട്ടുള്ള വിവരം സന്തോഷപൂർവ്വം അറിയിച്ചുകൊള്ളുന്നു.

എല്ലാ അംഗങ്ങളും ഈ അവസരം പ്രയോജനപ്പെടുത്തണമെന്ന് അഭ്യർത്ഥിക്കുന്നു. കൂടതൽ വിവരങ്ങൾക്ക് കരയോഗം ഓഫീസുമായി ബന്ധപ്പെടുക.

* * *

### എറണാകുളം കരയോഗം ശതാബ്ദിയാഘോഷ ഫണ്ട് സമാഹരണം

2025 ൽ എറണാകുളം കരയോഗം ശതാബ്ദിയാഘോഷം സമുചിതമായി ആഘോഷിക്കുന്നതിലേയ്ക്കുള്ള പദ്ധതികളും പരിപാടികളും നടത്തുന്നതിന് ധനസമാഹരണം ഒരു പ്രധാന ഘടകമാണ്. ആയതിലേയ്ക്ക് ഓരോ കരയോഗാംഗവും 2000 രൂപ വീതവും ഒരേ വീട്ടിൽ മൂന്നോ അതിൽ കൂടുതലോ കരയോഗാംഗങ്ങളുള്ളവർ 5000 രൂപയും ശതാബ്ദി ഫണ്ടിലേയ്ക്ക് നൽകണമെന്ന് 23-6-2024 ൽ കൂടിയ 99-ാം വാർഷികപൊതുയോഗം തീരുമാനമെടുത്തിട്ടുള്ള വിവരം കരയോഗാംഗങ്ങളെ ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

✦ ✦ ✦

### കരയോഗത്തിന്റെ ദൈനംദിന പ്രവർത്തനങ്ങൾ അറിയുന്നതിനായി അംഗങ്ങൾ മാത്രം താഴെ കാണുന്ന WhatsApp നമ്പറിൽ ബന്ധപ്പെടുകയോ link ലൂടേയോ ജോയിൻ ചെയ്യാവുന്നതുമാണ്.

☞ **8281588833**

Open this link to join my WhatsApp Group:
https://chat.whatsapp.com/JvuXAILW6Tg8UD6J29v1Vy

ജനറൽ സെക്രട്ടറി
എറണാകുളം കരയോഗം



# ബാലലോകം

പറവൂർ രാജഗോപാൽ (ഫോൺ: 9847291483)

## പരിഗണന പ്രധാനം

പ്രിയ ബാലലോകം കുട്ടുകാരേ,
സുഖം? സുഖം!
കുട്ടികളുടെ ലോകത്തിരുന്ന്, മുതിർന്നവർക്കു വേണ്ടി ചിലതെഴുതട്ടെ.

കുട്ടികളെ കണ്ടു പഠിക്കണം നാം മുതിർന്നവർ. മുതിർന്നവരേക്കാൾ മുതിർന്ന മനുഷ്യരാണ്, ഇന്ന് ഈ ലോകത്ത് കുട്ടികൾ. പലതുണ്ട് നമുക്ക് അവരിൽനിന്നു പഠിക്കാൻ. മാറുന്ന ലോകത്ത് കുട്ടികളുടെ പങ്കാളിത്തം വളരെ വലുതാണ്. പഠനങ്ങൾ തെളിയിക്കുന്ന വസ്തുതയാണ് ഇത്. മാറ്റം പ്രകൃതി നിയമമാണ്. ആ മാറ്റത്തെ ഉൾക്കൊള്ളാൻ കുട്ടികളോളം കഴിവ് മറ്റാർക്കാണ്.? ആർക്കുമില്ല. കുട്ടികൾ തന്നെയാണ് മാറ്റങ്ങൾ ഉൾകൊള്ളാൻ മുൻപന്തിയിൽ.

സ്നേഹവും സമാധാനവുമുള്ള ഒരു ലോകം പുതുതലമുറയിലൂടെയാവും കാലം കൈമാറുക. സ്നേഹവും സന്തോഷവും സമാധാനവുമുള്ള ഒരു മനുഷ്യകുലം ആകണം ഇവിടം ഭാവിയിലെങ്കിലും. അതിനു ഇന്ന് കുട്ടികളായിരിക്കുന്നവരാകും ചാലകശക്തിയും പ്രേരണയും.

മുൻവിധികളില്ലാതെ എന്തും ഏതും നോക്കിക്കാണുന്നവരാണ് കുട്ടികൾ. ജീവിതത്തിൽ ആസ്വാദിക്കുന്നതിനെക്കുറിച്ചെല്ലാം അവർ സത്യസന്ധമായി പ്രതികരിക്കുന്നു. എന്തെങ്കിലുമൊന്ന് ഇഷ്ട്മായാൽ ഇഷ്ടമായി എന്നു പറയാൻ അവർക്ക് ഒട്ടും ആലോചിക്കേണ്ടി വരുന്നില്ല. വളർച്ചയുടെ ഏതാണ്ടൊരുഘട്ടംവരെ അവരുടെ മനസ്സും ശരീരവും ഒന്നാണ്. അത് അങ്ങനെ തന്നെയായിരിക്കുകയും വേണം.

തനിയെ സംസാരിക്കുന്ന കുട്ടികളെ കണ്ടിട്ടില്ലേ? അവർ സത്യസന്ധരായതുകൊണ്ടാണ് അതിന് സാധിക്കുന്നത്. അവർ പകർന്നാടുന്ന വേഷങ്ങൾ പലതാണ്. രാജാവായും, മന്ത്രിയായും, പോലീസായും, കള്ളനായും, വിദൂഷകനായും, വക്കീലായും ആരാരും കാണാതെ അവർ പെരുമാറുന്നു. സ്വയം അങ്ങനെത്തന്നെയാണന്നാണ് ആ കളികളിലൊക്കെ അവരുടെ വിചാരം. ആ പരാമാർത്ഥത, സത്യസന്ധത ഇമ്മിണി വലിയൊന്നാണ്. അത് നമ്മൾ മുതിർന്നവർ കാണാതെ പോകരുത്.

ബാല്യത്തിന്റെ കൗതുക കാഴ്ചകളും ആസ്വാദനശീലങ്ങളും വളരുമ്പോഴും കൂടെ നിൽക്കാൻ പലതും വായിച്ചെടുക്കണം നമ്മുടെ കൂട്ടുകാർ. വായന കുട്ടികൾക്കൊരു വരം തന്നെയാണ്.മന്വന്തരങ്ങളിൽ ഉണ്ടായിരുന്നതും ആർഷഭാരതത്തിനു സ്വായത്തമായതുമായ പലതും അറിയാനും മനസ്സിലാക്കാനും വായനയിലൂടെ കഴിയുമെന്നത് മഹത്തായ കാര്യമല്ലേ?.

ശൈശവ മനസ്സുകളിലെ നിഷ്കളങ്ക സൗന്ദര്യത്തെ താലോലിച്ചുകൊണ്ട് കൂടെ നടക്കണം നമ്മുടെ രക്ഷകർത്താക്കൾ. കുട്ടിക്കാലം കളിചിരികളുടേതുമാത്രമല്ല ഭയാശങ്കകളുടേതുംകൂടിയാണ്. ചെറിയൊരു പാറ്റ തന്നെ കുഞ്ഞുങ്ങളെ വല്ലാതെ പരിഭ്രാന്തരാക്കുന്നു. ചുറ്റും നിന്നുള്ള അപസ്വരങ്ങളും അവരെ ആശങ്കാകുലരാക്കുന്നു. ഇതിൽ നിന്നൊക്കെ അവരെ അകറ്റിമാറ്റി കൊണ്ടുപോകുന്നതാകണം അവർക്കൊപ്പമുള്ള മുതിർന്നവർ ശ്രദ്ധിക്കേണ്ടതായ കാര്യം.

നല്ല കഥകൾ തിരഞ്ഞെടുത്ത് കുട്ടികൾക്കായി വായിക്കാൻ കൊടുക്കണം നാളേയ്ക്കുള്ള കൂട്ടാണ് നല്ല കഥകൾ. കൂടുമേയുമ്പോൾ കൂട്ടിരിക്കാൻ കൂട്ടിൽ കൂട്ടിനൊരു പുസ്തകം കൂടിയുണ്ടെങ്കിൽ നല്ലതല്ലേ? തീർച്ചയായും നല്ലതാണ്. ആ നന്മയാണ്

മക്കളെ നിങ്ങൾക്ക് വേണ്ടത്. ആ നന്മമരമാണ് നിങ്ങൾക്കുവേണ്ടി നാളെ വളർന്നു വരേണ്ടത്.

ചെറുപ്രായത്തിൽ നന്മമരം നട്ടാൽ പ്രായമേറെയാകുമ്പോഴേക്കും അവ നന്മയുടെ സുഗന്ധം പരത്തി വളർന്നിരിക്കും. അതിലൂടെ നന്മയുടെ ആസ്വാദകരാകാം നിങ്ങൾക്ക്

കുട്ടികൾ ചിരിച്ചുകളിച്ചു പഠിച്ചുവളരേണ്ട വരാണ്. അവർ മാനത്തോളം വളർന്നെത്തണം. പ്രപഞ്ചത്തോളം വളരണം. ഇന്ന് നമ്മൾ എന്താണോ,എന്തായിരിക്കുന്നുവോ, എന്നത് നമ്മുടെ ബാല്യം എങ്ങനെയായിരുന്നു എന്നതിനനുസരിച്ചാണ്.

കുട്ടികളെ സമന്മാരായി പരിഗണിക്കണം നമ്മുടെ മാതാപിതാക്കൾ. അച്ഛനമ്മമാരുടെ സ്നേഹം അനിഭവിച്ചു വളരട്ടെ നമ്മുടെ മക്കൾ. അവരോടു കർക്കശ്യമനോഭാവം കാട്ടരുത്. ഗുണത്തേക്കാളേറെ അത് ദോഷം ചെയ്യും.

അച്ഛനമ്മമാർ അവരുടെ വാക്കിലും പ്രവർത്തിയിലും മക്കൾക്ക് മാതൃകയാവണം. എല്ലാറ്റിന്റെയും തുടക്കം വീട്ടിൽ നിന്നാണ്. പരസ്പര സ്നേഹം, ആദരവ്, വിശ്വാസം, പ്രകൃതിയോടും ചുറ്റുപാടുകളോടുമുള്ള കരുതൽ അങ്ങനെ ഒരന്തരീക്ഷം വീടുകളിൽ സൃഷ്ടിച്ചെടുക്കാൻ കഴിയണം. ബോധനിലാവിന്റെ തെളിച്ചവും നന്മയും നിറഞ്ഞ ബഹുല സംസ്കാരത്തിന്റെ അടിത്തറയാണ് നമ്മുടെ ജീവിതത്തിന്റെ ആധാരമെന്നു അവർ അറിയണം. അറിഞ്ഞുവളരണം.

എവിടെയോ വായിച്ച ഏതോ ഒരു നാടോടിക്കഥയാണ് അക്ഷരങ്ങൾ കുത്തിനിറച്ച ഭാണ്ഡവുമായി മലകയറിയ ഒരു യാത്രികൻ ഏതോ പർവ്വതശിഖരത്തിൽ നിന്ന് താഴേക്കു നോക്കിയപ്പോൾ താഴ്‌വരയിലാകെ ഇരുട്ട്! അയാൾ ഭാണ്ഡമഴിച്ച് ഇരുട്ടിന്റെ ഗർത്തത്തിലേക്ക് അക്ഷരങ്ങൾ വിതറി. അക്ഷരങ്ങളോരോന്നും നക്ഷത്രങ്ങളായി തിളങ്ങി താഴ്‌വാരം താരകങ്ങളുടെ ഉജ്ജ്വല പ്രകാശത്തിൽ കുളിച്ചു നിന്നു.

വെളിച്ചത്തിന്റെ അഭാവമാണ് ഇരുട്ട് എന്ന സുകുമാർഅഴിക്കോട് സാറിന്റെ വാക്കുകൾ മുഴങ്ങി കേൾക്കുന്നു. നമുക്കും പ്രകാശത്തെ പ്രകീർത്തിക്കാം.

*****

ആഴിതന്നിലുരഗേശനായ് മണിമെ  
ത്തമേലഴകിനൊട് ചേർന്നേ -  
ഴുരണ്ടുലകമൻപിൽ നേത്രമുന  
കൊണ്ടു കാത്തു കലിതാദരം  
ചൂഴുമുള്ള മുനിദേവജാതി പുകഴു  
ന്നതും പരിചിനോടു കേട്ടാ-  
ഴിമാതിനൊടു കൂടിയുള്ള കളി  
കോലുമീശ്വരമുപാസ്മഹേ.

**പൂന്താനം.**

മഹാവിഷ്ണു ഭഗവാൻ പാലാഴിയിൽ അനന്തനാകുന്ന വിശിഷ്ട മെത്തയിൽ അഴകായി ശയിക്കുന്നു. പതിനാലു ലോകങ്ങളും തന്റെ കടാക്ഷം കൊണ്ട് വേണ്ടവിധം പാലിക്കുന്നു. ചുറ്റും നിന്ന് മുനിമാരും ദേവന്മാരും സ്തുതിക്കുന്നത് കേട്ട് കൊണ്ട് ലക്ഷ്മീ ദേവിയോടൊത്തു കളിയാടുന്ന അങ്ങിനെയുള്ള ഭഗവാനെ ഞങ്ങൾ ഉപാസിക്കുന്നു.



# വാസ്തുശാസ്ത്രം

ശ്രീ. പ്രഭാകരമേനോൻ പര്യാടത്ത്, റിട്ടയേർഡ്
എഞ്ചിനീയർ, വാസ്തു വിദ്ഗദ്ധൻ
(ഫോൺ: 9447032434)

## അടുക്കള വീടിന്റെ ഹൃദയം

പലരും വിചാരിച്ചിരിക്കുന്നത് അടുക്കളയിൽ കിഴക്കോട്ടുതിരിഞ്ഞ്നിന്ന് ഭക്ഷണം പാകം ചെയ്താൽ മതിയെന്നാണ്. പല സ്ഥലങ്ങളിലും അടുക്കളയുടെ കിഴക്കുവശത്ത് വർക്കേരിയ (Work area) ഉണ്ടായിരിക്കും. അടുക്കളയുടെ കിഴക്കുവശത്തു വർക്കേരിയ ഉണ്ടങ്കിൽ അടുക്കളക്കും, വർക്കേരിയായ്ക്കും ഇടയിലുള്ള ഭിത്തിയിൽ ജന്നൽ വേണം. കൂടാതെ വർക്കേരിയയുടെ കിഴക്കേ ഭിത്തിയിലും ജന്നൽ വേണം. ഞാൻ പോയികണ്ട വീട്ടിൽ അടുക്കളയുടെ വടക്കുവശത്ത് കെട്ടിടം വടക്കോട്ടു തള്ളിനിൽക്കുന്നു. അടുക്കളയുടെ വടക്കുവശത്ത് അടുക്കളവിട്ട് കെട്ടിടത്തിന്റെ കിഴക്കേ ഭിത്തി കിഴക്കോട്ടു തള്ളുവാൻ പാടില്ല. അതുപോലെ തന്നെ അടുക്കളയിൽ സ്റ്റൗ (Stove) വെയ്ക്കേണ്ട സ്ഥാനം കിഴക്ക് തെക്കാണ്. അതുപോലെതന്നെ പാത്രം കഴുകുന്ന സിങ്ക് അടുക്കളയുടെ മദ്ധ്യത്തിന്റെ വടക്കുവശത്തായിരിക്കണം. അതുപോലെ അടുക്കളയുടെ തെക്കുപടിഞ്ഞാറെ മൂലയിൽ ഒരിക്കലും വാതിൽ വരരുത്.


അടുക്കള വടക്കു പടിഞ്ഞാറാണെങ്കിൽ അടുക്കളയുടെ വടക്കെ ചുമരുവിട്ട് വീടിന്റെ കിഴക്കുവശം വടക്കോട്ട് തള്ളരുത്.


സ്കെച്ച് -1 അടുക്കളയുടെ വടക്കുവശം കിഴക്കോട്ടു തള്ളിയിരിക്കുന്നു.

സ്കെച്ച് -2 അടുക്കളയുടെ കിഴക്കുവശം വടക്കോട്ടു തള്ളിയിരിക്കുന്നു.

സ്കെച്ച് -1 നോക്കുക. അതിൽ കെട്ടിടം അടുക്കളവിട്ട് കിഴക്കോട്ടു തള്ളിയിരിക്കുന്നു. സ്കെച്ച് -2 നോക്കുക. കെട്ടിടം അടുക്കള വിട്ട് വടക്കോട്ടു തള്ളിയിരിക്കുന്നു.

അടുക്കളയുടെ സ്ഥാനം, അതിൽ വരുന്ന സ്റ്റൗ, സിങ്ക് എന്നിവയുടെ സ്ഥാനം വളരെ വളരെ പ്രധാനപ്പെട്ടതാണ്. അടുക്കള വീടിന്റെ ഹൃദയമാണ് എന്നുള്ള കാര്യം ഒരിക്കലും മറക്കരുത്.



ക്ഷേത്രങ്ങളിലൂടെ

# വർക്കല ജനാർദ്ദനസ്വാമി ക്ഷേത്രം

**ഇന്ദിരാഭായി ഫോൺ : 8078552892**




ഭാരതീയ സംസ്കൃതിയനുസരിച്ച് ഒരു മനുഷ്യന്റെ പരമമായ ലക്ഷ്യം മോക്ഷ പ്രാപ്തിയാണ്. അടിയുറച്ച വിശ്വാസവും ഭക്തിയുമാണ് മോക്ഷപ്രാപ്തിയിലേക്കുള്ള മാർഗ്ഗം. നമ്മുടെ പുരാണങ്ങളിൽ പുണ്യതീർത്ഥങ്ങളെപ്പറ്റിയും അവയുടെ പ്രാധാന്യത്തെപ്പറ്റിയും പ്രതിപാദിച്ചിട്ടുണ്ട്. വിശ്വാസികൾക്ക് തീർത്ഥാടനത്തോടും തീർത്ഥസ്നാനങ്ങളോടുമുള്ള വിശ്വാസം വർദ്ധിച്ചുവരുന്നതായാണ് ഇന്ന് കാണുന്നത്. തീർത്ഥങ്ങളിൽ സ്നാനം ചെയ്തു ദേവീദേവന്മാരെ തൊഴുതു പ്രാർത്ഥിക്കുമ്പോൾ മനഃശാന്തിയും പാപമുക്തിയും കൈവരുന്നു. നമ്മുടെ സംസ്കാരത്തിന്റെ മഹിമയെ ഉത്ഘോഷിക്കുന്ന തീർത്ഥാടനകേന്ദ്രങ്ങൾ നമുക്ക് സന്മാർഗ്ഗ പ്രേരണ നൽകുന്നവയാണ്. തീർത്ഥാടാകരുടെ മനസ്സിന് ശാന്തിയും സമാധാനവും നൽകികൊണ്ട് മോക്ഷപ്രാപ്തിയിലേക്കു നടന്നെത്താൻ സഹായിക്കുന്ന ഒരു പുണ്യതീർത്ഥസ്ഥാനമാണ് വർക്കല പാപനാശം, പുരാണത്തിൽ പ്രതിപാദിച്ചിട്ടുള്ള പുണ്യസ്ഥാനങ്ങളിലൊന്നാണ് വർക്കല പാപനാശകടലും ജനാർദ്ദനസ്വാമി ക്ഷേത്രവും, ദക്ഷിണവരാണസി എന്നറിയപ്പെടുന്ന ഒരു പുണ്യപുരാതന ക്ഷേത്രമാണ് ജനാർദ്ദനസ്വാമി ക്ഷേത്രം.

വർക്കല ജനാർദ്ദനസ്വാമി ക്ഷേത്രം, പാപനാശം, തീർത്ഥസ്ഥാനം, വർക്കല ബീച്ച്, പാപനാശം ബീച്ച്, ശിവഗിരി മഠം , പൊന്നും തുരുത്ത് ദ്വീപ് , ശ്രീ നാരായണഗുരു സമാധി , കണ്വമല എന്നിവയൊക്കെ വർക്കലയുടെ സവിശേഷതകളാണ്. ഇന്ത്യയിലെ പ്രധാനപ്പെട്ട പത്തു ബീച്ചുകളിലൊന്നാണ് വർക്കല ബീച്ച്.

ഒരു ജാതി, ഒരു മതം, ഒരു ദൈവം മനുഷ്യന്, മതമേതായാലും മനുഷ്യൻ നന്നായാൽ മതി എന്ന് മാനവസമൂഹത്തെ ഉദ്ബോധിപ്പിച്ച ഹിന്ദു സന്യാസിവര്യനാണ് ശ്രീ നാരായണ ഗുരുദേവൻ., ശ്രീ രാമകൃഷ്ണ പരമഹംസൻ, ശങ്കരാചാര്യ സ്വാമികൾ, ചട്ടമ്പി സ്വാമികൾ എന്നീ മഹാത്മാക്കൾ അരുളിച്ചെയ്ത സിദ്ധാന്തങ്ങളെ പിന്തുടർന്ന് പാരമ്പരാഗതരീതിയിലുള്ള വിശാലമായ ഹിന്ദു പാരമ്പര്യമാണ് ശ്രീനാരായണ ഗുരുവും പിന്തുടർന്നത്. അഹിംസയെ ഹിന്ദുക്കൾ പരമധർമ്മമായി കരുതുന്നു. ശ്രീ നാരായണ ഗുരുവും അഹിംസാസിദ്ധാന്തം തന്നെയാണ് തിരഞ്ഞെടുത്തത്. ഓരോ മതവിഭാഗക്കാരും തങ്ങളുടെ മതത്തിൽ വിശ്വസിച്ചാലേ നന്നാവൂ എന്ന് പറയുമ്പോൾ മതമേതായാലും മനുഷ്യൻ നന്നായാൽ മതി എന്നാണ് അദ്ദേഹം ജനങ്ങളെ ഉദ്ബോധിപ്പിച്ചത്. വയൽവാരത്തു വീട്ടിൽ നാണു കഠിനമായ ഹിന്ദു ധർമ്മാനുഷ്ഠാനങ്ങളിലൂടെ, തപശ്ചര്യകളിലൂടെ സന്യാസി വര്യനായി, ശ്രീനാരായണ ഗുരു ദേവനായി വർക്കലയിലെ ശിവഗിരിമഠത്തിനു സമീപം ശിവഗിരികുന്നിന്റെ നിറുകയിൽ അന്ത്യ വിശ്രമം കൊള്ളുന്നു. വർക്കല ജനാർദ്ദനസ്വാമി ക്ഷേത്രം, പാപനാശം, തീർത്ഥസ്ഥാനം, ശിവഗിരിമഠം എന്നിവയാണ് വർക്കല എന്ന പ്രദേശത്തിന് ഖ്യാദി നേടിക്കൊടുക്കുന്നത്. ഇന്നത്തെ വർക്കല ടൗണിൽ നിന്നും ഒന്നരകിലോമീറ്റർ പടിഞ്ഞാറായിട്ടാണ് ജനാർദ്ദനസ്വാമിക്ഷേത്രം സ്ഥിതി ചെയ്യുന്നത്. തെക്കിന്റെ കാശിയെന്നും വർക്കല അറിയപ്പെടുന്നുണ്ട്.

കടലിനോടു ചേർന്ന് സാമാന്യം ഉയർന്ന ഒരു കുന്നിലാണ് വർക്കല ജനാർദ്ദനസ്വാമി ക്ഷേത്രംസ്ഥിതിചെയ്യുന്നത് നാരദ മഹർഷിയുമായി ബന്ധപ്പെട്ടതാണ് ഈ ക്ഷേത്രത്തിന്റെയും വർക്കലയുടെയും ഐതീഹ്യം. നാരദ മഹർഷി തന്റെ വൽക്കലം വലിച്ചെറിഞ്ഞ സ്ഥലമാണ് വർക്കല എന്നറിയപ്പെട്ടത് എന്നാണ് വിശ്വാസം

വർക്കലയിലെ മഹാവിഷ്ണു ഭഗവാൻ ജനാർദ്ദനനാണ്. ദുഷ്ടജനങ്ങളെ അർദ്ദിക്കുന്നവനാണ് ജനാർദ്ദനസ്വാമി. ദസ്യുക്കൾക്കു ഭയമുണ്ടാക്കുന്നവനാണ് ജനാർദ്ദനസ്വാമിയെന്നാണ് മഹാഭാരതത്തിൽ പറയുന്നത്.

കടലിന്റെ നടുവിൽ വസിച്ചിരുന്ന ജനന്മാർ എന്ന അസുരസമൂഹത്തെ അർദ്ദിച്ചവനാണ് ജനാർദ്ദനസ്വാമി . മഹാവിഷ്ണു ഭഗവാൻ ദുഷ്ടന്മാരായ അസുരന്മാരെ അമർച്ച ചെയ്തപ്പോൾ വരുണദേവന് അത് അത്ര ഇഷ്ടപ്പെട്ടില്ല. വരുണദേവൻ ജനാർദ്ദനക്ഷേത്രത്തെ മുക്കികളഞ്ഞു എന്നാണ് ഐതിഹ്യം. ഒരിക്കൽ ബ്രഹ്മാവ് ദേവന്മാരെ മനുഷ്യരായി ജനിക്കട്ടെ എന്നു ശപിച്ചു. ശാപമോക്ഷർത്ഥം ദേവന്മാർ മഹാവിഷ്ണുവിനെ പ്രാർത്ഥിച്ചു വരുണദേവൻ പ്രളയത്തിൽമുക്കിക്കളഞ്ഞ ജനാർദ്ദനക്ഷേത്രത്തെ വീണ്ടെടുത്തു എന്നും വിശ്വസിക്കുന്നു.

പരമഭക്തനും ശ്രുതിമധുരമായി തംബുരുമീട്ടി പാടുവാൻ കഴിവുമുള്ള നാരദമഹർഷി ഒരിക്കൽ നാരായണസ്തുതികൾ ശ്രുതിമധുരമായി പാടിക്കൊണ്ട് ബ്രഹ്മലോകത്തേയ്ക്കു യാത്ര തിരിച്ചു. അതിമനോഹരമായ ആ നാദധാരയിൽ ലയിച്ചു വിഷ്ണുഭഗവാനും നാരദമഹർഷിയുടെ പിന്നാലെചെന്നു രണ്ടുപേരും ബ്രഹ്മലോകത്തെത്തി ബ്രഹ്മാവിനെ കണ്ടപ്പോൾ നാരദമഹർഷി പിതാവിന്റെ പാദങ്ങളിൽ നമസ്കരിച്ചു. വിഷ്ണുഭഗവാന്റെ സാനിദ്ധ്യംകൊണ്ട് ബ്രഹ്മാവ് മഹാവിഷ്ണുവിനെയാണ് കണ്ടത്. പുത്രൻ നമസ്കരിക്കുന്നത് ശ്രദ്ധിച്ചില്ല, ബ്രഹ്മാവ് വിഷ്ണുവിനെ സാഷ്ടാംഗം നമസ്കരിച്ചു. മഹാവിഷ്ണു പെട്ടന്ന് അവിടെനിന്നും അപ്രത്യക്ഷമാവുകയും ചെയ്തു. ഈ സമയം അവിടെയുണ്ടായിരുന്ന മറ്റു ദേവതകൾക്കു ഒന്നും മനസ്സിലായില്ല. മകന്റെ പാദങ്ങളിൽ പിതാവു നമസ്കരിക്കുന്നതാണ് അവർ കണ്ടത്. അച്ഛൻ മകന്റെ പാദങ്ങളിൽ നമസ്കരിക്കുന്നതായി തെറ്റിദ്ധരിച്ച ദേവതകൾ ബ്രഹ്മാവിനെ പരിഹസിച്ചു. ഈ പരിഹാസം ബ്രഹ്മാവിനെ കുപിതനാക്കി. കോപത്താൽ ബ്രഹ്മാവ് ദേവന്മാരെ മാനവരായി ഭൂമിയിൽ പിറക്കട്ടെയെന്നു ശപിച്ചു. ശാപവചസ്സുകൾ കേട്ട് ദേവന്മാർ ഞെട്ടിപ്പോയി. ശാപമോക്ഷം നൽകുവാനപേക്ഷിക്കാനുള്ള അവസരം നൽകാതെ ബ്രഹ്മാവ് അപ്രത്യക്ഷമാവുകയും ചെയ്തു. ശാപഫലം അനുഭവിക്കാതെ നിവർത്തിയില്ലെന്നു മനസ്സിലാക്കിയ ദേവന്മാരും വിഷമിച്ചു. ദേവന്മാരുടെ ഈ ദുരവസ്ഥക്ക് താനും കരണക്കാരനാണല്ലോ എന്നോർത്ത് നാരദമഹർഷിയും ദുഃഖിച്ചു. അവരെ എങ്ങനെയെങ്കിലും സഹായിക്കണം എന്ന് നാരദമഹർഷി കരുതി. അദ്ദേഹം തന്റെ വൽക്കലം ഭൂമിയിലേക്കു വലിച്ചെറിഞ്ഞു ആ വൽക്കലം ചെന്നു പതിച്ച സ്ഥലമാണ് വർക്കല എന്നപേരിലറിയപ്പെടുന്നത്. ശാപഗ്രസ്ഥരായ ദേവന്മാരോട് തന്റെ വൽക്കലം ചെന്നുപതിച്ച സ്ഥലത്തു പോയി ജീവിച്ചു ശാപമോക്ഷം നേടിക്കൊള്ളുവാൻ നാരദമഹർഷി ഉപദേശിച്ചു. വൽക്കലം പതിച്ച സ്ഥലത്തു വന്ന് ബ്രഹ്മശാപത്താൽ മനുഷ്യരായി പിറന്ന ദേവന്മാർ മഹാവിഷ്ണുവിനെ പ്രാർത്ഥിച്ചു. മഹാവിഷ്ണുഭഗവാൻ വരുണദേവൻ കടലിൽ മുക്കികളഞ്ഞ ക്ഷേത്രത്തെ കടലിൽനിന്നും വീണ്ടെടുത്ത് ജനന്മാരെന്ന അസുരന്മാരെ നിഗ്രഹിച്ച ജനാർദ്ദന സാന്നിദ്ധ്യമരുളി ആശ്വസിപ്പിച്ചു. ഈ സമയത്ത് വർക്കലയിൽ ജലക്ഷാമം രൂക്ഷമായി. മനുഷ്യരായി പിറന്ന ദേവന്മാരുൾപ്പെടെ ദാഹജലത്തിനായി എല്ലാവരും വലഞ്ഞു. വിഷ്ണുഭഗവാൻ തന്റെ ചക്രായുധമെറിഞ്ഞു ആ പ്രദേശം ജലസമൃദ്ധമാക്കി. ഇതാണ് വർക്കലയിലെ ചക്രതീർത്ഥ ഉത്ഭവത്തിന്റെ ഐതിഹ്യം. വർക്കലയിലെ മറ്റൊരു തീർത്ഥസ്ഥാനമായ പാപനാശതീർത്ഥം ബ്രഹ്മാവ് നൽകിയതാണ് എന്നും വിശ്വസിക്കുന്നു. ദേവന്മാരെ കോപത്താൽ ശപിച്ചു ഭുമിയിലേക്കയച്ച ബ്രഹ്മാവിന് മനുഷ്യരായി പിറന്ന അവരോടു ദയ തോന്നുകയും അവർക്കായി കനിഞ്ഞുനൽകിയതാണ് പാപനാശതീർത്ഥസ്ഥാനം.പിതൃകർമ്മങ്ങൾക്ക്

കേരളത്തിലെ പ്രധാനപ്പെട്ട ഒരു സ്ഥാനമാണ് പാപനാശതീർത്ഥം. കർക്കിടകവാവുദിനം ഇവിടെ പിതൃകർമ്മങ്ങളനുഷ്ഠിക്കുന്നത് പിതൃമോക്ഷദായകമായി വിശ്വസിക്കുന്നു. ധാരാളം ആളുകൾ ഇവിടെ ബലികർമ്മങ്ങളനുഷ്ഠിക്കുവാൻ എത്താറുണ്ട്.

വർക്കലയിൽ ജനാർദ്ദനക്ഷേത്രം പാണ്ഡ്യ രാജാക്കന്മാരുടെ കാലത്തു നിർമ്മിച്ചതാണ് എന്ന് ചരിത്രകാരന്മാർ രേഖപ്പെടുത്തിയിട്ടുണ്ട്. മധുരൈ കാഞ്ചിയിലെ ചക്രവർത്തിയായിരുന്ന നെടുഞ്ചെഴിയൻ മൂന്നാമൻ സംഘകാലത്തെ പ്രസിദ്ധനായ പാണ്ഡ്യരാജാവായിരുന്നു .അദ്ദേഹം ജീവിച്ചിരുന്നത് മൂന്നാം നൂറ്റാണ്ടിലാണെന്ന് ചരിത്രം പറയുന്നു. സമുദ്രത്തിലാണ്ടുപോയ ആ ക്ഷേത്രത്തെ പുനർനിർമ്മിക്കുവാൻ ശുക്രയശസ്സ് എന്ന പാണ്ട്യരാജാവിന് ഭഗവാന്റെ അരുളപ്പാടുണ്ടായി. അദ്ദേഹം ക്ഷേത്രം പുനർനിർമ്മിച്ചു. ക്ഷേത്രത്തിന്റെ പണികളെല്ലാം പൂർത്തിയാക്കിയെങ്കിലും പ്രതിഷ്ഠിക്കുവാനുള്ള വിഗ്രഹം എങ്ങും ലഭിച്ചില്ല. ഈ സമയത്ത് സമുദ്രത്തിൽ ഒരു വിഗ്രഹം പൊങ്ങി വന്നതായും ആ വിഗ്രഹം താന്ത്രിക വിധിപ്രകാരം ശുഭമുഹൂർത്തത്തിൽ ക്ഷേത്രത്തിൽ പ്രതിഷ്ഠിച്ചുവെന്നുമാണ് ഐതീഹ്യം. വൈഷ്ണവ ക്ഷേത്രങ്ങൾ മിക്കതും ശ്രീകൃഷ്ണ ക്ഷേത്രമായാണ് നമ്മുടെ ഇടയിൽ അറിയപ്പെടുന്നത്. എന്നാൽ വർക്കലയിൽ ഭഗവാനെ ജനാർദ്ദന സ്വാമി എന്നാണറിയപ്പെടുന്നത്. അതുതന്നെയാണ് ഈ ക്ഷേത്രത്തിന്റെ പ്രത്യേകതയും. സാമാന്യം നല്ല ഉയരത്തിൽ സ്ഥിതിചെയ്യുന്ന ഈ ക്ഷേത്രത്തിലേക്ക് കടക്കുമ്പോൾ ഇടതുഭാഗത്തായി പരമശിവനും വലതുഭാഗത്ത് അല്പം പിന്നിലായി ഗണപതിയേയും പ്രതിഷ്ഠിച്ചിരിക്കുന്നു. നാലമ്പലത്തിലേക്കു കടക്കുമ്പോൾ ചതുരാകൃതിയിലുള്ള ബലിക്കൽപുരയുടെ മച്ചിൽ തടിയിൽ കൊത്തുപണികളോടെ മനോഹരമാക്കിയ വിഗ്രഹങ്ങളെ കാണാം. കേരളിയ വാസ്തു ശൈലിയിലാണ് ബലിക്കൽ പുര നിർമ്മിച്ചിരിക്കുന്നത്. ചതുരാകൃതിയിലുള്ള ശ്രീകോവിലിന്റെ മേൽക്കൂര ചെമ്പു മേഞ്ഞതാണ്. നാലമ്പലത്തിലേക്കു കടക്കുമ്പോൾ ഹനുമാനെയും, ഗരുഡനേയും കാണാം. ഉള്ളിലായി ശ്രീദവിയേയും ഭൂദേവിയേയും കാണാം. ക്ഷേത്ര കൊടിമരത്തിനടുത്തു മുന്നിലായി ഒരു ചെറിയ സർപ്പക്കാവെന്നുതോന്നുംവിധമുള്ള സ്ഥലത്ത് നാഗദേവതകൾക്ക് സ്ഥാനം നൽകിയിരിക്കുന്നു. സാധാരണ ക്ഷേത്രനിർമ്മിതികളിൽ നിന്നും വളരെ വ്യത്യസ്ഥമായ രീതിയിലാണ് ക്ഷേത്രം നിർമ്മിച്ചിട്ടുള്ളത്. ഈ ക്ഷേത്രത്തിന്റെ ഭരണാധികാരിയായിരുന്ന ഉമയമ്മറാണിയാണ് ഈ രീതിയിൽ ക്ഷേത്രം പുനർനിർമ്മിച്ചതെന്ന് ചരിത്ര രേഖകൾ പറയുന്നുണ്ട്.

ക്ഷേത്രത്തിന്റെ മദ്ധ്യഭാഗത്തായി അല്പം ചരിത്രകഥകൾ പറയുന്ന ഒരു കൂറ്റൻ മണി കാണാം. വർക്കലയിലെ വലിയ മണി ജനാർദ്ദന ക്ഷേത്രത്തിന്റെ ഒരു സവിശേഷഘടകമാണ്. വിദേശികളുമായുള്ള സൗഹൃദത്തിന്റെ കഥ പറയുന്ന മണിയാണിത്. ഈ കൂറ്റൻ മണിയിൽ 1757 എന്ന് ആലേഖനം ചെയ്തിരിക്കുന്നതുകാണാം. ഇത് ഈ മണി നിർമ്മിച്ച വർഷത്തെ സുചിപ്പിക്കുന്നു എന്ന് വിശ്വസിക്കാം. ലാറ്റിൻ ഭാഷയിൽ എന്തോ രേഖപ്പെടുത്തിയിട്ടുമുണ്ട്. പണ്ട് കടൽ മാർഗ്ഗം സഞ്ചരിച്ചിരുന്ന ഒരു ഡച്ചു കപ്പൽ ജനാർദ്ദനസ്വാമി ക്ഷേത്രത്തിനു സമീപമെത്തിയപ്പോൾ നിശ്ചലമായി. എത്ര പരിശ്രമിച്ചിട്ടും കപ്പൽ അവിടെനിന്നും ചലിപ്പിക്കാൻ കഴിഞ്ഞില്ല. കപ്പലിന്റെ ക്യാപ്റ്റൻ തീരത്തെത്തി ജനാർദ്ദന സ്വാമിക്ഷേത്രത്തെക്കുറിച്ചും തീരദേശത്തെക്കുറിച്ചുമുള്ള വിവരങ്ങൾ പ്രദേശവാസികളോട് ചോദിച്ചു മനസ്സിലാക്കി. അദ്ദേഹം കപ്പലിലേക്ക് തിരിച്ചുപോയി. കപ്പലിൽ തൂക്കിയിരുന്ന കൂറ്റൻ മണികൊണ്ടുവന്നു ക്ഷേത്രത്തിൽ കാണിക്കയായി സമർപ്പിച്ചു. പിന്നീട് കപ്പൽ ചലിപ്പിക്കുവാൻ സാധിക്കുകയും ചെയ്തു. ഡച്ചുകാർ പിന്നീട് അഞ്ചുതെങ്ങ് എന്ന സ്ഥലത്ത് ഒരു കമ്പിനി തുടങ്ങുകയും ചെയ്തു. അവർക്കു

# അമ്മ

**വിജി പാഴൂർ – 9447696190**

ഭൂമി മാതാവിനെ വന്ദിക്കാമാദ്യമായ്
ഏറ്റം ക്ഷമാശീലയാകും ധരിത്രിയെ
മാറിൽച്ചവിട്ടി മദിച്ചു നടന്നാലും
മാറോടണയ്ക്കുന്ന സ്നേഹ വാത്സല്യത്തെ.
ആത്മബന്ധങ്ങളിലേററം മഹത്തരം
അമ്മതൻ ബന്ധമാണെന്നുമെന്നും
പൊക്കിൾക്കൊടിയുമായ് ചേർന്നു കിടക്കുന്നു
പത്തുമാസക്കാലമുദരത്തിലും നമ്മൾ.
ഭൂമിയിലെത്തിയാലമ്മിഞ്ഞപ്പാലിനാൽ
സ്നേഹാമൃതൂട്ടി വളർത്തുന്നതമ്മയും
കൈയു വളരുന്നോ കാലു വളരുന്നോ,
പിന്നെപ്പതിയെ നടത്തുന്നതച്ഛനും.
കുഞ്ഞുവിശന്നു കരയുമ്പോഴമ്മതൻ
നെഞ്ചിലെ പാലു ചുരത്തുമറിയാതെ
മാറോടു ചേർത്തവൾ കൊഞ്ചിച്ചുകുഞ്ഞിനെ
വാരിളം ചുണ്ടിലമൃതു നൽകീടുന്നു.

പിഞ്ചിളംചുണ്ടിലമ്മിഞ്ഞ നൽകിയിട്ട
മ്മ പുൽകിയുറക്കുന്നു കുഞ്ഞിനെ
കുഞ്ഞിന്റെ കണ്ണുകൾ കൂമ്പിയടയുമ്പോൾ
എന്തൊരു നിർവൃതിയാണാ വദനത്തിൽ.
പാട്ടുപാടനറിയാത്തൊരമ്മയും
താരാട്ടുപാടിയുറക്കുമാ കുഞ്ഞിനെ
കണ്ണിമ ചിമ്മാതെ നുള്ളി നോവിക്കാതെ
കന്മണിക്കായി തൻജീവശ്വാസം പോലും.
ഊണുമുറക്കവുമുപേക്ഷിച്ചു മക്കളെ
വാത്സല്യമോടെ വളർത്തി വലുതാക്കും
അമ്മയ്ക്കു തുല്യമായൊന്നുമേ ഭൂമിയിൽ
ഇല്ലെന്നറിയുക സ്നേഹമായ് വാഴുക.
തെറ്റുകൾ ചെയ്തെന്നാൽ ശാസിക്കുമെങ്കിലും
പെറ്റവയറു ശപിക്കില്ലൊരിക്കലും
മക്കൾ വളർന്നു വടവൃക്ഷമായാലും
മക്കളന്നും കുഞ്ഞുമക്കൾ തന്നമ്മയ്ക്ക്.

---

കമ്പിനി തുടങ്ങുവാനുള്ള പ്രചോദനം ഉണ്ടായത് ഈ സംഭവത്തിൽ നിന്നാണ് എന്ന് ചരിത്രത്താളുകളിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

ജനാർദ്ദനസ്വാമി ക്ഷേത്രത്തിലേക്കുള്ള പ്രവേശനകവാടത്തിന്റെ ഇടതുവശത്തായി സാമാന്യം വലിയ ഒരു ശാസ്താക്ഷേത്രമുണ്ട്. ഇവിടെ തൊഴുതശേഷമാണ് മുകളിലേക്കു കടന്നു ജനാർദ്ദനസ്വാമിക്ഷേത്രത്തിലെത്തേണ്ടത് .സാധാരണ വിഷ്ണുക്ഷേത്രങ്ങളിലെ വഴിപാടുകളാണ് ഇവിടെയും പ്രധാനം. പാൽപ്പായസമാണ് ഭഗവാന്റെ പ്രധാന നിവേദ്യം. പിതൃദോഷങ്ങൾ, കുടുംബദോഷങ്ങൾ എന്നിവക്ക് ഇവിടെ പ്രത്യേക വഴിപാടുകളുണ്ട്. ജനാർദ്ദനസ്വാമിയെ തൊഴുത് പിതൃമോക്ഷദായകമായ പാപനാശതീർത്ഥത്തിൽ സ്നാനവും പിതൃകർമ്മങ്ങളും നടത്തി പിതൃക്കളുടെ അനുഗ്രഹവും വാങ്ങിവരാൻ വർക്കലയിലേക്ക് ഒന്നുപോകാം. പൂർവ്വജന്മത്തിലെ പുണ്യപാപങ്ങളുടെ ഫലമായി ഈ ജന്മത്തിൽ കഷ്ഠതകളും, പീഡനങ്ങളും അനുഭവിക്കുമ്പോൾ ആത്മാർത്ഥതയോടെ ഭഗവാനു മുന്നിൽ സമർപ്പണം നടത്തിയാൽ സകല വിഷമതകളേയും സഹിക്കാനും അവയെ തരണം ചെയ്യുവാനുമുള്ള ശക്തി നമുക്ക് പ്രാപ്തമാകും. ദുഃഖമോചനത്തിനുള്ള ഏകമാർഗ്ഗം ഭഗവത്കൃപ തന്നെ അത് നേടണമെങ്കിൽ ഭക്തിയിലുറച്ച വിശ്വസവും സമർപ്പണവും വേണം.

ദുരിത മോചനത്തിനായി ബ്രഹ്മശാപഫലമായി മനുഷ്യരായി ജനിച്ച ദേവന്മാരെപ്പോലെ ഭഗവത്പാദാരവിന്ദങ്ങളിൽ അഭയം തേടാം. ജനാർദ്ദനസ്വാമിയെ ഭക്തിപൂർവ്വം ഭജിക്കാം, അഭയം പ്രാപിക്കാം.

*******

യാത്രാ വിവരണം

# കിഴക്കൻ യൂറോപ്യൻ രാജ്യങ്ങളിലൂടെ ......

ഭവാനി.കെ. - 9895071101

തുടർച്ച.....

മൂന്നാം ദിവസമായ ഏപ്രിൽ 27-നു സാല്സ് ബർഗ് (Salzburg) ലേയ്ക്കുള്ള യാത്രയുടെ ആകാംക്ഷയോടെയായിരുന്നു തുടക്കം. Mozart ന്റെ ജന്മസ്ഥലം കാണുവാനായി പോകുകയെന്നുള്ളതായിരുന്നു അന്നത്തെ യാത്രയിലെ ആകർഷണീയത. 1776 -ജനുവരി 27ാം തിയതി ആയിരുന്നു Salzburg -ൽ അതിപ്രസിദ്ധനായ ഈ സംഗീത സംവിധായകൻ ജനിച്ചത്. ലോക ടൂറിസം ചരിത്രത്തിൽ ഏറ്റവും കൂടുതൽ ആളുകൾ സന്ദർശിച്ചിട്ടുള്ള വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ ഒന്നാണ് ഈ മഹാന്റെ ജന്മസ്ഥലം. ഇവിടെ എടുത്തു പറയേണ്ട ഒരു പ്രത്യേകത ഈ സ്ഥലങ്ങളിലെല്ലാം കാണുന്ന സഞ്ചാരികളുടെ അച്ചടക്കവും പരിസരശുചിത്വവുമാണ്. എല്ലാ സ്ഥലങ്ങളിലും ക്യാമറകൾ ഉണ്ടായിരുന്നെങ്കിലും ഒരൊറ്റ പോലീസുകാരനെപ്പോലും യാത്രക്കാരെ നിയന്ത്രിക്കുന്നതിനുവേണ്ടി നിയോഗിക്കപ്പെട്ടിട്ടില്ലായിരുന്നു എന്നത് ഒരു അദ്ഭുതം തന്നെ ആയിരുന്നു. സൗണ്ട് ഓഫ് മ്യൂസിക് (Sound of Music) സിനിമയിലൂടെ പ്രസിദ്ധമായിത്തീർന്ന Salzburg കത്തീഡ്രൽ ആണ് അടുത്തതായി ഞങ്ങൾ സന്ദർശിച്ചത്. ഈ സിനിമ ഷൂട്ടിംഗ് നടന്ന സ്ഥലം അതിന്റെ പ്രകൃതി ഭംഗികൊണ്ട് ആരെയും വിസ്മയിപ്പിക്കുന്നതാണ്. മദ്ധ്യാഹ്നം വരെ ഇവിടുത്തെ കാഴ്ചകൾ കണ്ട ശേഷം മീരാബെൽ (Mirabell) കത്തീഡ്രൽ കാണുവാനായി പുറപ്പെട്ടു. ഈ കത്തീഡ്രലിൽ നടന്നുകൊണ്ടിരിന്ന ഒരു യഥാർത്ഥ മ്യൂസിക് Concert നെ അല്പ സമയം കാണുവാനുള്ള ഭാഗ്യവും ഞങ്ങൾക്ക് ലഭിച്ചു. കത്തീഡ്രലിലുള്ള അതിസുന്ദരമായ മാർബിൾ ഹാൾ ആർച്ചു ബിഷപ്പന്മാരുടെ സല്ക്കാരമുറിയായിരുന്നു ഒരിക്കൽ. അതെ സ്ഥലത്തെ തന്നെയാണ് ഇന്ന് ലോകത്തിലെ അറിയപ്പെടുന്ന അതിസുന്ദരമായ Concert ഹാൾ ആക്കി മാറ്റിയിരിക്കുന്നത്. Salzburg ലെ പ്രസിദ്ധ ടൂറിസ്റ്റ് കേന്ദ്രമായ മീരാബെൽ ഗാർഡൻസിലേക്കായിരുന്നു ഞങ്ങളുടെ അടുത്ത യാത്ര. വരിവരിയായി പൂക്കൾ വിരിഞ്ഞുപരിലസിച്ചു നിൽക്കുന്ന ഈ പൂന്തോട്ടം പ്രകൃതി സൗന്ദര്യത്തിന്റെ ഒരു അഭൗമ കാഴ്ച തന്നെയായിരുന്നു. സൗണ്ട് ഓഫ് മ്യൂസിക് എന്ന സിനിമയുടെ മറ്റൊരു ഷൂട്ടിംഗ് ലൊക്കേഷനായിരുന്നു ഇവിടം. ഇതോടുകൂടി അന്നത്തെ യാത്രയ്ക്ക് വിരാമമിട്ടുകൊണ്ട് ഞങ്ങൾ ഹോട്ടലിലേയ്ക്ക് മടങ്ങി.



Mozart -ന്റെ ജന്മസ്ഥലത്ത്.

നാലാം ദിവസമായ ഏപ്രിൽ 28-ാം തിയതി രാവിലെ പ്രഭാത ഭക്ഷണത്തിനു ശേഷം ഹോട്ടലിൽ നിന്നും ചെക്ക്ഔട്ട്ചെയ്ത് Slovenia യുടെ തലസ്ഥാനമായ Ljubljana ലേക്കുള്ള 5-1/2 മണിക്കൂർ നീണ്ട യാത്രയ്ക്കായി പുറപ്പെട്ടു. സ്ലോവേനിയയിലെ ഏറ്റവും വലിയ നഗരമാണ് Ljubljana- Ljubljana എന്ന സ്ലോവേനിയൻ വാക്കിന്റെ അർത്ഥം പ്രിയപ്പെട്ടത് എന്നാണ്. ഇന്ന് റിപ്പബ്ലിക്ക് ഓഫ് സ്ലോവേനിയ എന്നറിയപ്പെടുന്ന ഈ പ്രദേശത്തിന്റെ പൂർവ്വ നാമം ചെക്കോസ്ലോവാക്കിയ എന്നായിരുന്നു സ്ലോവേനിയ അതിന്റെ മഞ്ഞു മലകളുടെയും, ഹരിതതടാകങ്ങളുടെയും, കായലുകളുടെയും, നദികളുടെയും, ഗുഹകളുടെയും ഒക്കെ മനോഹാരിതകൊണ്ട് ഏറെ പ്രസിദ്ധമാണ് Ljubljana യിലേക്കു ആവശ്യമുള്ള ജലം മുഴുവൻ ലഭിക്കുന്നത് സാവാ (SAVA)


നദിയിൽ നിന്നുമാണ്. ഇത് ഒരു സുന്ദരമായ ജനസൗഹൃദ നഗരമാണ്. അവിടെയുള്ള കെട്ടിടങ്ങളിലെ കൊത്തുപണികളും ശില്പചാരുതയും ആരെയും ആകർഷിക്കുന്നതാണ്. അവിടെയുള്ളവരിൽ ഭൂരിഭാഗം ആളുകളും ക്രിസ്തുമതവിശാസികളാണെങ്കിലും ആരെയും നിർബദ്ധിച്ച് വിശ്വാസികളാക്കുന്നില്ല. ഈ നാട്ടിലെ ഏറ്റവും വലിയ വ്യവസായം ടൂറിസവുമായി ബന്ധപ്പെട്ട സേവനമേഖലയാണ്. പലരാജ്യങ്ങളിൽനിന്നും വിദ്യാഭ്യാസത്തിനും മറ്റുമായി ഇവിടെ എത്തിച്ചേർന്നിട്ടുള്ള വിദ്യാർത്ഥികളടക്കമുള്ള ഒരു സമ്മിശ്ര ജനസഞ്ചയമാണിവിടെയുള്ളത്. ഇവിടെ ഉപരിപഠനത്തിന് എത്തിയ രണ്ടു ആലപ്പുഴക്കാരായ മലയാളികളെയും അവിടെ വെച്ച് കാണുവാൻ കഴിഞ്ഞത് ഏറെ സന്തോഷം പകരുന്നതായിരുന്നു. രാജ്യത്തിന്റെ പ്രധാന ഭരണാധികാരി പ്രധാനമന്ത്രിയാണ്. അദ്ദേഹത്തിന്റെ ഓഫീസ് പുറത്തുനിന്നും ഞങ്ങൾ കാണുകയും ചെയ്തു.



Sound of Music -ഷൂട്ടിംഗ് നടന്ന സ്ഥലം

പൊതുജനാരോഗ്യ പരിപാലന കാര്യത്തിൽ അവിടുത്തെ സർക്കാർ അതീവ ശ്രദ്ധാലുക്കളാണ്. അതുകൊണ്ടുതന്നെ കിഴക്കൻ യൂറോപ്പിലെ ഏറ്റവും നല്ല വികസിത നഗരവും Ljubljana തന്നെയാണ്. സ്ലോവേനിയയുടെ സാംസ്കാരിക തലസ്ഥാനവും Ljubljana തന്നെയാണ്. ഒരു മലമുകളിൽ സ്ഥിതിചെയ്യുന്ന ജുബൈനകൊട്ടാരം അന്ന് വൈകുന്നേരം സന്ദർശിക്കുവാനുള്ള ഭാഗ്യവും ഞങ്ങൾക്ക് ലഭിച്ചു. അവിടെയുള്ള ഒരു മിനി ട്രെയിനിൽ യാത്രചെയ്തു നഗരക്കാഴ്ചകൾ മുഴുവനും ആസ്വദിക്കുവാൻ സാധിച്ചു. കൊട്ടാരത്തിനോട് ചേർന്നുള്ള കാഴ്ചബംഗ്ലാവ് ശരിക്കും അത്ഭുതപ്പെടുത്തുന്നതുതന്നെ ആയിരുന്നു. അവിടെയുള്ള ഒരു വലിയ പ്രത്യേകത ശബ്ദമലിനീകരണവും, ട്രാഫിക് ബ്ലോക്കും ഒഴിവാക്കുന്നതിനുവേണ്ടി വലിയ വണ്ടികൾക്ക് നഗരത്തിനുള്ളിലേയ്ക്കു പ്രവേശനം നിരോധിച്ചിരിക്കുന്നു എന്നതാണ്. നഗരപരിധിക്ക് പുറത്താണ് വലിയവണ്ടികൾക്കു പാർക്ക് ചെയ്യാനുള്ള സൗകര്യം ഒരുക്കിയിരിക്കുന്നത്. ഇവിടെയും സൗകര്യം ലഭിക്കുന്നതിന് നേരത്തെ ബുക്കുചെയ്യേണ്ടതാണ്, അന്നത്തെ കാഴ്ചകൾക്ക് ശേഷം നഗരപരിധിയ്ക്കു പുറത്തു പാർക്കുചെയ്തിരുന്ന ഞങ്ങളുടെ ബസ്വരെ എത്തുന്നതിനുവേണ്ടിയുള്ള നീണ്ടനടപ്പോടുകൂടി ബസ്സിലെത്തി. Four Points By Sheraton എന്ന ഹോട്ടലിലേക്ക് മടക്കം.

## അഭിനന്ദനങ്ങൾ



150 വർഷം പഴക്കമുള്ള മഹാരാജാസ് കോളേജിലെ പൂർവവിദ്യാർഥി സംഘടനയായ മഹാരാജാസ് കോളേജ് ഓൾഡ് സ്റ്റുഡൻസ് അസോസിയേഷന്റെ 84-മത് വാർഷിക പൊതുയോഗം 2024-2026 വർഷത്തേക്കുള്ള ജനറൽ സെക്രട്ടറി ആയി തെരെഞ്ഞെടുത്ത പ്രസാധകനും സാംസ്കാരിക പ്രവർത്തകനുമായ **സി. ഐ. സി. സി. ജയചന്ദ്രൻ** എറണാകുളം കരയോഗത്തിന്റെ സജീവ അംഗമാണ്.

# സുഭാഷിതം

വിദ്വൽപ്രഭ ജെ.എസ് – 9847537007

നാം പ്രാർത്ഥിക്കുമ്പോൾ നമുക്ക് കിട്ടുന്ന സംതൃപ്തി, ദൃഢനിശ്ചയം ഇവ വാക്കുകൾക്കതീതമാണ്. നോബേൽ ജേതാവ് ഡോ. അലക്സിസ് പറയുന്നത് 'ഒരാൾക്ക് ഉല്പാദിക്കാൻ കഴിയുന്ന ഏറ്റവും ശക്തമായ ഊർജ്ജം പ്രാർത്ഥനയാണ്.' അദ്ദേഹം പലപ്പോഴും തന്റെ ചികിത്സകൾ പരാജയപ്പെട്ടപ്പോൾ പ്രാർത്ഥനയിലൂടെ മാനസികവും ശാരീരികവുമായ അസ്വസ്ഥതയ്ക്കു മോചനം നേടിയ ധാരാളം അനുഭവങ്ങളുണ്ടെന്നു വെളിപ്പെടുത്തുന്നു.

ശാസ്ത്രം എത്ര പുരോഗമിച്ചുവെങ്കിലും അതിനതീതമായ ശക്തിയുണ്ടെന്ന് തെളിയിക്കുന്ന സന്ദർഭങ്ങൾ ഏറെയുണ്ട്. സാമ്പത്തിക ഭദ്രതയും ആഡംബരസുഖങ്ങളുമുള്ളവർ ആശങ്കരും നിരാശരുമാണ് അവർക്കു മനസ്സിനെ നിയന്ത്രിക്കാൻ കഴിയാതെ വരുന്നു. ആത്മഹത്യയെപ്പറ്റിപോലും ചിന്തിച്ചുപോകുന്നു. എല്ലാം കൈവെള്ളയിലാണെന്നു ധരിച്ചാലും അതുകൊണ്ടെത്തിക്കുന്നതു സങ്കടകടലിലാണ്. സമാധാനപരമായി കാര്യങ്ങളെ സമീപിക്കാൻ മനസ്സിനെ പാകപ്പെടുത്തുന്നു. ഏതു പ്രശ്നവും ലഘൂകരിക്കാൻ വേണ്ടത്ര പരിഹാരങ്ങൾ ലഭിക്കുകയും നിഷ്പ്രയാസം അവയെ നേരിടാനുള്ള കരുത്തും ആ അദൃശ്യശക്തിയിൽ നിന്നു ലഭിക്കുന്നുവെന്ന് തെളിയിക്കപ്പെട്ടിട്ടുണ്ട്.

അമേരിക്കയിലെ മിസൂറി എന്ന സ്ഥലത്തെ ഒരു ഗ്രാമീണ കർഷകൻ വളരെ അദ്ധ്വാനിച്ച് കൃഷി ചെയ്തു. പക്ഷേ ഫലമില്ല. കുടുംബം പട്ടിണിയിലായി. സാമ്പത്തികബാധ്യതയിലെത്തി. കഠിനപ്രയത്നം വൃഥാവിലായി. മനസ്സിന്റെ വ്യഥ അയാളെ രോഗബാധിതനാക്കി മാറ്റി എല്ലാത്തിനോടും വിരക്തി. അസുഖം മൂർച്ഛിച്ചു. ജീവിതം തീരാറായി എന്ന് ഡോക്ടർമാർ വിധിയെഴുതി. വെന്തുരുകിയ മനസ്സുമായി ആത്മഹത്യയ്ക്കുവരെ തുനിഞ്ഞു അങ്ങനെ ഗത്യന്തരമില്ലാതെ നിൽക്കെ ഭാര്യയുടെ പ്രാർത്ഥനാനിർഭരമായ വാക്കുകൾ ഓർമ്മയിലെത്തി. ഇപ്രകാരമായിരുന്നു അത് നാം നമ്മുടെ കാര്യങ്ങൾ ദൈവത്തിലർപ്പിച്ച് ആത്മാർത്ഥതയോടെ പ്രാർത്ഥിച്ചാൽ ശുഭപര്യവസായിയാകാൻ ദൈവം തുണയാകും അയാൾ മനംനൊന്ത് ഉള്ളുരുകി പ്രാർത്ഥിച്ചു കാര്യങ്ങൾ എല്ലാം മാറിമറിഞ്ഞു. അദ്ദേഹം എല്ലാ പ്രതിസന്ധികളും തരണം ചെയ്ത് ആരോഗ്യവാനായി സന്തോഷത്തോടെ ശിഷ്ട ജീവിതം നയിച്ചു.

കൗൺസിലിംഗിൽ പ്രഗത്ഭനായ ഡെയിൻ കാർനഗി തന്റെ അമ്മയുടെ പ്രാർത്ഥനയുടെ ശക്തി പലപ്പോഴും തൊട്ടറിഞ്ഞതായി സാക്ഷ്യപ്പെടുത്തുന്നു. മാതാവ് ഒരിക്കലും ആകുലചിത്തയായിരുന്നില്ല .എല്ലാം ദൈവത്തിലർപ്പിച്ച് ജീവിച്ചിരുന്നുവെന്ന് പറയുന്നു. 'അമ്മ ആ മകനെ ഒത്തിരി സ്വാധീനിച്ചിരുന്നു.

ജീവിതത്തിന്റെ സ്വസ്ഥതയ്ക്കും സംതൃപ്തിക്കും ഉത്കർഷത്തിനും ആദ്ധ്യാത്മികചിന്തയ്ക്കു വലിയയൊരു പങ്കുണ്ടെന്നു അദ്ദേഹം ഉറച്ചു വിശ്വസിക്കുന്നു.

ഒരിക്കൽ ഒരാൾ വ്യവസായ പ്രമുഖനായ ഫോർഡുമായി അഭിമുഖം നടത്തി. അദ്ദേഹത്തിന്റെ ഉയർച്ചയുടെ രഹസ്യം എന്താണെന്നു ആരാഞ്ഞു. എപ്പോഴെങ്കിലും ആകുലനായിട്ടുണ്ടോ? മറുപടി ഇപ്രകാരമായിരുന്നു .

'ഒരിക്കലുമില്ല ദൈവമാണ് എല്ലാം നിയന്ത്രിച്ചു നടത്തുന്നത്. ഒരിക്കലും എന്റെ ചിന്തകൾക്ക് സ്ഥാനമില്ല. ഉറച്ച വിശ്വാസമുണ്ട് അദ്ദേഹം നന്മയിലേക്ക് നയിക്കുമെന്ന്' ഈ വാക്കുകൾ നമുക്കും ശക്തി പകരുന്നു

ഇന്ന് നമ്മുടെ സമൂഹം ആശങ്കയും ആകുലതയും നിറഞ്ഞതാണ്. എന്നാൽ ശാശ്വതപരിഹാരം ഈശ്വരനിൽ സർവ്വം അർപ്പിച്ചു പ്രവർത്തിക്കുക എന്നതാണ് നാം പലപ്പോഴും നന്മ കണ്ടറിയാൻ ക്ഷമ കാട്ടാതെ ഇല്ലാത്തതിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു. എന്നാൽ ദൈവമെന്ന ആ അദൃശ്യ ശക്തിയിൽ അഭയം പ്രാപിക്കുന്നവർ വിജയം കൊയ്യും.

റേഡിയം പോലെ സ്വയം പ്രകാശിക്കുന്നതും ഊർജ്ജദായകവുമാണ് പ്രാർത്ഥന.

*******

# കേരളത്തിന്റെ ശാക്തേയ പാരമ്പര്യം. 6

എം.ആർ.എസ് മേനോൻ – 9037126220

(തുടർച്ച)

**3. ദേവീ മാഹാത്മ്യം**

ദുർഗ്ഗാ സപ്തശതി, ചണ്ഡീ എന്നീ പേരുകളിൽ അറിയപ്പെടുന്ന ദേവീ മാഹാത്മ്യം കേരളത്തിൽ പാരായണത്തിന് ഉപയോഗിക്കുന്ന ഒരു ഗ്രന്ഥമാണ് . ബംഗാളിൽ നവരാത്രികാലത്തു കാളി പൂജയ്ക്കും ചണ്ഡീ പാരായണം പ്രധാനമാണ് ഇതിലെ ഓരോ ശ്ലോകവും മന്ത്രമായിട്ടാണ് കണക്കാക്കി വരുന്നത്. ദേവീ മാഹാത്മ്യം കൈയിൽ ഉണ്ടെങ്കിൽ ഭൂതപ്രേതപിശാചുക്കളുടെ ബാധയുണ്ടാകില്ലെന്നാണ് വിശ്വാസം. സൂര്യ കാലടിയുടെ കഥ മലയാളികളുടെ ഇടയിൽ ഏറെ പ്രചാരത്തിലുള്ളതാണ് സൂര്യ കാലടി ഇല്ലത്തെ ഒരു ഭട്ടതിരിയും അദ്ദേഹത്തിന്റെ സുഹൃത്തായ കാഞ്ഞിരക്കാട്ടു നമ്പൂതിരിയും കൂടി ഒരിക്കൽ തൃശ്ശൂർ പൂരം കാണാൻ പോയി. ഇരിഞ്ഞാലക്കുടയ്ക്കടുത്തു ഒരു ഇല്ലത്ത് കയറി സന്ധ്യാവന്ദനവും ഊണും കഴിച്ചു യാത്ര തുടർന്നു യക്ഷിപ്പറമ്പ് എന്ന സ്ഥലത്തെത്തിയപ്പോൾ സർവ്വാംഗസുന്ദരിമാരായ രണ്ടു സ്ത്രികൾ വഴിയിൽ നിൽക്കുന്നത് കണ്ടു. അവർ ഭട്ടതിരിയോടും നമ്പൂതിരിയോടും അസമയത്തു ഈ വഴി അപകടമുള്ളതിനാൽ ആരും നടക്കാറില്ല അതിനാൽ അന്ന് അവരുടെ ഇല്ലത്തു വിശ്രമിച്ചു പോകാം എന്ന് ക്ഷണിച്ചു ഇത് സ്വീകരിച്ചു അവർ കുറച്ചു നടന്നപ്പോൾ ഒരു വലിയ മാളിക കണ്ടു. നാലുപേരും അവിടെയെത്തി രണ്ടുപേരെയും ഓരോ മുറിയിൽ കൊണ്ടു പോയി കിടത്തി രണ്ടു സ്ത്രികളും മുറികളിൽ ചെന്ന് കൂടി. സ്ത്രി സ്പർശിച്ചപ്പോൾ തന്നെ ഭട്ടതിരി ബോധരഹിതനായി അവർ അദ്ദേഹത്തെ ഭക്ഷിക്കാനും തുടങ്ങി കൂട്ടുകാരൻ നമ്പൂതിരിക്കു ദേവീ മാഹാത്മ്യം വായന പതിവുള്ളതിനാൽ ഗ്രന്ഥം കൈയിലുണ്ടായിരുന്നു ഗ്രന്ഥം തലക്കൽ വച്ചാണ് അദ്ദ്യേഹം ഉറങ്ങാറ് ആ സ്ത്രി അടുത്ത് ചെന്ന് ആ ഗ്രന്ഥം മാറ്റി വെയ്ക്കാൻ നിർബന്ധിച്ചെങ്കിലും അദ്ദ്യേഹം തയാറായില്ല അപ്പോഴേക്കും അടുത്ത മുറിയിൽ എല്ലുകൾ പൊട്ടുന്നതിന്റെയും ചോര കുടിക്കുന്നതിന്റെയും ശബ്ദം കേട്ട് നമ്പൂതിരി ഭയപ്പെട്ടു ആ സ്ത്രികൾ യക്ഷികളാണെന്നു മനസ്സിലായി നമ്പൂതിരി ഗ്രന്ഥം മുറുകെ പിടിച്ചിരുന്നു അന്ത്യയാമമായപ്പോൾ ആ സ്ത്രി മുറിയിൽനിന്ന് ഇറങ്ങിപ്പോയി നേരം വെളുത്തപ്പോൾ നമ്പൂതിരി ഒരു കരിമ്പനയുടെ മുകളിലിരിക്കുന്നു. മറ്റേ കരിമ്പനയുടെ ചുവട്ടിൽ ഭട്ടതിരിയുടെ നഖങ്ങളും കുടുമ്മയും മാത്രം കിടക്കുന്നു. ദേവീ മാഹാത്മ്യത്തിന്റെ മഹത്വത്തെ വെളിവാക്കുന്ന പല കഥകളും പ്രാദേശികമായി നിലനിൽക്കുന്നുണ്ട്. ദേവീ മാഹാത്മ്യം എന്ന ഗ്രന്ഥത്തിനു കേരളത്തിൽ ഒരു കാലത്തു എന്ത് പ്രാധാന്യം ഉണ്ടായിരുന്നെന്ന് ഈ കഥ വ്യക്തമാക്കുന്നു.

124 അദ്ധ്യായങ്ങളും 6800 ശ്ലോകങ്ങളും ഉള്ള മാർക്കണ്ഡേയപുരാണത്തിലെ 78 മുതൽ 50 വരെയുള്ള അദ്ധ്യായങ്ങളാണ് ദേവീ മാഹാത്മ്യം. മഹാഭാരതത്തിൽ ഗീതയെന്ന പോലെ ദിവ്യമായ ഈ മന്ത്രഗ്രന്ഥം മാർക്കണ്ഡേയപുരാണത്തിന്റെ മദ്ധ്യത്തിലായി ഘടിപ്പിച്ചിരിക്കുന്നു. വ്യാസശിക്ഷനായ ജൈമിനിക്ക് വ്യാസവിരചിതമായ മഹാഭാരതത്തെപ്പറ്റി ചില സംശയങ്ങൾ ഉണ്ടായി. അദ്ദേഹം സംശയനിവൃത്തിക്കായി മാർക്കണ്ഡേയ മഹർഷിയെ സമീപിച്ചു മഹർഷി ഇതിനുത്തരങ്ങൾക്കായി വിന്ധ്യാ പർവ്വതത്തിലെ ഗുഹയിൽ താമസിക്കുന്ന പിംഗാക്ഷൻ , വിബോധൻ, സുപുത്രൻ , സുമുഖൻ എന്നീ നാലു പക്ഷികളെ സമീപിക്കാൻ ആവശ്യപ്പെട്ടു പക്ഷികൾ എങ്ങനെ ജ്ഞാനികളാകും എന്ന സംശയത്തിന് മഹർ

ഷി അവരുടെ കഥ പറഞ്ഞു ഇന്ദ്രസഭയിൽ രൂപത്തിലും ഗുണത്തിലും ഏറ്റവും ശ്രേഷ്ഠമായവളെ കണ്ടുപിടിക്കാൻ നാരദനിർദ്ദേശമനുസരിച്ചു ദുർവ്വാസാവിനെ ക്ഷോഭിപ്പിക്കാൻ പോയ വപു എന്ന അപ്സര സ്ത്രി ദുർവ്വാസാവിന്റെ ശാപത്താൽ പക്ഷിയായി തീർന്നു കന്ധരൻ എന്ന പക്ഷിയുടെയും പത്നി മദനികയുടെയും പുത്രിയായി ജനിച്ച താർക്ഷിയാണ് ഈ അപ്സരസ്. വേദ വേദാംഗപാരതനായ ദ്രോണർ എന്ന ഖഗോത്തമനാണ് അവളുടെ ഭർത്താവു ശമീക മുനി എടുത്തുവളർത്തിയ ഇവരുടെ മക്കളാണ് വേദ വേദാംഗ ശാസ്ത്രങ്ങൾ അറിയാവുന്ന ഈ പക്ഷികൾ തുടർന്നു ഈ പക്ഷികൾ സംശയ നിവർത്തി വരുത്തുന്നതാണ് മാർക്കണ്ഡയപുരാണത്തിന്റെ പ്രധാന ഭാഗം

ആയിരം മഹായുഗങ്ങൾ ചേർന്നാൽ ബ്രഹ്മാവിന്റെ ഒരു ദിവസം. അപ്പോൾ വാഴുന്ന ബ്രഹ്മാവിന് അമ്പതു വയസ്സ് കഴിഞ്ഞ ആദ്യ ദിവസമാണ്. ബ്രഹ്മാവിന്റെ ഒരു ദിവസം കൽപ്പം എന്ന് പറയുന്നു ശ്വേതവരാഹകൽപ്പമാണ് ഇപ്പൊൾ നടക്കുന്നത് ഈ കൽപ്പത്തിൽ പതിന്നാലു മനുക്കൾ ധർമ്മോപദേശം പറയുന്നു. ഏഴുപത്തിയൊന്നു യുഗങ്ങളാണ് ഓരോ മനുവിന്റെയും ഭരണകാലം ഇതിനു മന്വന്തരം എന്ന് പറയുന്നു. വൈവസ്വത മന്വന്തരത്തിലെ ഇരുപത്തിയെട്ടാമതു ചതുർയുഗത്തിലെ കലിയുഗത്തിലാണ് നാം ജീവിക്കുന്നത്. മനുക്കളിൽ എട്ടാമനായ സൗവർണ്ണിക മനുവിന്റെ ചരിതമാണ് ദേവീ മാഹാത്മ്യം

സ്വാരോചിഷാമന്വന്തരത്തിൽ ചൈത്ര വംശത്തിൽ സുരഥൻ എന്ന ധാർമ്മിഷ്ടനും പ്രജാക്ഷേമ തല്പരനുമായ ഒരു രാജാവ് ഉണ്ടായിരുന്നു. ശത്രൂ സൈന്യം സുരഥന്റെ രാജ്യം ആക്രമിച്ചു കീഴടക്കി. ദുഷ്ടന്മാരായ മന്ത്രിമാരും പുത്രന്മാരും അദ്ദേഹത്തിനെതിരായി. അവർ സൈന്യത്തെയും അദ്ദേഹത്തിനു എതിരാക്കി, നായാട്ടിനെന്ന പോലെ രക്ഷപ്പെട്ട അദ്ദേഹം കുതിരപ്പുറത്തു കയറി വനത്തിലേക്ക് രക്ഷപെട്ടു സുമേധസ് മഹർഷിയുടെ ആശ്രമത്തിലെത്തിയപ്പോൾ അവിടെ വന്യമൃഗങ്ങൾ പരസ്പരം സ്നേഹപൂർവം പെരുമാറുന്ന കാഴ്ച അദ്ദേഹത്തെ അത്ഭുതപ്പെടുത്തി. തന്നെ എല്ലാവരും വഞ്ചിക്കുകയായിരുന്നെങ്കിലും അദ്ദേഹത്തിന്റെ മനസ്സിൽ നാടിനെപ്പറ്റിയുള്ള ചിന്തകൾ നിറഞ്ഞു നിന്നു സമ്പത്തെല്ലാം ധനമോഹികളായ മക്കൾ അപഹരിച്ച ശേഷം മക്കൾ കാട്ടിൽ ഉപേക്ഷിച്ച ധനികനായ സമാധിയെന്ന വൈശ്യനെ അദ്ദേഹം വനത്തിൽ വെച്ച് കണ്ടുമുട്ടി. അദ്ദേഹത്തിന്റെ ചിന്തയും മക്കളെപ്പറ്റിയായിരുന്നു രണ്ടുപേരും പുത്രന്മാരാൽ നിഷ്കാസിതരായിട്ടും കുടുംബത്തോടുള്ള മമത നശിക്കാത്തതിന്റെ കാര്യം അവർ മഹർഷിയോട് ചോദിച്ചു. മഹർഷി മനുഷ്യനുള്ളതുപോലെ ജ്ഞാനം പക്ഷിമൃഗാദികൾക്കുമുണ്ട്. സ്വയം വിശപ്പ് സഹിച്ചു നിത്യവും ഭക്ഷണം തേടി മക്കൾക്ക് കൊടുത്തു സ്വന്തം ചിറകുകൾക്കുള്ളിൽ അവയെ വളർത്തി പറക്കാൻ പഠിപ്പിക്കുന്നു. കുഞ്ഞുങ്ങൾ വളർന്നു കഴിഞ്ഞാൽ അവയിൽ മമത വയ്ക്കുന്നില്ല. പ്രത്യുപകാരം ആഗ്രഹിച്ചു മക്കളിൽ സ്നേഹം വച്ച് പുലർത്തുന്ന മനുഷ്യന്റെ സ്വാർത്ഥത യാണ് കാരണം. ഈ അജ്ഞാനം മനുഷ്യർക്ക് ഉണ്ടാക്കുന്നത് മഹാമായയാണ്. ആ മഹാമായയുടെ ശക്തിയാണ് നിങ്ങളുടെ ദുഖത്തിനും മമതക്കും കാരണം തുടർന്നു ദേവിയുടെ മാഹാത്മ്യത്തെപ്പറ്റി സുരഥനോടും സമാധിയോടും വിസ്തരിച്ചു പറഞ്ഞു കൊടുക്കുന്നതാണ് ദേവീ മാഹാത്മ്യത്തിന്റെ കാതലായ ഭാഗം .

പ്രഥമം, മദ്ധ്യമം ഉത്തമം എന്ന് മൂന്നു ചരിത്രങ്ങളായി ദേവീ മാഹാത്മ്യത്തെ വിഭജിച്ചിട്ടുണ്ട് ആദ്യത്തെ അദ്ധ്യായം പ്രഥമം അടുത്ത മൂന്നു അദ്ധ്യായം മദ്ധ്യമം അവസാനത്തെ ഒൻപതു അദ്ധ്യായം ഉത്തമം. ദേവീ മാഹാത്മ്യത്തിൽ ദേവിയെ കാളി, ലക്ഷ്മി , സരസ്വതി എന്നി മൂന്നു ഭാവങ്ങളിൽ സങ്കല്പിച്ചിരിക്കുന്നു. മധുകൈടഭവധവും മഹിഷാസുര വധവും ശുഭനിശുംഭ വധവുമാണ് മൂന്നു ഭാഗങ്ങളിലെ കഥാതന്തു, ചണ്ഡികയാണ് ദേവീ മാഹാത്മ്യ

ത്തിലെ ഉപാസ്യ ദേവത ഇതിലെ മന്ത്രങ്ങളെ ആസ്പദമാക്കിയാണ് ചണ്ടികാ യജ്ഞം രൂപ കൽപ്പന ചെയ്തിട്ടുള്ളത് ദേവിയുടെ സത്വരജ സ്തമോഗുണങ്ങളെയാണ് മൂന്നു മൂർത്തികളായി വിവക്ഷിക്കുന്നത് ശത്രുക്കൾക്കു ഘോര രൂപി ണിയും ആശ്രയിക്കുന്നവർക്കു കരുണാമയി യും ശാന്തയുമാണ് മഹാകാളി

ദേവീ ചരിതം കേട്ട സുരഥ മഹാരാജാവും വൈശ്യനും സഹ്യപർവ്വതത്തിൽ പോയി മൂന്നു വർഷം ദേവിയെ തപസ്സു ചെയ്തു പ്രത്യക്ഷപ്പെടുത്തി. രാജാവ് ശത്രുക്കളെ നശിപ്പിച്ചു രാജ്യം വീണ്ടെടുക്കണമെന്നും അടുത്ത ജന്മത്തിലും രാജ്യം ലഭിക്കണമെന്നും ആവശ്യപ്പെട്ടപ്പോൾ വൈരാഗ്യംകൊണ്ട് പക്വമനസ്സായ വൈശ്യൻ അഹങ്കാരവും മമതയും നശിച്ചു അനാസക്തനാകാനുള്ള ജ്ഞാനമാണ് ആവശ്യപ്പെട്ടത് . ദേവീ സുരഥന് രാജ്യലാഭവും അടുത്ത ജന്മത്തിൽ വിവസ്വാന്റെ പുത്രനായി സാവർണ്ണികനെന്ന മനുവായി ഒരു മന്വന്തരത്തിന്റെ അധിപനായി വാഴാനുള്ള അനുഗ്രഹവും വൈശ്യന് ആത്മജ്ഞാനവും നൽകി. ദേവിയെ ആശ്രയിക്കുന്നവർക്കു ഭൗതികവും ആദ്ധ്യാത്മികവുമായ നേട്ടങ്ങൾ ലഭിക്കുമെന്നർത്ഥം. സംഹാരരുദ്രയായ മഹാകാളി മനോമാലിന്യങ്ങളായ ശത്രുക്കളെയാണ് നശിപ്പിക്കുന്നത്. ജീവിത വിജയത്തിന് ഐശ്വര്യ ദേവതയായ മഹാലക്ഷ്മിയുടെ അനുഗ്രഹം കൂടിയേ കഴിയു. അന്തിമ ലക്ഷ്യം ജ്ഞാനസമ്പാദനമാകയാൽ സരസ്വതിയെയാണ് ഉത്തര ഭാഗത്തിൽ ആരാധിക്കുന്നത്

ദേവീ മാഹാത്മ്യം വിശിഷ്ടമായ ഒരു മന്ത്രമാലയാണ്. സാധാരണയായി പാരായണത്തിന്റെ ഒരു സാമാന്യ ക്രമം അർഗ്ഗളം, കീലകം, കവചം എന്നിവയാണ് ആദ്യമായി പാരായണം ചെയ്യേണ്ടത്. ഇവ മൂന്നും ഋഷി ഛന്ദസ് ദേവത എന്നിവയോടുകൂടിയുള്ള പാരായണത്തിന് ശേഷമാണ് ദേവീ മാഹാത്മ്യം പാരായണം ചെയ്യേണ്ടത്. അർത്ഥബോധത്തോടെ വേണം പാരായണം ചെയ്യാൻ. കവച അർഗ്ഗള കീലകങ്ങളും നവാക്ഷരീ മന്ത്രങ്ങളും രാത്രി സൂത്രവും ആദ്യവും തുടർന്ന് ദേവീ മാഹാത്മ്യം 13 അദ്ധ്യായങ്ങളും അവസാനം ദേവീസൂക്തം വൈകൃതിക രഹസ്യം പ്രാധാനിക രഹസ്യം മൂർത്തി രഹസ്യം എന്നിവയും പാരായണം ചെയ്യണം എന്നാണ് വിസ്തരിച്ച ഒരു വിധി. ഒന്നിച്ചു പാരായണം ചെയ്യാൻ പറ്റാത്തവർക്കു മൂന്നു ചരിതം കൊണ്ട് മൂന്ന് ദിവസം കൊണ്ട് പാരായണം ചെയ്യാമെന്നും വിധിയുണ്ട് . സംഗീതത്തിലും അതിവേഗത്തിലും ഒച്ചയിലും അർത്ഥം മനസ്സിലാക്കാതെയും പാരായണം ചെയ്യരുത് .

പല ആവശ്യങ്ങൾക്കും ഉപയോഗിക്കാവുന്ന നിരവധി ശക്തിയായ മന്ത്രങ്ങൾ ഇതിൽ ഘടിപ്പിച്ചിട്ടുണ്ട്. കാര്യസാധ്യങ്ങൾക്കായി അവ ഉപയോഗിക്കാതെ ദേവീ പ്രീതിക്കായി മാത്രം ഉപയോഗിക്കുന്നതാണ് ഉത്തമം. ഏത് കഠിനമായ ജീവിത പ്രതിസന്ധികളിലും ആപത്തുകളിലും ദുഃഖശമനത്തിനു ഈ ഗ്രന്ഥം ഒരു സിദ്ധൗഷധമാണെന്നും ഇത് നിത്യം പാരായണം ചെയ്യുന്ന ഭവനങ്ങളിൽ ദേവിയുടെ ദിവ്യസാന്നിദ്ധ്യം അവർക്ക് അനുഭവപ്പെടുമെന്നും ദേവീ ഉറപ്പ് നൽകുന്നു.

**4 സൗന്ദര്യ ലഹരി**

ശ്രീ ശങ്കരവിരചിതമെന്ന് വിശ്വസിക്കപ്പെടുന്ന കൃതിയാണ് സൗന്ദര്യ ലഹരി, ശ്രീശങ്കരനല്ല സൗന്ദര്യലഹരിയുടെ കർത്താവ് എന്നും ചില പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നുണ്ട്. അദ്വൈതിയായ ശങ്കരാചാര്യർ ഇത്തരമൊരു കൃതി രചിക്കാനിടയില്ലെന്നാണ് ഒരഭിപ്രായം .പക്ഷേ അദ്വൈതത്തെ അംഗീകരിച്ച ശ്രീരാമകൃഷ്ണൻ തന്റെ കാളീഭക്തിയെ ജ്ഞാനസാക്ഷാത്കാരത്തിനു ശേഷവും കൈവിട്ടില്ല . ജ്ഞാനമാർഗ്ഗത്തിൽ മുന്നേറാൻ സാധിക്കാത്തവർക്ക് ഭക്തിയിലൂടെ ജ്ഞാനത്തിലെത്തിച്ചേരാൻ എല്ലാ ആചാര്യന്മാരും തന്റെ ശിഷ്യന്മാർക്കു വേണ്ടി ഭക്തിയെ ആശ്രയിക്കുന്നതിനു ശ്രീ രമണ മഹർഷിയും, ശ്രീ നാരായണഗുരു ദേവനും, ചട്ടമ്പി സ്വാമി തിരുവടികളും നമുക്ക് മാതൃകയാണ് പക്ഷേ ഈ അഭിപ്രായവ്യത്യാസം ഈ കൃതിയുടെ

മഹത്വത്തെ ഒട്ടും കുറക്കുന്നില്ല

ശങ്കരാചാര്യരുടെ സ്തോത്രകൃതികളിൽ ഏറ്റവും മഹത്തായതെന്ന് മഹാകവി ഉള്ളൂർ പരമേശ്വരയ്യർ ഇതിനെ വിശേഷിപ്പിക്കുന്നു. ആധുനിക കവിത്രയങ്ങളിൽ ഒരാളായ കുമാരനാശാനും സൗന്ദര്യലഹരി മലയാളത്തിലേക്ക് വിവർത്തനം ചെയ്തിട്ടുണ്ട് ഇതിലെ നൂറു ശ്ലോകങ്ങളിൽ ആദ്യത്തെ നാൽപത്തിയൊന്ന് ശ്ലോകങ്ങൾ ആനന്ദ ലഹരി എന്നറിയപ്പെടുന്നു ഇത് ശങ്കരാചാര്യർ രചിച്ചതല്ലെന്നാണ് ചില പണ്ഡിതന്മാരുടെ മതം .ആദ്യത്തെ 41 ശ്ലോകങ്ങൾ സ്വതന്ത്രവും പരസ്പര ബന്ധം ഇല്ലാത്തവയുമാണ്. തുടർന്നുള്ള 59 ശ്ലോകങ്ങൾ ദേവിയുടെ സൗന്ദര്യവർണ്ണനയാണ്. ഇത് ഒരു സാഹിത്യ ഗ്രന്ഥവും സ്ത്രോത്രവും താന്ത്രികഗ്രന്ഥവും കൂടിയാണ് ഓരോ ശ്ലോകങ്ങൾക്കും പ്രത്യേക യന്ത്രങ്ങളും പൂജാവിധിയും ഫലസിദ്ധിയും കൊടുത്തിട്ടുണ്ട് ശ്രീ ശങ്കരാചാര്യർ കൈലാസത്തിൽ പോയി ശിവപാർവ്വതിമാരെ ദർശിച്ചു. അപ്പോൾ ശിവൻ അഞ്ചു സ്പടിക ലിംഗങ്ങളും പാർവ്വതിദേവീ ഒരു ഗ്രന്ഥവും നൽകി ആ ഗ്രന്ഥത്തിൽ ശിവൻ തന്നെ പാർവ്വതിയെ സ്തുതിച്ചു രചിച്ച നൂറു ശ്ലോകങ്ങൾ ഉണ്ടായിരുന്നു എന്നാണ് വിശ്വാസം. മന്ത്രശാസ്ത്ര വിഷയങ്ങളായ ഈ നൂറു ശ്ലോകങ്ങൾ ദേവിയുടെ സ്വരൂപം തന്നെയാണ് . പക്ഷേ കൈലാസത്തിലെ കാവൽക്കാരനായ നന്ദികേശൻ ഈ ഗ്രന്ഥം കൈലാസത്തിൽ നിന്നു കൊണ്ടുപോകുന്നത് ഇഷ്ടപ്പെടാത്തതിനാൽ ശ്രീ ശങ്കരന്റെ കൈയിൽ നിന്ന് തട്ടിപ്പറിച്ചു. നാൽപത്തിയൊന്ന് ശ്ലോകങ്ങൾ മാത്രമേ ശങ്കരന്റെ കൈയിൽ കിട്ടിയുള്ളൂ .ശങ്കരൻ വല്ലാതെ ദുഖിച്ചു. അമ്മ അപ്പോൾ 'വിട്ടുപോയ അമ്പത്തൊന്ന് ശ്ലോകങ്ങളെയും നീ തന്നെ പൂർത്തിയാക്കു. അതാണ് എനിക്ക് പ്രീതി 'എന്ന് ആജ്ഞാപിച്ചു ആദ്യത്തെ നാൽപ്പത്തിയൊന്നു ശ്ലോകങ്ങൾ തന്ത്ര ശാസ്ത്രം, കുണ്ഡലിനി യോഗം എന്നിവയിലെ രഹസ്യങ്ങളാണത്രേ? അമ്പത്തൊന്ന് ശ്ലോകങ്ങളിൽ ശ്രീ ശങ്കരൻ അമ്മയുടെ സൗന്ദര രൂപത്തെ കേശാദി പാദം വർണ്ണിച്ചിരിക്കുന്നു. കഥയെന്തായാലും ആദ്യന്തം അതിമനോഹരമായ കൃതിയാണ് സൗന്ദര്യലഹരി.

കവിത്രയങ്ങളിൽ പണ്ഡിതനായ ഉള്ളൂർ ഈ കൃതിയെപ്പറ്റി എഴുതുന്നത് ശ്രദ്ധേയമാണ് 'സംസ്കൃത ഭാഷയിൽ നിർമ്മിച്ചതും ആകെ നൂറു ശ്ലോകങ്ങൾ ഉള്ളതുമായ ഈ ഗ്രന്ഥത്തിന്റെ പാദോവസംഗ്രഹണത്തിനു പോലും അധികാരി ഭാവം വഹിക്കുന്ന സ്തുതി ശതകം ഏത് രാജ്യത്തിൽ ഏത് ഭാഷയിൽ ഏത് കാലത്തു ഉണ്ടായിട്ടുണ്ടെന്നു സാഭിമാനം സധൈര്യം സാഹങ്കാരം ചോദിക്കാവുന്നതാണ്. കുമാരനാശാൻ ഈ കൃതിയെപ്പറ്റി ഇപ്രകാരമാണ് എഴുതിയിരിക്കുന്നത് ' ആർത്ഥികമായും ശാബ്ദികമായും ഉള്ള മാധുര്യങ്ങൾ അല്ലെങ്കിൽ സൗന്ദര്യങ്ങൾ സർവത്ര അഭിന്നമായി ഒഴുകിക്കൊണ്ടിരിക്കുന്ന ഈ പ്രബന്ധത്തിന് സ്വതഃസിദ്ധമായ മനോഹരത്വം കൊണ്ടു തന്നെയാണ് പൂജ്യപാദനായ ഗ്രന്ഥകർത്താവിനാൽ 'സൗന്ദര്യലഹരി' എന്ന് നാമധേയം ചെയ്യപ്പെട്ടുവെങ്കിൽ അത് എത്ര സമുചിതമായിരിക്കുന്നു . സൗന്ദര്യലഹരി ലോകഗുരുവായ ശങ്കരാചാര്യ സ്വാമിയുടെ കൃതികളിൽ വെച്ച് അപ്രധാനം അല്ലാത്ത ഒരു ഗ്രന്ഥവും കൗളസിദ്ധാന്തികൾക്കു വിശേഷിച്ചു ആരാധനീയമായ ഒരു പ്രമാണവും ആകുന്നു. മാന്ത്രിക താന്ത്രിക വിഷയങ്ങളെ പ്രായേണ ഓരോ സ്തോത്രത്തിലും ഉൾക്കൊള്ളിച്ചിട്ടുണ്ടെങ്കിലും കർണ്ണാനന്ദകരമായ സ്തോത്രങ്ങളായി രചിക്കപ്പെട്ടിരിക്കുന്നതു കൊണ്ടു ഈ ഗ്രന്ഥത്തോളം പ്രചാരത്തിൽ വ്യാപകത്വം ആചാര്യ സ്വാമികളുടെ വേദാന്ത വിഷയങ്ങളായ ഇതര ഗ്രന്ഥങ്ങൾക്കു പോലും ഇല്ലെന്നുള്ളത് ഈ ഗ്രന്ഥത്തിന്റെ പ്രാധാന്യത്തെക്കാണിക്കുന്നു.

കേരളം ശാക്തേയ ഉപാസനയുടെ നാടാണ്. ഈ നാലു ഗ്രന്ഥങ്ങളും ദേവീ ഉപാസകന്മാർ നിദ്യപാരായണത്തിനായി കേരളത്തിൽ ഉപയോഗിച്ചുവരുന്നു

(തുടരും)

# നൈപുണ്യ പരിശീലനം
## (Life Skill Education)

ഡോ. രാജേശ്വരി കുഞ്ഞമ്മ – 9388382009

പ്രപഞ്ചം മുഴുവൻ നിമിഷങ്ങൾ കൊണ്ട് മാറിക്കൊണ്ടിരിക്കുന്നു. അത് സാങ്കേതിക രംഗത്തായാലും കലാരംഗത്തായാലും സാഹിത്യരംഗത്തായാലും മാറ്റങ്ങൾ സംഭവിക്കുന്നു കാലാവസ്ഥ പോലും മാറുന്നു. മാറാൻതോന്നുന്നുവെന്നതു ചില കാര്യങ്ങളിൽ നല്ലതുതന്നെയാണ് ധാർമ്മികമായ ഉത്തരവാദിത്തങ്ങളിൽ പോലും മൂല്യച്യുതി സംഭവിക്കുന്നു. നമ്മുടെ മനോഭാവത്തിന് പലതരത്തിലുള്ള വ്യതിയാനം സംഭവിക്കുന്നു. ഇതൊക്കെ കൊണ്ടാണ് ഈ കലഘട്ടത്തിൽ ജീവിക്കാൻ പഠിക്കണമെന്ന് പറയുന്നത്. പഠിച്ചാൽ പോരാ സന്ദർഭത്തിനനുസരിച്ചു പ്രയോഗിക്കാൻ പഠിക്കണമെന്ന് പറയുന്നത് ഇങ്ങനെ പ്രശ്നങ്ങളെ നേരിടാൻ അടുത്ത തലമുറയെ പഠിപ്പിക്കേണ്ട ഒരു പാഠ്യപദ്ധതിയാണ് നൈപുണ്യ പരിശീലനം (Life Skill Education) എന്ന് പറയുന്നത്.

**1. സ്വയം അറിയുക :** നമ്മുടെ ഉള്ളിലെ പോസിറ്റീവും നെഗറ്റീവും ആയ കാര്യങ്ങളെ വ്യക്തമായി തിരിച്ചറിയുക. ഓരോ സന്ദർഭത്തിലും നമ്മൾ എങ്ങനെ പെരുമാറുന്നുവെന്നും നമ്മുടെ ഇഷ്ടാനിഷ്ടങ്ങൾ, വ്യക്തിത്വവൈകല്യങ്ങൾ തുടങ്ങിയവ തിരിച്ചറിഞ്ഞു നമ്മളിൽ വേണ്ട മാറ്റങ്ങൾ വരുത്തുകയെന്നാണ് സ്വയം അറിയുകയെന്നതിലൂടെ ചെയ്യുന്നത്. കുട്ടികൾ സമൂഹവുമായി ബന്ധപ്പെടുമ്പോൾ അവർക്കുണ്ടാകുന്ന പ്രശ്നങ്ങൾ ആചാര്യമര്യാദകൾ ഇതെല്ലാം അവർ സ്വയം മനസ്സിലാക്കുമ്പോൾ അവർക്ക് ആത്മാഭിമാനത്തോടുക്കൂടി പ്രശ്നങ്ങളെ നേരിടാൻ സാധിക്കും. ഞാൻ ഈ സമൂഹത്തിൽ ആരെങ്കിലുമൊക്കെയാണെന്നും തന്റെ പേരിനു പ്രാധാന്യമുണ്ടെന്നും നേതൃത്വ നിരയിലേക്കുയരണമെന്നുള്ള തോന്നലും ആത്മവിശ്വാസത്തെയും ആത്മാഭിമാനത്തെയും വളർത്തുന്നു. ഇതാണ് വ്യക്തി ജീവിതത്തിന്റെ അടിസ്ഥാനം.

**2. എംപതി ( താദാത്മ്യം പ്രാപിക്കൽ) :**

**1.** കൊഗ്നിറ്റീവ് എംപതി (അവബോധ താദാത്മ്യം): ഏതെങ്കിലും കാര്യങ്ങളിൽ ഒരാൾ പ്രതികരിക്കുമ്പോൾ പറഞ്ഞയാളുടെ മാനസികാവസ്ഥ നോക്കി പ്രതികരിക്കുക

**2.** വൈകാരികമായ താദാത്മ്യം: മറ്റുള്ളവരുടെ വികാരങ്ങളെ മനസിലാക്കി പെരുമാറുക. അവരുടെ സ്ഥാനത്തുനിന്നും ചിന്തിക്കുമ്പോൾ കാര്യം കുറേക്കൂടി വേഗം മനസ്സിലാകും. ട്രെയിനിംഗ് സെന്ററുകൾ, കമ്പനികൾ ഇവിടെയൊക്കെ പരിശീലിപ്പിക്കുമ്പോൾ ഇത്തരം മാനസികാവസ്ഥ മനസിലാകും.

**3.** കംപാഷനേറ്റ് എംപതി (അനുകമ്പ, ആർദ്രത) : ഇവിടെ മറ്റൊരാളുടെ അവസ്ഥ മനസിലാക്കി അവരെ സഹായിക്കുവാൻ കഴിയും. അവരെ മുന്നോട്ടു നയിക്കുവാൻ കഴിയുന്നു. യാഥാർത്ഥ്യബോധത്തോടുകൂടി പെരുമാറാനും പഠിക്കുന്നു.

എംപതി ഒരു കലയാണ്. വ്യക്തമായ പരിശീലനത്തോടുകൂടി ഇതു വളർത്തിയെടുക്കണം. ഒരു കാര്യം ശ്രദ്ധിക്കേണ്ടത് താദാത്മ്യം പ്രാപിക്കുമ്പോൾ അവരായി മാറരുതെന്നുമാത്രം. സാധാരണ കുട്ടികളോട് പെരുമാറുമ്പോഴും കുടുംബബന്ധങ്ങളിലും മറ്റുള്ളവരുടെ ഭാഗത്തുനിന്ന് ചിന്തിക്കുവാൻ ശ്രമിക്കുന്നില്ലയെന്നുള്ളത് സത്യമാണ്. കുട്ടി രക്ഷകർത്താക്കളെയും രക്ഷ

കർത്താക്കൾ കുട്ടികളെയും മനസ്സിലാക്കുന്നി ല്ലായെന്ന പരാതി എപ്പോഴും കേൾക്കുന്നതാണ് പലപ്പോഴും ഒരാൾ മറ്റേ ആളുടെ അതിർവരമ്പ് കാണുന്നില്ല. ഇത്തരം നൈപുണ്യം മനസിലാ ക്കണമെങ്കിൽ മറ്റുള്ളവരുടെ ശരീരഭാഷ, മനോ ഭാവം ഇവയൊക്കെ മനസ്സിലാക്കണം. അവരുടെ സ്ഥാനത്തുനിന്ന് ചിന്തിക്കണം. ന്യൂറോസയ ൻസിൽ ധരാളം പഠനങ്ങൾ നടത്തിയിട്ടുണ്ട്. കോശങ്ങൾക്ക് നാശം സംഭവിച്ചാൽ മറ്റുള്ള വരുടെ മുഖവും പ്രശ്നവും മനസ്സിലാക്കാൻ കഴിയില്ല. മറ്റുള്ളവരുടെ വാക്കുകൾ ശ്രദ്ധാ പൂർവം കേൾക്കുമ്പോൾ അവരുമായുണ്ടാകുന്ന ഒരടുപ്പം കൂടുതൽ മനസ്സിലാക്കാൻ സഹായ കമാകും.

സിംപതിയും (ദയ) എംപതിയും തമ്മിൽ വ്യത്യ സ്തതയുണ്ട്. മറ്റുള്ളവരുടെ ദുഖങ്ങളിൽ സഹ താപം തോന്നും. രോഗം വന്നവരോട് സഹതാ പം പ്രകടിപ്പിക്കുകയും ആത്മവിശ്വാസം കൊ ടുക്കുകയും ചെയ്യും. പക്ഷേ എംപതിയാണെങ്കിൽ ആ രോഗിയുടെയും ബന്ധുക്കളുടെയും മാന സികാവസ്ഥ മനസിലാക്കി പ്രവർത്തിക്കുക യും വാക്കുകൾ ഉപയോഗിക്കുകയും ചെയ്യും.

**3. പരസ്പരം സ്നേഹം നിലനിർത്താനുള്ള കല :**

ഈ നൈപുണ്യം പരിശീലിക്കുന്നത് കുടും ബം, സാമൂഹ്യ, സ്നേഹിത, ബന്ധങ്ങൾ നല്ലതാ യി കൊണ്ടുപോകുന്നതിനും നിലനിർത്തുന്ന തിനും വ്യക്തിയെ പ്രാപ്തരാക്കുകയെന്ന തിനുവേണ്ടിയാണ്. പലർക്കും വ്യക്തമായ ഒരു ധാരണയില്ല . ഇവിടെ കാലത്തിനനുസരി ച്ചു മാറുകയും സാഹചര്യങ്ങൾക്കനുസരിച്ചു പെരുമാറാനുള്ള കഴിവ് ഉണ്ടാക്കിയെടുക്കു കയുംവേണം ഇവിടെ വരുന്നവരിൽ ചിലർ പറയുന്ന പ്രശ്നം അവർക്ക് മറ്റുള്ളവരുമായി സംസാരിക്കുന്നതിനോ, ഇടപഴകുന്നതിനോ കഴിയുന്നില്ല. ഒരു കാര്യം മനസിലാക്കണം. കാലം മാറുന്നതിനനുസരിച്ച് നമ്മളും മാറണം. ആവശ്യങ്ങൾ പറയുവാനും, മറുപടി പറയുവാ നും പഠിക്കണം. പരസ്പരം മനസ്സിലാക്കുന്ന ദമ്പതികൾക്കുമാത്രമേ നല്ല ദാമ്പത്യബന്ധവും, സാമൂഹ്യ ബന്ധവും തുടർന്നുകൊണ്ടുപോകാ ൻ സാധിക്കുകയുള്ളു. ചിലപ്പോൾ മറ്റുള്ളവർ പറയാതെ തന്നെ അവരുടെ ആവശ്യങ്ങൾ കണ്ടറി ഞ്ഞു പ്രവർത്തിക്കാനുള്ള പരിശീലനം നേടണം. മാറാനുള്ള തയാറെടുപ്പും വിശ്വാസത്തോടുകൂ ടിയുള്ള പെരുമാറ്റവും പഠിച്ചാൽ മാത്രമേ സു ദൃഢമായ പരസ്പരബന്ധം സ്ഥാപിക്കുവാൻ കഴിയുകയുള്ളു ശൂന്യമായതോ, ഇടുങ്ങിയതോ, മൂടിക്കെട്ടിയതോ ആയ മനസ്സല്ല ആവശ്യം. മറ്റുള്ളവരെ അംഗീകരിക്കുവാനും മൃദുവായി സംസാരിക്കുവാനും ഞാനെന്ന ഭാവത്തെക്കുറി ച്ചും സ്വാർത്ഥതാല്പര്യത്തെ വെടിഞ്ഞും പെ രുമാറാൻ പഠിക്കുക. മറ്റുള്ളവരും നമ്മളെ പോലെ പ്രാധാന്യമുള്ളവരാണെന്നും കരുതുക. ഇങ്ങനെയുള്ള കാര്യങ്ങൾ സ്വയം കാണിച്ച് കു ട്ടികൾക്ക് മാതൃകയാകുമ്പോൾ നല്ല ബന്ധമുള്ള കുട്ടികളെ വളർത്തിയെടുത്തുവെന്നഭിമാനിക്കാം. പ്രസിദ്ധ ശാസ്ത്രജ്ഞൻ എഡിസൺ പക ലെല്ലാം പരീക്ഷണശാലയിൽ ജോലി ചെയ്ത് വീട്ടിൽവന്ന് കൊച്ചുകുട്ടികളേപ്പോലെ ഉറങ്ങും. പിറ്റേന്ന് ഒന്നും സംഭവിക്കാത്തതുപോലെ ഉണ ർന്നെഴുന്നേറ്റുപോകും ഇങ്ങനെ പ്രശ്നങ്ങളെ അതിജീവിക്കുവാനും, പൊട്ടിച്ചിരിക്കുവാനും, തമാശ ആസ്വാദിക്കുവാനുമുള്ള കഴിവുണ്ടാ ക്കിയെടുക്കണം. താമര വെള്ളത്തിൽ കിട ന്നാലും വെള്ളം അതിൽ പിടിക്കില്ല എന്നാൽ ബീറ്റുറൂട്ടാണെങ്കിൽ മറ്റുള്ളവയെക്കൂടി അതിന്റെ നിറമാക്കും

(തുടരും)

# ആവിഷ്ക്കാരം

**യു.എസ്.രവീന്ദ്രൻ – 9496120978**

എറണാകുളം സൗത്തിൽ ട്രെയിൻ ഇറങ്ങി ഓട്ടോയിൽ വീട്ടിൽ എത്തിയപ്പോൾ വെളുപ്പിന് അഞ്ചരമണിയായിരുന്നു. പ്രളയകാലത്തു ബാംഗ്ലൂരിൽ മകളുടെ അടുത്തായിരുന്നതുകൊണ്ട് ദുരിതങ്ങൾ നേരിട്ടു ബാധിച്ചില്ല. ടീവിയിൽ കൂടെ കണ്ടും സുഹൃത്തുക്കളിൽ നിന്നും മൊബൈലിൽ കൂടെ കേട്ടും മാത്രമേ പ്രളയക്കെടുതികൾ അറിഞ്ഞിരുന്നുള്ളു. ഒന്നരമാസത്തോളം വീട് പൂട്ടിയിട്ടിരുന്ന കാരണം ഗെയ്റ്റിന്റെ മുൻവശം ചപ്പുചവറുകൾ കൊണ്ട് നിറഞ്ഞിരുന്നു. ഓട്ടോയിൽ നിന്നിറങ്ങി ഭാര്യ ബാഗിൽ നിന്നും താക്കോലെടുത്ത് ഗേയ്റ്റ് തുറക്കാൻ അടുത്തപ്പോഴാണ് ഒരു മുരളിച്ച കേട്ടത്. ഞങ്ങളുടെ വീടിൻെറ ഗേയ്റ്റ് ഞങ്ങൾ തുറക്കുന്നതിൽ ആർക്കാണ് പ്രതിഷേധം? ശബ്ദം കേട്ട ദിശയിൽ നോക്കിയപ്പോൾ ഗേയ്റ്റിന്റെ പില്ലറിനോട് ചേർന്ന് ചവറ്റുകൂനമെത്തയായി വിശ്രമിച്ച് ഉറങ്ങിയിരുന്ന ഒരു നായയിൽ നിന്നാണ് പ്രതിഷേധത്തിന്റെ മുരളിച്ച ഉയർന്നതെന്ന് മനസ്സിലായി. പ്രളയത്തിൽ ഉടമസ്ഥനെ നഷ്ടപ്പെട്ട് അഭയം തേടി എത്തിയതാവാനാണ് സാധ്യത. വീട് പൂട്ടിക്കിടന്നതിനാൽ വീടിന്റെ സുരക്ഷ സ്വയം ഏറ്റെടുത്ത് അധികാരം സ്ഥാപിച്ച് ഒന്നരമാസക്കാലം ഭരിക്കുകയായിരുന്നിരിക്കണം ഇവൻ. എന്നാലും നാട്ടിൽ ഇതുവരെ നടന്ന് ബീഫ് ഫെസ്റ്റിവലുകളിൽ നിന്നും രക്ഷപ്പെട്ട് സംഘാടകരുടെ കണ്ണുവെട്ടിച്ച് അതിജീവിച്ചവൻ ആയുഷ്മാൻതന്നെ. ഇപ്പോൾ പ്രളയത്തേകുടി അതിജീവിച്ചല്ലോ. മിടുക്കൻ. പക്ഷേ വീട്ടുടമസ്ഥരായ ഞങ്ങളെ സ്വന്തം വീട്ടുപടി തുറക്കുന്നതിൽ പ്രതിഷേധിക്കാൻ ഇവനാരാണ്? രണ്ടാം പ്രാവശ്യം മുരണ്ടപ്പോൾ റോഡിൽ നിന്നും ഒരു കല്ലെടുത്ത് എറിയാൻ ഓങ്ങി. വാലും മടക്കിക്കൊണ്ട് അവൻ ഓടി. അതെ പ്രതികരിക്കാതിരിക്കുന്നിടത്തോളം കാലം സ്വന്തം നിലനിൽപ്പ് നായയുടെ ഔദാര്യത്തിനു വേണ്ടുന്ന സ്ഥിതിയിലായി ഇപ്പോൾ സംഗതികളുടെ കിടപ്പ്.

ഗേയ്റ്റ് തുറന്നു മതിലിനകത്തു കടന്നു. ഒന്നരമാസം പൂട്ടികിടന്നതുകൊണ്ട് എലികളുടെ സ്വതന്ത്രവിഹാരരംഗമായിരിക്കണം മുറ്റം. ചെടികളുടെ കടയ്ക്കലുള്ള മണ്ണെല്ലാം കുത്തിക്കളഞ്ഞതുകൊണ്ട് വേരെല്ലാം പുറത്തായിരിക്കുന്നു. ചില ചെടികൾ വീണു കിടക്കുന്നു. പ്രളയത്തിൽ കയറിവന്ന തവളകളെല്ലാം അങ്ങിങ്ങായി ചാടിനടക്കുന്നു. വീടും പരിസരവും വൃത്തിയാക്കി പൂർവ്വസ്ഥിതിയിലാക്കിയെടുക്കുവാൻ രണ്ടു ദിവസമെടുത്തു. കഥാനായകൻ നായ ഇപ്പോഴും ഗെയ്റ്റിന് പുറത്തു കാവൽ കിടപ്പുണ്ട്. ഞാൻ ഗേയ്റ്റ് തുറന്ന് പുറത്തു കടക്കുമ്പോൾ വാലുമടക്കി വിധേയത്വം പ്രകടിപ്പിച്ചു മാറിനിൽക്കും. തിരുച്ചു വരുമ്പോഴും കിടക്കുന്ന സ്ഥലത്തു നിന്ന് എണിറ്റു ഇതേ വിധേയത്വം കാണിച്ചു മാറിനിൽക്കും. ആദ്യത്തെ ദിവസം എന്നെ ഒന്നു വിരട്ടി നോക്കാൻവേണ്ടി മുരണ്ടതാവാം. വീട്ടുടമസ്ഥൻ ഞാനാണെന്നറിഞ്ഞപ്പോൾ വിരട്ടൽ വിലപ്പോകില്ലെന്നു മനസ്സിലാക്കി കീഴടങ്ങിയതാവാം.

ദിവസവും കണ്ട് കണ്ട് നായക്ക് ഞങ്ങളോടും ഞങ്ങൾക്ക് നായയോടും സൗഹൃദം തോന്നി തുടങ്ങി. ഒരു സ്റ്റോക്ക്ഹോം സിൻഡ്രോം പോലെ. ഒരു ദിവസം ഞാൻ രണ്ട് കഷ്ണം ബ്രഡ് ഗെയ്റ്റിന് പുറത്തുള്ള അവന്റെ കിടപ്പിടത്തിൽ കൊണ്ട് വെച്ചുകൊടുത്തു. എന്നെ കണ്ടപ്പോൾ അകലെ മാറിപ്പോയെങ്കിലും ബ്രഡ് കണ്ടപ്പോൾ വാലാട്ടി തിരുച്ചു വന്നുആർത്തിയോടെ തിന്നാൻ തുടങ്ങി. പാവം സ്വന്തം ഭക്ഷണം തേടാൻ കഴിവില്ലാതെ പോകുന്ന നായ്ക്കളുടെ ഒക്കെ അവസ്ഥ ഇതാണ്.

ആരെയെങ്കിലുമൊക്കെ ആശ്രയിക്കേണ്ടിവരും. ഒരാഴ്ച കൊണ്ട് ഞങ്ങൾ സുഹൃത്തുക്കളായി. എന്നെ കാണുമ്പോൾ വാലുമടക്കി ഒഴിഞ്ഞു പോകുന്ന സ്വഭാവം മാറി. വാലാട്ടി അടുത്തുവരാൻ തുടങ്ങി. ഏതായാലും ഗെയ്റ്റിന് വെളിയിൽത്തന്നെ കിടന്നാൽ മതി എന്ന് ഞാൻ തീരുമാനിച്ചതുകൊണ്ട് അകത്തേക്ക് കടത്തിയില്ല.

ഇവന് ഒരു പേരിടണമല്ലോ എന്ന് ആലോചിച്ചിരിക്കുകയായിരുന്നു ഞാൻ. സാധാരണ നായ്ക്കൾക്ക് ഇടുന്ന പേരാണ് ടിപ്പു. പഴയ ടിപ്പു സുൽത്താന്റെ വീരപരാക്രമങ്ങളെ ഓർത്തിട്ടാവാം ടിപ്പു എന്ന പേര് പൊതുവെ നായ്ക്കൾക്ക് ഇടുന്നത്. പലരും പ്രതിമ സ്ഥാപിക്കാൻ വരെ ഒരുമ്പെട്ടിരിക്കുന്ന ഒരു മതേതരത്വവാദിയായ ഒരു സ്വാതന്ത്ര്യസമര സേനാനിയുടെ പേര് എങ്ങു നിന്നോവന്ന ഒരു നായ്ക്ക് നൽകുന്നത് ശരിയല്ലല്ലോ. ഇന്ത്യയെ മുന്നൂറോളം വർഷം അധീനപ്പെടുത്തി സമ്പത്തുകൾ കടത്തിയതും ഇന്ത്യയിലെ എല്ലാ മോഷ്ടാക്കൾക്കും അഭയസ്ഥാനം നൽകുന്നതുമായ ഇംഗ്ലണ്ടിലെ പുതിയ തലമുറയിലെ രാജകുമാരന്റെ പേര് തന്നെയിരിക്കട്ടെ എന്ന് കരുതി ഹാരി എന്ന പേര് നൽകാമെന്ന് വിചാരിച്ചു.മധുരമായ ഒരു പ്രതികാരം ഇങ്ങനെയെങ്കിലുമായല്ലോ. കാലത്തു രണ്ട് കഷ്ണം ബ്രഡ് ഹാരി ഹാരി എന്ന് വിളിച്ചുകൊണ്ട് ഗെയ്റ്റിന് പുറത്തുള്ള അവന്റെ കിടപ്പിടത്തിൽ വച്ചു കൊടുക്കും. വാലാട്ടി അവൻ അത് സ്വീകരിക്കും. കുറച്ചു ദിവസം കഴിഞ്ഞപ്പോൾ ഹാരി എന്ന് പേര് വിളിച്ചാൽ അവൻ തല ഉയർത്തി നോക്കും. ഹാരി എന്ന പേര് അവൻ സ്വീകരിച്ചിരിക്കുന്നു. ചരിത്രമൊന്നും ഓർമ്മയില്ലാത്ത ഭാര്യ ഹാര്യ എന്ന് മാത്രം വിളിക്കും. അപ്പോഴും അവൻ തല ഉയർത്തി നോക്കും. കുറച്ചു ദിവസം കഴിഞ്ഞപ്പോൾ ഭാര്യ പറഞ്ഞു ' ഇണങ്ങുന്ന നായയാണെന്ന് തോന്നുന്നു.ഗേയിറ്റിനകത്തേക്കു കടത്തിയാലോ?' വേണ്ട ആദ്യമൊക്കെ എല്ലാ നായ്ക്കളും അങ്ങനെയാണ്. കുറച്ചു കഴിയുമ്പോൾ അവയുടെ അക്രമസ്വഭാവം പുറത്തുവരും. തല്ക്കാലം ഗെയ്റ്റിന് വെളിയിൽത്തന്നെ കഴിഞ്ഞു കൂടട്ടെ ഞാൻ പറഞ്ഞു.

അങ്ങനെ ഞങ്ങളും ഹാരി (ഹാര്യ) യുമായുള്ള കൂട്ടുകെട്ട് ഗെയ്റ്റിന് അകത്തും പുറത്തുമായുള്ള അകൽച്ചയിൽ തുടർന്നു. റോഡിൽ കൂടി വേറെ നായ്ക്കൾ പോകുമ്പോൾ അവൻ കുരയ്ക്കും. അവന്റെ പ്രാഥമികാവശ്യങ്ങൾ ഇലക്ട്രിക് പോസ്റ്റിന്റെ കീഴിലോ റോഡ് സൂചനാ ബോർഡിൽ കീഴിലോ സാധിക്കും. ഞങ്ങളുടെ ഗേയ്റ്റിന്റെ പില്ലറുകൾ തമ്മിൽ ബന്ധിപ്പിച്ച് മുകളിൽ ഷീറ്റ് ഇട്ട് കൂരപോലെ നിർമ്മിച്ചിട്ടുണ്ട്. പില്ലറിനോട് ചേർന്നുള്ള തണലിൽ ഹാരി നിർബാധം കഴിഞ്ഞു കൂടി. ഇടയ്ക്ക് ഞങ്ങൾ കൊടുക്കുന്ന ബ്രഡും ചോറുമൊക്കെ സ്വീകരിച്ചു ഞങ്ങളുടെ വീടിനെ ശരിയായി സംരക്ഷിച്ചുകൊണ്ടിരിക്കുന്നു എന്ന് മറ്റു നായ്ക്കളെ നോക്കി അഭിമാനപൂർവ്വം കുരച്ചുകൊണ്ടിരുന്നു. രാവിലെ എണിറ്റു കുളിച്ചു തുളസിത്തറയിൽ തിരിവെയ്ക്കുന്ന ആചാരം ഞങ്ങളുടെ തറവാട്ടിൽ ഉണ്ടായിരുന്നതുകൊണ്ട് ഞങ്ങളും അത് പിൻതുടർന്നുകൊണ്ടിരുന്നു. ഭാര്യയോ ഞാനോ തിരിയുമായി തുളസിത്തറ ഭാഗത്തേക്ക് പോകുന്നത് ഹാരിക്കു ഗെയ്റ്റിന്റെ അഴികൾക്കുള്ളിൽകൂടി കാണാം. സ്ഥിരം ശയനപ്രേമിയായ ഹാരി ആദ്യമൊക്കെ വിളക്ക് കാണുമ്പോൾ ഞങ്ങൾ ചെയ്യുന്നതെല്ലാം അഴികൾക്കിടയിലുടെ സസൂക്ഷ്മം നിരീക്ഷിക്കുന്നുണ്ടാവും. തുളസിക്ക് വെള്ളമൊഴിക്കുന്നതും തുളസിത്തറയിലെ ചെരാതിൽ എണ്ണ ഒഴിച്ച് തിരിവെയ്ക്കുന്നതുമെല്ലാം കൗതുകത്തോടെ നോക്കി വാലാട്ടിക്കൊണ്ടിരിക്കും. ഭക്ഷണവും കിടപ്പിടവും തന്ന ഞങ്ങളെ സന്തോഷിപ്പിക്കാനായിരിക്കും. കുറേ നാളുകൾ കഴിഞ്ഞപ്പോൾ ഹാരിക്ക് ഈ ആചാരത്തിൽ വിശ്വാസമില്ലാതായിട്ടായിരിക്കും അഴികൾക്കിടയിലൂടെ നോക്കാതായി. കണ്ണു തുറന്ന് കിടക്കുകയാണേങ്കിൽ ഒന്നു മിഴിച്ചു നോക്കിയിട്ട് കണ്ണുമടച്ചു കിടക്കും. ഞങ്ങൾ തുളസിത്തറയിലെ വിളക്കു വയ്ക്കൽ മുടങ്ങാതെ ചെയ്തുകൊണ്ടിരുന്നു. എങ്ങോനിന്നുവന്ന

ഹാരിയുടെ ഇഷ്ടാനിഷ്ടങ്ങൾ നോക്കേണ്ട തില്ലല്ലോ. എന്നാൽ കാലത്തെ ബ്രഡിനും ഉച്ചയ്ക്കുള്ള ചോറിനും അക്ഷമനായി കാത്തിരിക്കുന്ന ഹാരിയുടെ ചേഷ്ടകൾ ഞങ്ങൾ മനസ്സിലാക്കിയിരുന്നു. വാലാട്ടിയുള്ള ആ നിൽപ്പ് പുരികങ്ങൾ കൂർപ്പിച്ചു ഗെയ്റ്റിന്റെ അഴികൾക്കിടയിലൂടെ അകത്തേക്കുള്ള ആ നോട്ടം ഈ ..യു എന്ന താഴ്ന്ന സ്വരത്തിലുള്ള കരച്ചിൽ എല്ലാം ഹാരിക്ക് വിശപ്പ് വരുന്നതിന്റെ ലക്ഷണങ്ങളാണെന്ന് ഞങ്ങൾ മനസ്സിലാക്കി.

ഇതിനിടയിൽ ഹാരിയിൽ വന്ന മാറ്റങ്ങൾ ഞങ്ങൾ ശ്രദ്ധിച്ചു. വെളുപ്പിന് തുളസിത്തറയിൽ വിളക്ക് വെയ്ക്കാൻ ഞാൻ അല്ലെങ്കിൽ ഭാര്യ ഉമ്മറവാതിൽ തുറന്ന് വരുമ്പോൾ ഗെയ്റ്റിന് പുറത്തു പില്ലറും ചാരിക്കിടക്കാറുള്ള ഹാരി എണിറ്റു മാറിക്കളയും. ഞങ്ങളുടെ ആചാരങ്ങളെ ഒട്ടും പിടിക്കുന്നില്ലായിരിക്കും. വിളക്കെല്ലാം വെച്ച് തിരിച്ചു വന്ന് ഉമ്മറവാതിൽ അടയ്ക്കുമ്പോൾ ഹാരി പഴയ സ്ഥലത്തുവന്ന് കിടക്കും . ഇത് പതിവായി.

ഒരു ദിവസം സുഹൃത്ത് മനോജും കുടുംബവും വന്നിരുന്നു. മകളുടെ കല്യാണം ക്ഷണിക്കാൻ വന്നതാണ്. ക്ഷണവും കഴിഞ്ഞ് ചായയും കുടിച്ചു ഇറങ്ങുമ്പോൾ നേരം വൈകിയിരുന്നു. പിറ്റേ ദിവസത്തേക്ക് വേണ്ടി ഫ്രിഡ്ജിൽ കരുതിവെച്ചിരുന്ന പാലാണ് അപ്രതീക്ഷമായിവന്ന അതിഥികൾക്ക് ചായക്ക് ഉപയോഗിച്ചത്. അതുകൊണ്ട് വെളുപ്പിന് തൊട്ടടുത്തുള്ള മിൽമ ബൂത്തിലേക്ക് പാലിനു വേണ്ടി ഞാൻ ഗെയ്റ്റ് തുറന്ന് ഇറങ്ങി പോയിരിക്കുകയായിരുന്നു. പതിവുപോലെ ഭാര്യ തുളസിത്തറയിൽ തിരിവെച്ച് തുളസിക്ക് നനച്ചു അകത്തേക്ക് പോയസമയം ഞാൻ ഗെയ്റ്റ് തുറന്ന് പുറത്തു പോയപ്പോൾ ഗെയ്റ്റ് ശരിയായി അടക്കാൻ മറന്നുപോയി എന്നാണ് തോന്നുന്നത്. പാലുമായി തിരിച്ചുവരുമ്പോൾ ഹാരി തുളസിത്തറയുടെ ഭാഗത്തുനിന്നും വരുന്നുണ്ടായിരുന്നു എന്നെ കണ്ടപ്പോൾ പകച്ചു ഒന്ന് നിന്നു. എന്നിട്ട് തുളസിത്തറയുടെ ഭാഗത്തേക്ക് തിരിഞ്ഞു നോക്കി. പിന്നെ എന്റെ മുഖത്തേയ്ക്കും. ഇന്നത്തെ പ്രാഥമികാവശ്യങ്ങൾ ഹാരി അവിടെ തന്നെ നടത്തിയിരുന്നു. സ്വന്തം തീർത്ഥം തളിച്ച് തുളസിത്തറയുടെ ഒരു ഭാഗത്തു പ്രതിഷ്ഠിച്ചുവെച്ചിരുന്ന ആവിപറക്കുന്ന അവന്റെ ആവിഷ്ക്കാരത്തെ നോക്കി. പിന്നെ എന്റെ മുഖത്തും നോക്കി അഭിമാനപൂർവ്വം വാലാട്ടി. എന്റെ ആചാരങ്ങളോടുള്ള വെല്ലുവിളിയാണോ? ഇവൻ മുറുക്കിതുപ്പി പ്രതിഷ്ഠ നടത്തിയ നാറാണത്തു ഭ്രാന്തന്റെ പിൻതലമുറക്കാരനാണോ? അതോ സ്വന്തം തീർത്ഥം ഗണപതി വിഗ്രഹത്തിൽ അർപ്പിച്ച് നവോത്ഥാനം നടത്തിയ വേറൊരു നാരായണന്റെ അനുയായിയോ? അതോ മലയാറ്റൂർ രാമകൃഷ്ണന്റെ രക്തചന്ദനത്തിലെ നായകന്റെ പുനർജന്മമോ? ഒരു നിമിഷം എന്റെ നിയന്ത്രണം വിട്ടു. അടുത്ത് കല്ലുകൾ ഒന്നും ഇല്ലാത്തതിനാൽ കാലിൽ കിടന്ന ചെരുപ്പൂരി ഹാരിയുടെ മുഖത്തിട്ടുതന്നെ ഒരു തൊഴികൊടുത്തു. ഉടനെ പറയേണ്ട മലയാളവാക്കുകൾ ബ്രാൻഡഡ് ആയതുകൊണ്ടും ഹാരി ഇംഗ്ലീഷ് രാജകുമാരന്റെ പ്രതിനിധിയായതുകൊണ്ടും എല്ലാ ശക്തിയും ഉപയോഗിച്ചു ഞാൻ പറഞ്ഞു 'ഗെറൈറൗട്ട്' എന്റെ ഔദാര്യത്തിൽ എന്റെ ചോറുതിന്ന് കഴിച്ചുകൂട്ടിയ ഈ നായയുടെ ആവിഷ്ക്കാരം എന്റെ മതിൽക്കകത്തു എന്റെ തുളസിത്തറയിൽ തന്നെ വേണോ? പൈ പൈ എന്ന് എന്ന് കരഞ്ഞു കൊണ്ട് ഹാരി ഗെയ്റ്റിന് പുറത്തേക്കോടി. കുറെ കഴിഞ്ഞപ്പോൾ തിരിച്ചുവന്ന് ഗെയ്റ്റിന്റെ പില്ലറിനോട് ചേർന്നുള്ള സ്ഥിരം കിടപ്പിടത്തിൽ കിടപ്പുറപ്പിച്ചു. കയ്യിൽ ഒരു ബ്രഡ് കഷ്ണവുമായി ഞാൻ ഗെയ്റ്റിന് വെളിയിൽ വന്നു. ഞാൻ എല്ലാം മറന്നെന്നു കരുതി ബ്രഡ് സ്വീകരിക്കാൻ ഹാരി വാലാട്ടി നിന്നു. പിന്നിൽ ഒളിപ്പിച്ചു വച്ചിരുന്ന വടി എടുത്ത് ഹാരിക്ക് ശരിക്കും ഒന്നു കൊടുത്തു.

എന്നിട്ട് ഉറക്കെ പറഞ്ഞു Certain customs are our way of life. Dog harry, Co-Operation &Co-existance are part of my Culture, don't take it as weakness. പൈ പൈ എന്ന് കരഞ്ഞുകൊണ്ട് ഹാരി സ്ഥലം വിട്ടു. അടുത്താരുടെയെങ്കിലും മതിൽക്കകത്തു ആവിഷ്കരിക്കാനായിരിക്കും.

*******

# ബുദ്ധിയിൽ നിന്നും നിർമ്മിത ബുദ്ധിയിലേയ്ക്ക്....

സി. രാമചന്ദ്രൻ 9995820684

**മുഖവുര : നമ്മളെങ്ങനെ നമ്മളായി.**

ചിന്തിക്കുന്നവനും ചിന്തയെക്കുറിച്ചു ചിന്തിക്കുന്നവനുമായ ഇനം ജന്തുവായതിനാലാണ് മനുഷ്യനെ ജന്തുശാസ്ത്രപരമായി ഹോമോ സാപ്പിയൻസ് എന്ന ഗണത്തിൽപ്പെടുത്തിയിരിക്കുന്നത്. ചിന്തയെക്കുറിച്ചു ചിന്തിക്കുകമാത്രമല്ല ചിന്തിക്കുന്ന യന്ത്രത്തെ നിർമ്മിക്കുന്നവനുമായി മനുഷ്യൻ മാറുകയാണ്. ഈ പ്രയാണത്തിനിടയിലെ നാഴികക്കല്ലുകളിലേയ്ക്ക് തിരിഞ്ഞുനോക്കുവാനും ഭാവിചരിത്രം എങ്ങനെയായിരിക്കുമെന്ന് എത്തിനോക്കുവാനുമാണ് ഈ ലേഖന പരമ്പരയിലൂടെ ശ്രമിക്കുന്നത്.

പ്രപഞ്ചബോധവും ചരിത്രബോധവും ഉണ്ടായിരിക്കുക എന്നതും മനുഷ്യപുരോഗതിയെക്കുറിച്ചു പഠിക്കുന്നതിനുള്ള ഒരു മുൻ ഉപാധിയാണ്. പ്രപഞ്ചത്തേക്കുറിച്ചും അതിന്റെ ഭൗതിക പരിണാമത്തെക്കുറിച്ചും രാസപരിണാമത്തെക്കുറിച്ചും ജൈവപരിണാമത്തെക്കുറിച്ചുമുള്ള ഒരു ഏകദേശധാരണ നമുക്കുണ്ടെങ്കിലും അതിന്റെ ഒരു ഓർമ്മപുതുക്കൽ എന്ന നിലയിൽ മാത്രം ചരിത്രത്തിലുടെ ഒരു ഓട്ട പ്രദക്ഷിണം ഇവിടെ നിർവഹിക്കുന്നു .പരിണാമപരവും ചരിത്രപരവുമായ ഒരു നിലപാട് തറയിൽ നിന്നുകൊണ്ട് കാര്യങ്ങളെ വീക്ഷിക്കുക എന്നുള്ളതാണെന്നതും പ്രസക്തമാണ്.

പ്രപഞ്ചത്തിലെ ഇന്ന് നമുക്കറിയാവുന്ന ജീവനില്ലാത്തതും ജീവനുള്ളതുമായ വസ്തുക്കളിൽ ഏറ്റവും അവസാനം പരിണമിച്ചുണ്ടായതും അതിസങ്കീർണ്ണവും അതിവിശിഷ്ടവുമായ ദ്രവ്യമാണ് മനുഷ്യ മസ്തിഷ്കം. കുഴച്ച ചോറുരുളപോലെ മൃദുവായതുകൊണ്ടാകാം മലയാളത്തിൽ അതിന് തലച്ചോറ് എന്ന ഉചിതമായ പേര് ലഭിച്ചത്. ഒന്നര കിലോഗ്രാം ഭാരം പോലും തികച്ചില്ലാത്ത ഈ വസ്തുവാണ് പ്രപഞ്ചത്തെക്കുറിച്ചും പരിണാമത്തെക്കുറിച്ചും അന്വേഷിക്കുന്നത്. മസ്തിഷ്കത്തിനെകുറിച്ചുപോലും പഠിക്കുന്നത് മസ്തിഷ്കമാണെന്നതാണ് അത്ഭുതകരമായ കാര്യം. പ്രപഞ്ചത്തിന്റെ അപാരതയെക്കുറിച്ച് ഓർത്ത് അത്ഭുതപ്പെടുവാൻ അല്ലാതെ നമ്മുടെ അറിവിൽ മറ്റെന്തുണ്ട്.

ഉപകരണങ്ങളുണ്ടാക്കുകയും പ്രയോഗിക്കുകയും ചെയ്യുന്ന ജന്തുവായിട്ടാണ് മനുഷ്യനെ വിശേഷിപ്പിക്കപ്പെടുന്നത്. ഉപകരണങ്ങൾ മനുഷ്യന്റെ ശാരീരികശക്തികളുടെ പോരായ്മകളെ പരിഹരിക്കുന്നതിനുവേണ്ടിയാണ്. കരിങ്കൽച്ചീളിൽ തുടങ്ങി അത് ഇരുപതാം നൂറ്റാണ്ടിന്റെ അവസാനത്തോടെ കമ്പ്യൂട്ടർ ചിപ്പിൽ എത്തി നില്ക്കുന്നു. കായിക ശക്തിയല്ലാതെ ബൗദ്ധികശക്തിക്കനുബന്ധമായി പ്രവർത്തിക്കുവാൻ കെല്പുള്ള ചാറ്റ് ബോട്ടുകളുടെ വരവാണ് 21 -ാം നൂറ്റാണ്ടിനെ ശ്രദ്ധേയമാക്കുന്നത്. മസ്തിഷ്കപരിണാമത്തിന്റെ പാരമ്യത്തിൽ അത് നിർമ്മിച്ചെടുക്കുന്ന അനുബന്ധ സൃഷ്ടിയാണ് ആർട്ടിഫിഷ്യൽ ഇന്റലിജൻസ് അഥവാ നിർമ്മിതബുദ്ധി. ഇത് ഇന്ന് അതിന്റെ ശൈശവ ദശയിലാണ്. ഇനി അത് എത്ര വളരും, എവിടെ ചെന്നുനിൽക്കുമെന്ന കാര്യം വിഭാവന ചെയ്യുവാനേ നമുക്കു കഴിയു. സാക്ഷരതയും, കമ്പ്യൂട്ടർ സാക്ഷരതയും ആർജ്ജിച്ചുകഴിഞ്ഞ ഒരാൾക്ക് നിർമ്മിതബുദ്ധിയിലും സാക്ഷരത ആർജ്ജിച്ചെടുക്കേണ്ടതുണ്ട്. കാലത്തിനൊപ്പം നാം ചുവടുവെയ്ക്കണം.

ശാസ്ത്രം എന്ന പദം ഈ ലേഖനത്തിൽ ഉപയോഗിക്കുന്നത് മോഡേൺ സയൻസ്-ആധുനിക ശാസ്ത്രം എന്ന അർത്ഥത്തിലാണ്. ശാസിക്കുന്നതു ശാസ്ത്രം എന്ന പരമ്പരാ

ഗത ആശയത്തിലല്ല. സയൻസ് എന്നതിന് പകരം വെയ്ക്കാവുന്ന ഉചിതമായ വാക്ക് മലയാളത്തിലില്ല . ബുദ്ധി, യുക്തി , തെളിവ് എന്നിവയാണിതിന്നാധാരം. ഗണിതം അതിന്റെ അത്യന്താപേക്ഷിതഘടകമാണ് . നിരീക്ഷണം , വിശകലനം, നിഗമനം എന്നി മനനപ്രക്രിയ യും ഉപകരണങ്ങൾ പരീക്ഷണങ്ങൾ എന്ന പ്രായോഗിക പ്രവർത്തനങ്ങളും അതിന്റെ കൊടിപടഹങ്ങളുമാണ് ഊഹിക്കാനുള്ള കഴിവ് മനുഷ്യ മസ്തിഷ്കത്തിന് പരിണാമപരമായി ലഭിച്ച വരദാനമാണ് .പക്ഷെ ഊഹങ്ങൾ യാഥാർത്ഥ്യങ്ങളായിരിക്കുകയോ അല്ലായിരിക്കുകയോ ചെയ്യാം. ഭൗതിക യാഥാർത്ഥ്യങ്ങളേയും കാല്പനിക സങ്കല്പങ്ങളെയും വേർതിരിച്ചെടുക്കുവാനുള്ള ഒരു പദ്ധതി കൂടിയാണ് ശാസ്ത്രം എന്നും നാം മനസ്സിലാക്കണം.

ഇന്നുള്ള അറിവുകളുടെയും തെളുവുകളുടെയും അടിസ്ഥാനത്തിൽ ശാസ്ത്രം കരുതുന്നത് അഥവാ അനുമാനിക്കുന്നത് 1380 കോടി വർഷങ്ങൾക്കു മുൻപ് ഇന്ന് നാം ജീവിക്കുന്ന നമുക്കറിയാവുന്ന പ്രപഞ്ചം ഉണ്ടായി എന്നാണ്. അതിനുമുൻപ് സ്ഥലവും സമയവും പദാർത്ഥവും ഉണ്ടായിരുന്നു എന്നതിന് തെളിവില്ല . എന്നാൽ പദാർത്ഥമായി മാറാവുന്ന ഊർജ്ജം അനന്തസാന്ദ്രതയിൽ സിങ്കുലാരിറ്റി എന്ന് ശാസ്ത്രജ്ഞന്മാർ വിളിക്കുന്ന ഒരവസ്ഥയിലായിരുന്നു . വികാസത്തിന്റെ ആരംഭമവിടെയാണ്. മഹാവിസ്ഫോടനം (Big Bang) ഊർജ്ജത്തിൽനിന്ന് പദാർത്ഥത്തിലേക്കുള്ള പരിണാമവഴികളുടെ നിയമങ്ങളായാണ് ഫിസിക്സിൽ നാം കാണുന്നത്. തുടർന്നുള്ള പദാർത്ഥത്തിന്റെ ഉയർന്ന ആറ്റമുകളിലേയ്ക്കും മോളിക്യൂളുകളിലേയ്ക്കും സംയുക്തങ്ങളിലേയ്ക്കുമുള്ള പരിണാമനിയമങ്ങളാണ് രസതന്ത്രത്തിലുള്ളത്. പ്രാക്തനയൂഷം (Premordial Soup) എന്ന ഒരു ആദിമരാസക്കുഴമ്പിൽനിന്ന് ജീവന്റെ സ്ഫുരണങ്ങൾ രൂപം കൊണ്ട് പരിണാമ പ്രക്രിയയിലൂടെ മനുഷ്യൻവരെയും അവന്റെ മസ്തിഷ്കംവരെയും എത്തിച്ചേർന്ന വഴികളാണ് ജന്തുശാസ്ത്രം.

മഹാവിസ്ഫോടനം നടന്നത് 1380 കോടി വർഷങ്ങൾക്കു മുൻപായിരുന്നു എന്ന് സുചിപ്പിച്ചിരുന്നുവല്ലോ .ഒരുകോടി എന്ന സംഖ്യ നാം വളരെ എളുപ്പത്തിൽ പറയുന്നുവെങ്കിലും അത് ഉൾക്കൊള്ളുവാൻ വലിയ വിഭാവനാശേഷിവേണം . സെക്കന്റിൽ ഒരു രൂപ എന്ന കണക്കിൽ എണ്ണിയാൽ ഒരുകോടി രൂപ എണ്ണിത്തീർക്കുവാൻ ഉണ്ണാതെ ഉറങ്ങാതെ നാലുമാസം വേണം. സൂര്യൻ ഉയിർക്കൊണ്ടത് 500 കോടി വർഷങ്ങൾക്കുമുമ്പുണ്ടായ ഒരു സൂപ്പർ നോവ വിസ്ഫോടനത്തിന്റെ ചിതയിൽ നിന്നാണ്. ഭൂമി ഉരിത്തിരിഞ്ഞുണ്ടായത് 450 കോടി വർഷങ്ങൾക്കുമുമ്പാണ്. ജീവന്റെ സ്ഫുരണങ്ങളുണ്ടായത് 350 കോടി വർഷങ്ങൾക്കുമുമ്പാണ്. ഏകകോശജീവികൾ ഘടിച്ചും വിഘടിച്ചും പുനർഘടിച്ചും ബഹു കോശജീവികളായി .അത് ജലത്തിൽ നിന്നു കരയിലേക്ക് കയറുന്ന കാലം 50-45 കോടി വർഷങ്ങൾക്കിടയിലാണ് ഈ കാലഘട്ടത്തെ കേംബ്രിയൻ കാലഘട്ടമെന്നു പറയുന്നു. തുടർന്ന് ഇങ്ങനെ:-

| കാലം കോടിവർഷം | പരിണാമഘട്ടത്തിലെ ജീവികൾ | കാലഘട്ടം |
|---|---|---|
| 45-40 | മത്സ്യങ്ങളും ഷഡ്പദങ്ങളും | സെല്യൂറിയൻ |
| 40-35 | ഉരഗങ്ങൾ, ഉഭയജീവികൾ, പന്നച്ചെടികൾ | ഡെവോണിയൻ |
| 35-30 | ചിറകുള്ള ഷഡ്പദം, ഉരഗങ്ങൾ | കാർബോണിഫെറസ് |
| 30-25 | കടൽ ഉരഗങ്ങൾ | പെർമിയൻ |

| | | |
|---|---|---|
| 25–20 | ദിനോസറുകൾ, പക്ഷികൾ, സസ്തനികൾ | ട്രയാസ്സിക് |
| 20–15 | ദിനോസർവാഴ്ച, പക്ഷികൾ, പൈൻമരങ്ങൾ | ജുറാസിക് |
| 15–7 | പുക്കുന്ന സസ്യം, മുള്ളുള്ള മത്സ്യം,പാമ്പ്,കടലാമ, മുതല, മലയണ്ണാൻ, ദിനോസറുകളുടെ അന്ത്യം. | ക്രിട്ടേഷ്യസ് |
| 7കോടി – 20 ലക്ഷം | ദിനോസറുകളുടെ അന്ത്യം,കുരങ്ങ് ,കുതിര, പുല്ലുതിന്നുന്ന സസ്തനി, ആദിമമനുഷ്യൻ , മനുഷ്യ പൂർവ്വികൻ | ടെർഷ്യറി |
| 20ലക്ഷം-> | ആൾക്കുരങ്ങും മനുഷ്യനും ചിന്തിച്ചുതുടങ്ങുന്നവൻ | ക്വാർടർനറി |

പലപല ഘടകങ്ങളുടെയും പ്രത്യേകതകളുടെയും അടിസ്ഥാനത്തിൽ ജീവജാതികളെ ശാസ്ത്രം ശാസ്ത്രിയമായി വർഗ്ഗികരിച്ചിട്ടുണ്ട്. ഏതു രാജവിഭാഗം, ഫൈലം, ക്ലാസ്, ഓർഡർ, കുടുംബം, ജനുസ്സ്, സ്പീഷിസ് എന്ന രീതിയിൽ അതാതിന്റെ പരിണാമവീഥിക്കുടി അതിൽനിന്നറിയാം. മനുഷ്യനെ എപ്രകാരം വർഗ്ഗികരിച്ചിരിക്കുന്നു എന്ന് മാത്രം നമുക്കു നോക്കാം.

1) രാജ വിഭാഗം – അനിമാലിയ(ജന്തുസാമ്രാജ്യത്തിൽ, സസ്യമല്ല)
2) ഫൈലം – കോർഡേറ്റ (നട്ടെല്ലിന്റെ ഭാഗത്തു നീണ്ടചരടുപോലെ ഒന്നുണ്ട്)
3) ഉപഫൈലം – വെർടിബ്രേറ്റ(നട്ടെല്ലുള്ളതിനാൽ)
4) ക്ലാസ്സ് – മാന്മാലിയ(കുഞ്ഞുങ്ങളെ പ്രസവിച്ച് മുലയൂട്ടുന്നതിനാൽ)
5) ഓർഡർ – പ്രൈമേറ്റ്(അള്ളിപ്പിടിക്കാവുന്ന കൈകളും, ഇരുവശം കണ്ണുകളുമുണ്ട്)
6) കുടുംബം – ഹോമിനിഡെ (ഇരുകാലിൽ നിവർന്നുനടക്കുന്ന ജന്തുവായതിനാൽ)
7) ജനുസ്സ് – ഹോമോ(ഹോമിഡുകൾ എന്ന കുടുംബത്തിലെ അംഗം)
8) സ്പീഷിസ് – ഹോമോസാപിയൻസ് (ചിന്തിക്കുന്നവൻ,തമ്മിൽതമ്മിൽ ഇണചേർന്ന് സന്തത്യുത്പാദനം)

മനുഷ്യന്റെ കുടുംബത്തിലോ ജനുസ്സിലോ മറ്റു ജീവികൾ ഇല്ല. ഒരേ ജനുസ്സിൽ പലതുള്ള സിംഹം, കടുവ, പുള്ളിപ്പുലി തുടങ്ങിയവയുള്ള പാന്തിറ എന്ന ജനുസ്സ് ശ്രദ്ധിക്കുക. എന്നിരുന്നാലും ഇവ തമ്മിൽ തമ്മിൽ സന്താനോല്പാദനം നടപ്പില്ല. മനുഷ്യൻ സാപിയൻസ് എന്ന സ്പിഷിസിലാണെങ്കിലും ജനുസും സ്പീഷിസും ചേർന്നാണ് ഹോമോസാപിയൻസ് എന്ന് സാധാരണ പറയുന്നത്. ചുരുക്കത്തിൽ പറഞ്ഞാൽ മനുഷ്യൻ അനിമാലിയ എന്ന ജീവസാമ്രാജ്യത്തിലെ കോർഡേറ്റ എന്ന ഫൈലത്തിൽ വെർടിബ്രേറ്റ എന്ന ഉപഫൈലത്തിൽ മാൻമാലിയ എന്ന ക്ലാസിൽ പ്രൈമേറ്റസ് എന്ന ഓർഡറിൽ ഹോമിനിഡെ എന്ന കുടുംബത്തിലെ ഹോമോ എന്ന ജനുസ്സിലെ സാപിയൻസ് എന്ന സ്പീഷിസിൽ പെടുന്നു. ഭൂമിയിലെ ഓരോ ജന്തുവും, സസ്യവും ഇതുപോലുള്ള വർഗ്ഗികരണത്തിൽ ഓരോരോ വിഭാഗത്തിൽ പെടുന്നു.

തുടരും...

ജീവിതാനുഭവങ്ങൾ

# ചതുരംഗ വീഥി

## ആദ്യനീക്കങ്ങൾ

ഹരിഹരനന്ദനൻ : 99625 83139

ലേഖകൻ ഇന്ത്യൻ എക്സ്പ്രസ്സ്, ടൈംസ് ഓഫ് ഇന്ത്യ, ഡെയിലി തന്തി പത്രങ്ങളുടെ സ്പോർട്സ് എഡിറ്റർ ആയി പ്രവർത്തിച്ചിട്ടുണ്ട്. നാൽപ്പതു വർഷത്തെ പത്രപ്രവർത്തനം, വിദേശത്തു പോയി പല ചെസ് ടൂർണമെന്റുകളും റിപ്പോർട്ട് ചെയ്ത ആദ്യത്തെ പ്രൊഫഷണൽ ജേർണലിസ്റ്റ്

കരയോഗം മാസികയ്ക്കു വേണ്ടി ഒരു പക്തി കൈകാര്യം ചെയ്യാൻ പറഞ്ഞപ്പോൾ എനിക്ക് അത് കാര്യമാത്ര പ്രസക്തവും കാലികവുമാവണമെന്നു തോന്നി. അത് കൊണ്ടാണ് ഇന്ത്യയുടെ പരമ്പരാഗത വിനോദമായ ചെസ്സിനെക്കുറിച്ചു എന്റെ അനുഭവങ്ങൾ ഖണ്ഡശ്ശ എഴുതാമെന്നു തീരുമാനിച്ചത്. ഈ കളി ഇന്ത്യയിൽ ജന്മം കൊണ്ടു എന്നത് മാത്രമല്ല, ഇതിൽ, ഇന്ന് നൂറ്റാണ്ടുകൾക്കു ശേഷം ഭാരതം ലോകത്തെ എറ്റവും ശക്തമായ രാജ്യമായി മാറിയിരിക്കുന്നു എന്നതും പ്രസക്തമാണ്. പിന്നെ കഴിഞ്ഞ നാൽപ്പതു വർഷങ്ങളായി ലോകോത്തര ചെസ്സ് മേളകൾ ഇംഗ്ലീഷിലും മലയാളത്തിലും ദിനപ്പത്രങ്ങളിൽ നേരിട്ടും അല്ലാതെയും റിപ്പോർട്ട് ചെയ്ത ഇന്ത്യയിലെ ആദ്യത്തെ പ്രൊഫഷണൽ ചെസ്സ് പത്രപ്രവർത്തകനാണ് എന്ന നിലയിലും ഇങ്ങനെയൊരുദ്യമം അഭികാമ്യമാവുമെന്നു തോന്നി.

ഞാൻ ഒരു കോളേജ് ലെവൽ ചെസ്സ് കളിക്കാരനായിരുന്നു. വീട്ടിലും നാട്ടിലുമൊക്കെ വിനോദത്തിനു മാത്രം കളിച്ചിരുന്ന ഞാൻ ഈ കളി എന്റെ ഔദ്യോഗിക ജീവിതത്തിൽ ഇത്രയധികം സ്വാധീനം ചെലുത്തുമെന്നു അത് ആദ്യമായി പഠിച്ചപ്പോഴൊ പിന്നീട് വീട്ടിലും വായനശാലാതിണ്ണയിലും ബന്ധുക്കളോടും കൂട്ടുകാരോടും ഒപ്പം കളിക്കുമ്പോഴൊ സ്വപ്നേപി വിചാരിച്ചിരുന്നില്ല. ആ ഒരു സ്ഥിതിവിശേഷത്തിനു രണ്ടു പേരാണ് കാരണം. ഒന്ന് എന്നെ കളി പഠിപ്പിച്ച പന്ത്രണ്ടു വയസ്സു മൂപ്പുള്ള വകയിലൊരു ജ്യേഷ്ഠൻ ചന്ദ്രൻ, പിന്നെ പത്രപ്രവർത്തനത്തിൽ ബോംബെയിൽ എന്റെ ആദ്യ ഗുരുവായ എ ടി പി സാരഥി.

നാട്ടിലെ ആദ്യ ഗുരുവിൽ നിന്ന് തുടങ്ങുന്നതിനു മുൻപ് ചെസ്സിലെ രണ്ടു ശാഖകളെക്കുറിച്ചു പറയേണ്ടിയിരിക്കുന്നു. ഇന്ത്യൻ, യൂറോപ്യൻ എന്ന രണ്ടു രീതികൾ. ഇതിൽ ഇന്ത്യൻ ചെസ്സ് ഇപ്പോൾ നാമമാത്ര പ്രസക്തമായെന്നു പറയാം. ലോകമെമ്പാടും ഇന്ത്യയിൽ തന്നെയും പ്രചാരത്തിലുള്ളതും ഔദ്യോഗികമായി അംഗീകരിക്കപ്പെടുകയും ഇന്ന് നമ്മൾ കാണുന്ന നിയമസംഹിതകൾ ഉള്ളതുമായ ചെസ്സിനു ചരിത്ര പുസ്തകങ്ങളിൽ സൈദ്ധാന്തികമായി മൂന്നോ നാലോ നൂറ്റാണ്ടുകളുടെ പഴക്കമേ ഉള്ളു. അതിന്റെ അർഥം ചെസ്സ് അതിനു മുൻപ് ഉണ്ടായിരുന്നില്ല എന്നല്ല. ഇപ്പറഞ്ഞത് യൂറോപ്യൻ ചെസ്സിന്റെ ആവിർഭാവത്തെ കുറിച്ചാണ്.

ഇന്ത്യൻ ചെസ്സിനു അതിനും മുൻപ് ചരിത്രമുണ്ട്. പുസ്തകങ്ങൾ പറയുന്നത് ഇന്ത്യയിൽ ജനിച്ചു പേർഷ്യയിലേക്കു പോയ ഈ കളി പിന്നീടാണ് യൂറോപ്പിൽ എത്തിയതെന്നതാണ്. ഇത് ലോകം അംഗീകരിക്കുന്ന കാര്യവുമാണ്. വാസ്തവത്തിൽ ഞാൻ ആദ്യം പഠിച്ചതും ഇന്ത്യൻ ചെസ്സ് ആണ്. ചന്ദ്രേട്ടൻ എന്നെ ഇത് പഠിപ്പിക്കുമ്പോൾ ഞാൻ അറിഞ്ഞിരുന്നില്ല ഇത് കാലഹരണപ്പെട്ട ഒരു വിദ്യയാണെന്നത്. ഇന്ന് ഞാൻ ഒരു വിലയിരുത്തലിന് തയ്യാറാവുകയാണെങ്കിൽ ഈ പഴയ വിദ്യ പുതിയതിനേക്കാൾ കൂടുതൽ സങ്കീർണവും അത് കൊണ്ട് തന്നെ പയറ്റാൻ കൂടുതൽ വിഷമകരവുമാണെന്നതാണ്.

അതിൽ കുതിരക്കും രാജാവിനും മാത്രമേ ഇന്നത്തെ ചെസ്സിനോട് സാമ്യമുള്ള നീക്കങ്ങളുള്ളൂ. യൂറോപ്യൻ ചെസ്സിൽ റാണി എറ്റവും

കരുത്തുള്ള കരുവാണെങ്കിൽ ഇവിടെ അവർക്കു ഒരു കള്ളി മാത്രമേ നിങ്ങാൻ കഴിയുകയുള്ളൂ. അതുകൊണ്ട് തന്നെ ഒരു ഇന്ത്യൻ ചെസ്സ് കളിയിൽ കൂടുതൽ സമയം ചിലവഴിച്ചാൽ മാത്രമേ മത്സരഫലം ഉണ്ടാവൂ.

മഹാഭാരതത്തിലെ ചൂതുകളിയുടെ ഒരു ചാർച്ചക്കാരനായി ചതുരംഗത്തെ പലപ്പോഴും ചിത്രീകരിക്കാറുണ്ട്. ഇത് വസ്തുതകൾക്ക് നിരക്കുന്നതല്ല. ചൂത് കളിയുടെ കൂടെ നില്കാവുന്ന ഒരു തനതു കേരള, ഇന്ത്യൻ കളിയാണ് തായം. എനിക്ക് കുട്ടിക്കാലത്തെ ഇതേ ചന്ദ്രേട്ടന്റെ മലകളാൽ ചുറ്റപ്പെട്ട പാലക്കാടൻ ഗ്രാമത്തിലെ വീട്ടിലെ ചുരുക്കം ഓർമ്മകളിൽ ഒന്ന് ഈ തായം കളിയാണ്. ചെസ്സിന്റെ ഇന്ത്യൻ പതിപ്പായ ചതുരംഗത്തിൽ ചൂതിൽ നിന്ന് വിരുദ്ധമായി ബുദ്ധിയുടെ ആവശ്യമുണ്ട്. മറിച്ചു ചൂതിലും, തായത്തിലും ഭാഗ്യം അതായത് പകിട വീഴുന്നതനുസരിച്ചാണ് കളി നിശ്ചയിക്കപ്പെടുന്നത് (കൂട്ടത്തിൽ പറയട്ടെ ഈ ചന്ദ്രേട്ടൻ തന്നെയാണ് എനിക്ക് തിരുവില്വാമലയിൽ ചോറൂണ് തന്നതും). സ്കൂളിൽ പഠിക്കുമ്പോൾ ഇന്ത്യൻ ചെസ്സ് പഠിച്ച ഞാൻ പിന്നീട് കോളേജിൽ എത്തിയപ്പോഴേക്കും പുതിയ ചെസ്സുമായി ബന്ധം പുലർത്തിയിരുന്നു. ഫിലിപ്പൈൻസിൽ അനതോലി കാർപ്പോവും വിക്ടർ കോർച്ച്നോയിയും തമ്മിലുള്ള ലോകചാമ്പ്യൻഷിപ് മത്സരം ഇംഗ്ലീഷ് ദിനപത്രങ്ങൾ ചെറുതായി കൊടുക്കാറുണ്ടായിരുന്നു. അതിനു പ്രധാന കാരണം 1972 ൽ ബോബി ഫിഷർ സൃഷ്ടിച്ച കോലാഹലങ്ങളും പിന്നീടുള്ള അദ്ദേഹത്തിന്റെ തിരോധാനവും ആയിരുന്നു. നൊട്ടേഷൻസ് അഥവാ നീക്കങ്ങൾ വാർത്തയുടെ അടിയിൽ കൊടുക്കാനും ഇന്ത്യൻ എക്സ്പ്രസ്സ് പോലുള്ള പത്രങ്ങൾ ശ്രദ്ധിച്ചിരുന്നു. അത് നോക്കി വീട്ടിലെ ബോർഡിൽ ആ കളികൾ പരിശോധിക്കാനും ഞങ്ങളെപ്പോലുള്ളവർ സമയം കണ്ടെത്തി.

അക്കാലത്തു ഞങ്ങൾ, കോളേജ് കുട്ടികളുടെ ഒരു പ്രധാന സായാഹ്നതാവളമായിരുന്നു കുഞ്ചൻ സ്മാരക വായനശാല. തൊട്ടടുത്ത സംസ്കൃത സ്കൂളിൽ വൈകുന്നേരം ക്രിക്കറ്റ് കളിക്കാൻ വേണ്ടിയാണ് ഞങ്ങൾ ഒത്തുകൂടുക. എന്നാൽ മഴയുള്ള ദിവസങ്ങളിൽ വായനശാല തിണ്ണയിൽ ചെസ്സും അകത്തെ മറ്റൊരു ഹാളിൽ ചീട്ടും തകൃതിയായി നടക്കുന്നുണ്ടാവും. ചീട്ടിൽ മുതിർന്നവരും, കാരമിൽ കുട്ടികളും ആണ് സ്ഥിരം ഉണ്ടാവുക. കാഴ്ചക്കാരായി കുറെ ദോഷൈകദൃക്കുകൾ ചുറ്റും ഉണ്ടാവുമെന്നാണ് ഈ മൂന്നു കളികളിലും ഒരു പ്രത്യേകത. പ്രത്യേകിച്ച് ചെസ്സിൽ രണ്ടു കളിക്കാർ നടത്തുന്ന നീക്കങ്ങൾ അപ്പോളപ്പോൾ വിശകലനം ചെയ്തു രണ്ടോ മൂന്നോ മുതിർന്നവർ തമ്മിൽ തമ്മിലും പിന്നെ എല്ലാവരും കേൾക്കേയും വിളിച്ചു പറഞ്ഞു കൊണ്ടിരിക്കും. രണ്ടു പതിറ്റാണ്ടുകൾക്കു ശേഷം അന്താരാഷ്ട്ര മത്സരങ്ങളിൽ എന്റെ ഔദ്യോഗിക ജീവിതത്തിൽ എപ്പോളും കാണുന്ന അനാലിസിസ് റൂം ഈ വായനശാലയുടെ തിണ്ണയിൽ നിന്നാണ് തുടങ്ങിയതെന്നു വേണമെങ്കിൽ പറയാം. അനാലിസിസ് റൂം അഥവാ വിശകലന മുറി ഇന്നത്തെ രീതിയിൽ പറഞ്ഞാൽ മാധ്യമങ്ങൾക്കും ഗ്രാൻഡ്മാസ്റ്റർമാർക്കുമൊക്കെ ലൈവ് (തത്സമയം) ആയി കളി കാണുവാനും ചർച്ച ചെയ്യാനുമുള്ള സ്ഥലം എന്ന് പറയാം.

വാസ്തവത്തിൽ ചെസ്സിലെ പിന്നാമ്പുറ വിശേഷങ്ങളാണ് ഭൂരിഭാഗം വായനക്കാരെയും ആകർഷിച്ചത്. ആദ്യം അത് പുറത്തു വന്നത് ബോബി ഫിഷർ സ്പാസ്കിയുമായുള്ള മത്സരത്തിൽ സൃഷ്ടിച്ച വിവാദങ്ങളാണ്. അതിനൊരു രാഷ്ട്രീയ നിറം പിടിപ്പിച്ചു അമേരിക്കയും സോവിയറ്റ് യൂണിയനും തമ്മിലെ യുദ്ധമായി മാധ്യമങ്ങൾ വാഴ്ത്തി. അമ്പതു വർഷം മുൻപ് നടന്ന ആ വിവാദങ്ങൾ പിന്നീട് കോർച്ച്നോയി കാർപ്പോവ് മത്സരങ്ങളിലും അത് പോലെ വിവിധ ലോക ചാംപ്യൻഷിപ് മത്സരങ്ങളിലും അരങ്ങേറി. സാധാരണക്കാരെ ചെസ്സിലേക്കാകർഷിച്ചതും ഈ മസാല വിശേഷങ്ങളായിരുന്നു. ആ വിശിഷ്ട വ്യക്തികളുടെ കരുനീക്കങ്ങൾ പഠിക്കുന്നതിനിടയിൽ ഈ വിശേഷങ്ങളും ഞാൻ

ശ്രദ്ധിച്ചിരുന്നു.

ഇംഗ്ലീഷ് എം എ പിന്നെ ജേർണലിസം വിദ്യാഭ്യാസം കഴിഞ്ഞു ബോംബയിൽ തൊഴിൽ അന്വേഷിച്ചു ചെന്ന എനിക്ക് ആദ്യം വാതിൽ തുറന്നതു റുസി കരൻജിയയുടെ ബ്ലിറ്റ്സ് പത്രമായ ഡെയിലി ആയിരുന്നു. അവിടെ എന്റെ ആദ്യത്തെ ഗുരുവായ എ ടി പി സാരഥി ആദ്യത്തെ പത്തു ദിവസം എന്നെ പരേലിലുള്ള ബോംബെ ഫുട്ബോൾ ലീഗ് കവർ ചെയ്യാനയച്ചു. പെട്ടെന്ന് അദ്ദേഹം എന്നോട് പറഞ്ഞു. 'തന്റെ ബയോഡാറ്റയിൽ ചെസ്സ് കളിച്ചിരുന്നു എന്ന് പറയുന്നുവല്ലോ, ബാന്ദ്രയിലെ അന്താരാഷ്ട്ര ചെസ്സ് ടൂർണമെന്റ് കവർ ചെയ്യൂ.' അന്ന് രാവിലെ ഇന്ത്യൻ എക്സ്പ്രസിൽ വന്ന ഒരു വിവാദ ലേഖനം ഞാൻ ശ്രദ്ധിച്ചിരുന്നു. ആദ്യം ഞാനൊന്ന് ഞെട്ടി. ചെസ്സ് കളിക്കാമെന്നല്ലാതെ അത് റിപ്പോർട്ട് ചെയ്യാൻ പറ്റുന്ന ഒരു വിഷയമായി എനിക്ക് അതുവരെ തോന്നിയിരുന്നില്ല. ഒരു പഞ്ച നക്ഷത്ര ഹോട്ടലിൽ (ഹോട്ടൽ സീറോക്ക്) നടക്കുന്ന ആ ടൂർണമെന്റിന്റെ നടത്തിപ്പിനെ പറ്റിയായിരുന്നു എക്സ്പ്രസ്സിലെ വിവാദം. ആളുകൾക്ക് കാണാൻ സാധിക്കുന്നില്ല, മുകളിലെ നിലയിൽ തട്ടകലമില്ല തുടങ്ങിയ ബാലിശമായ ആരോപണങ്ങളാണ് ഉന്നയിച്ചിരുന്നത്. വാസ്തവത്തിൽ സാരഥി എന്നിൽ നിന്ന് പ്രതീക്ഷിച്ചതും ഇത്തരം ലേഖനങ്ങളാണെന്നത് പിന്നീടാണ് മനസ്സിലായത്. ആ ടൂർണമെന്റ് അങ്ങിനെ എക്സ്പ്രസ്സിനുള്ള മറുപടിയും എന്നാൽ പ്രധാനമായും അതാത് ദിവസത്തെ റിപ്പോർട്ടുകളുമായി ഞാൻ കരകയറി. കൂട്ടത്തിൽ പറയട്ടെ സാരഥി അന്ന് ബോംബയിൽ എറ്റവും ഗൗനിക്കപ്പെടുന്ന ചുരുക്കം പത്രപ്രവർത്തകരിൽ ഒരാളായിരുന്നു. പ്രത്യേകിച്ച് ഹോക്കിയിൽ. അദ്ദേഹത്തിന്റെ അഭിപ്രായങ്ങൾ ലോക ഫെഡറേഷൻ വരെ മാനിച്ചു അദ്ദേഹത്തെ അക്രെഡിറ്റ് ചെയ്തിരുന്നു. മുപ്പതു കൊല്ലത്തെ ഇന്ത്യൻ എക്സ്പ്രസ്സ് ജോലിയിൽ നിന്ന് വിരമിച്ച ശേഷം കരൻജിയ തന്റെ പത്രം ഇറക്കുന്നത്തിലേക്ക് ക്ഷണിച്ചപ്പോഴാണ് അദ്ദേഹം ഡെയിലിയിൽ ചേർന്നത്.

ആ ടൂർണമെന്റ് കാര്യമാത്രപ്രസക്തമായി റിപ്പോർട്ട് ചെയ്ത എനിക്ക് അടുത്ത ഒരു വർഷത്തിനിടയിൽ രണ്ടു ദേശീയ ടൂർണമെന്റുകൾ കൂടി ബോംബയിൽ വിരുന്നു വന്നു. അതിലൊന്നിൽവെച്ചാണ് ഞാൻ വിശ്വനാഥൻ ആനന്ദിനെ പരിചയപ്പെടുന്നതും പിന്നീട് മുപ്പതോളം വർഷം അദ്ദേഹത്തെ കുറിച്ച് ആയിരത്തോളം (കൂടുതലുമാവാം) ലേഖനങ്ങൾ വിവിധ പത്രങ്ങൾക്കു വേണ്ടി എഴുതുന്നതും. പതിനാറു വയസ്സിൽ ഇന്ത്യയുടെ ദേശീയ ചാമ്പ്യൻ ആയി ചരിത്രം സൃഷ്ടിച്ച ആ ബാലൻ പിന്നീട് ലോകം കീഴടക്കുമ്പോൾ അതിന്റെ ഭാഗമാകുവാൻ കഴിഞ്ഞത് എന്റെ പത്രപ്രവർത്തന ജീവിതത്തിലെ ഒരു മനോഹരമായ അധ്യായമായി ഞാൻ കരുതുന്നു. അന്നത്തെ ദേശീയ ടൂർണമെന്റിൽ ഒരു വിശ്രമ ദിവസം ആനന്ദിന്റെ മെസ്റ്റൽ എന്ന ഇംഗ്ലീഷ് ഗ്രാൻഡ്മാസ്റ്ററുടെ മേലുള്ള ഇരുപതു നീക്കം മാത്രമുള്ള കളി നൊട്ടേഷൻസ് സഹിതം കൊടുത്തപ്പോൾ അത് സാരഥി ആർക്കും മനസ്സിലാവില്ലെന്നു പറഞ്ഞു നിരസിക്കുകയും ചെയ്തപ്പോൾ സങ്കടം തോന്നി. പക്ഷെ നാല് ദിവസത്തിനു ശേഷം ആനന്ദ് ചാമ്പ്യൻ ആയപ്പോൾ അദ്ദേഹം എന്നോട് ആ കളി ആവശ്യപ്പെട്ടത് എന്നെ അത്ഭുതപ്പെടുത്തി. അതിനിടെ ഞാൻ ആനന്ദിന്റെ കയ്യിൽ നിന്നും എഴുതി വാങ്ങിയ ആ കളി ഉള്ള കടലാസ് നഷ്ടപ്പെട്ടിരുന്നു. സാരഥി വീണ്ടും ചോദിച്ചപ്പോൾ ഞാൻ ആനന്ദിനോട് നീക്കങ്ങൾ ചോദിക്കുകയും അദ്ദേഹം കുറച്ചൊരു നീരസത്തോടെ എന്നോട് പറയുകയും ചെയ്തു. 'ഒരു തവണ ഞാൻ എഴുതി തന്നതല്ലേ. ഞാൻ പറയാം എഴുതിയെടുക്കാനാവുമോ.' ആ ചോദ്യത്തിൽ ഒരു ചെറിയ പരീക്ഷ കൂടി ഉണ്ടായിരുന്നു എന്ന് എനിക്ക് മനസ്സിലായി. അതായത് ചെസ്സുമായി നല്ല ബന്ധമുള്ള ആളല്ലെങ്കിൽ അദ്ദേഹം ഉരുവിടുമ്പോൾ, അതും അദ്ദേഹത്തിന്റെ സ്പീഡിൽ അങ്ങിനെ എഴുതിയെടുക്കാൻ സാധിക്കുമായിരുന്നില്ല. അവിടെ തുടങ്ങുന്നു എന്റെ ചെസ്സ് മാരത്തോൺ.

(തുടരും)

# നമ:ശിവായ

ഡോ. കെ. ഹരിഹരൻ - 9847313322

(തുടർച്ച)

ശിവായ ഗൗരി ഇത്യാദിയിൽ തുടങ്ങുന്ന ശ്ലോകം പഞ്ചാക്ഷരമന്ത്രസ്തോത്രത്തിലെ മദ്ധ്യമ ശ്ലോകമാണ്. രണ്ടു ശ്ലോകങ്ങൾ മുന്നിലും രണ്ടു ശ്ലോകങ്ങൾ പിന്നിലുമുണ്ട്. മദ്ധ്യമ ശ്ലോകം ഹൃദയ സമാനമാണ്. ആദ്യത്തേയും അവസാനത്തേയും ശ്ലോകങ്ങൾ രണ്ടു ചരണങ്ങൾക്കും സമാനമാണ്. സ്വരൂപവർണ്ണനയാണ് :നിത്യായ ശുദ്ധയാ ദിഗംബരായ എന്ന അവസാന ശ്ലോകത്തിലും വരുന്നത് അത്യന്തം സദൃശ്യമാണ്. അതു പോലെ രണ്ടാം ശ്ലോകവും നാലാം ശ്ലോകവും സദൃശ്യമാണ്. 'മന്ദാകിനി സലീല ചന്ദന ചർച്ചിതയായ' തുടങ്ങിയ ശ്ലോകങ്ങൾ ക്രിയാ പ്രധാനമാണ് 'വസിഷ്ഠാദി മുനീദ്രദേവാർച്ചിതയായ' യും ക്രിയാപ്രധാനമാണ് രണ്ടു കൈകളും രണ്ടു കാലുകളും പോലെ ആദ്യവും അവസാനവും രണ്ടുവീതം ശ്ലോകങ്ങൾ മധ്യത്തിൽ ഹൃദയ രൂപമായ ശ്ലോകം അതിനാൽ ഈ ശ്ലോകത്തിന്റെ മഹത്വം സർവ്വാധികമാണ് അതായതു ഇതിൽ അർത്ഥാധികമുണ്ട്

ശിവ ശബ്ദത്തിനു എല്ലാറ്റിനെയും വശത്തിലാക്കുന്നവനെന്നും അന്തര്യാമിയെന്നും അർത്ഥം ആദ്യം പറഞ്ഞു ഇപ്പോൾ 'ശി'എന്നതിനുതന്നേ 'ശിവ' അർത്ഥമെടുക്കുകയാണ് അതായതു അർത്ഥവിശേഷം വിവക്ഷിതമാണ് ശ-ഇ-വ ഇങ്ങനെ മൂന്നക്ഷരങ്ങൾ ശിവ എന്നതിലുണ്ട് 'ശ'എന്നതിന്'ശം,''ഇ' കാരം പുരുഷൻ 'വ' കാരത്തിന് ശക്തി അമൃതം എന്നർത്ഥം.'ശ' എന്നതിനു മംഗളം ശുഭം എന്നർത്ഥം സൂര്യനെയാണ് മിത്രൻ എന്നുപറയുന്നത് ദീനാഭിമാനിയും പ്രാണാഭിമാനിയുമായ ദേവതയെന്നാണ് ഇവിടെ അർഥം ആര്യമാവു കണ്ണുകളുടെ അധിഷ്ട മാതൃദേവതയും പിതൃലോകാധിഷ്ഠതാവും എന്നർത്ഥം ബലത്തിന്റെ അധിഷ്ടാവ് ഇന്ദ്രനാണ്. വാക്കിന്റെയും ബുദ്ധിയുടെയും ദേവത ബ്രഹസ്പതിയാണ് പാദങ്ങളുടെ അധിഷ്ഠാന ദേവത വിഷ്ണുവാണ്. സത്കാര്യങ്ങളിലേർപ്പെട്ടാൽ ദിനം മംഗളമാകുന്നു സദ്വിചാരയുക്തമായാൽ രാത്രിയും മംഗളമയമാകുന്നു ഉത്തമ ശാസ്ത്രകർമ്മങ്ങളാൽ പിതൃലോകം മംഗളമയമാകുന്നു സദുപാസനയാൽ ദേവലോകവും ഇന്ദ്രലോകവും മരണശേഷം മംഗളമയമാകും അതായതു നമ്മുടെ സദുപാസനയാലും സത്കർമ്മങ്ങൾ കൊണ്ടും സുസമ്പന്നമായ, വാങ്മയജന്യമായ ബ്രഹസ്പതിലോകം മംഗളമയമായിത്തീർന്നു അവസാനം വിഷ്ണുലോകാത്മകമായ പരമഗതി മംഗളമയമാകും ഇങ്ങനെ ഏതു പ്രകാരത്തിലായാലും 'ശം' എന്നതിന് ശിവപദത്തിലെ ശ എന്നാണർത്ഥം. താല്പര്യാർത്ഥമിതാണ് ദിനരാത്രം നമ്മുടെ പ്രസന്നത നിലനിൽക്കട്ടേ, കർമ്മവും ഉപാസനയും ചെയ്യുമ്പോഴും അതിനുശേഷവും പ്രസന്നത നിലനിൽക്കട്ടേ വേദാദ്ധ്യായനം തുടങ്ങിയവ വാങ്മയത്തിന്റെ പ്രസന്നതയ്ക്കു കാരണമാകട്ടേ ജ്ഞാനവും ഭക്തിയും ആനന്ദത്തെ തരുമാറാകട്ടേ, 'ശി' കാര പ്രധാനമായ'നമഃശിവായ' ജപ നമസ്കാരത്താൽ 'ഇ' എന്നതിനർത്ഥം പുരുഷൻ എന്നാണ് 'യേനേദം പൂർണ്ണം പുരുഷേ്ണ സർവ്വം'എന്നതിൽ പറഞ്ഞിട്ടുള്ള പൂർണ്ണമാണ് പുരുഷൻ പുരിശായി പുരുഷ എന്നും അർത്ഥമുണ്ട് ഹൃഹദപുരിയിൽ അഭിവ്യക്തമാകുന്നവൻ എന്ന അർത്ഥത്തിൽ പുരിശായിയെന്നും പറയാം മാമ്പഴത്തിനു മധുരമുള്ളപ്പോൾ, മാവിന്റെ ശാഖക്കും ഇലകൾക്കും മധുരമില്ല. ശാഖക്കും ഇലകൾക്കും മധുരമില്ലങ്കിൽ മാമ്പഴത്തിനുമാത്രമെങ്ങനെ മധുരമുണ്ടായി? ഇലകളിലും മറ്റും അനദിവ്യക്തമായ മാധുര്യമാണ് എന്നാണ് മാമ്പഴത്തിൽ മധുരം അഭിവ്യ്ക്തമാ

യാണിരിക്കുന്നത് നാനാവിധ മംഗളദായി വ്യാപക ഹൃദായാഭി വ്യംഗ്യ ചൈതന്യമെന്നാണ് മുഴുവൻ അർത്ഥം 'വ' എന്നതിന് ശക്തി അമൃത് എന്നർത്ഥം, 'വം' എന്നത് ജലത്തിന്റെ ബീജാക്ഷരവും അമൃതികരണത്തിൻെറ മന്ത്രവുമാണ് അമൃതം എന്നതിന് മരണരഹിതമെന്ന് അർത്ഥമെടുത്താൽ 'മ' എന്നതിന് നിത്യശക്തി എന്നർത്ഥം ലഭിക്കും ശിവൻ ഷഡ്വിധ മംഗള സ്വരൂപനും പൂർണ്ണാസ്വരൂപനും ശക്തിമാനുമെന്ന് പറയുമ്പോൾ ഈ ഗുണങ്ങൾക്കായി നാം പ്രാർഥിക്കുന്നു എന്നും അർത്ഥമുണ്ട്. ആരുടെ പക്കലാണോ സാധനങ്ങൾ അപാരമായുള്ളതു, അവർക്കെ കൊടുക്കാൻ സാധിക്കുകയുള്ളു അതുകൊണ്ടു പരമമംഗളദായിയും പൂർണ്ണത്വദായിയും ശക്തിദായിയുമാണ് ശിവൻ എന്നു ലക്ഷ്യാർത്ഥം അദ്ദേഹത്തോടു പ്രാർഥിച്ചാൽ ഭഗവാൻ ശിവൻ എല്ലാം നൽകും

'ശാന്തം പത്മാസനസ്ഥം ശശിധരമുകുടം പഞ്ചവക്ത്രം ത്രിനേത്രം' മംഗളമയനായതുകൊണ്ടു ശാന്തൻ നിത്യ സുഖത്തിലും ആനന്ദത്തിലും കഴിയുന്നവൻ എപ്പോഴും സമാധിയിൽ ഇരുന്ന്, സമാധി സുഖനുഭാവം അനുഭവിക്കുന്നവൻ ബ്രഹ്മാവിന്റെ കർമ്മം സൃഷ്ടിയാണ് വിഷ്ണുവിന് സകലരെയും പരിപാലിക്കണം രുദ്രന് സംഹാരമാണ് കർമ്മം ബ്രഹ്മാവു് സൃഷ്ടിയുടെ തിരക്കിലാണ് അദ്ദേഹം ജഗത് ഉല്പാദനശാലയാണ് നടത്തുന്നത് വിഷ്ണുവിനാണെങ്കിൽ സകലരെയും പരിപാലിച്ചു രക്ഷിക്കണം 'പാലനേ വിമല സത്ത്വധാരിണേ' അദ്ദേഹത്തിനും ശാന്തിയും സ്വസ്ഥതയുമുണ്ടാവില്ല സംഹാരമാണങ്കിൽ പ്രളയകാലത്താണ് നടക്കുന്നത് അതുവരെ രുദ്രൻ സ്വസ്ഥനായി തന്നെയിരിക്കുന്നതിനാൽ രുദ്രനു മാത്രമേ ശാന്തിയും സ്വസ്ഥതയുമുള്ളൂ അതുകൊണ്ടു ബ്രഹ്മാവിനോടോ വിഷ്ണുവിനോടോ എന്തെങ്കിലും പ്രാർഥിച്ചാൽ അവർ പറയും കർമ്മത്തിൽ ഏർപ്പെട്ടിരിക്കുകയാണ് കാത്തിരിക്കുക, നോക്കട്ടെ 'ശങ്കരനോ? വെറുതെയിരിക്കുകയാണ് ആരെങ്കിലും എന്തെങ്കിലും ചോദിച്ചുവരുന്നുണ്ടോ എന്നും നോക്കിയിരിക്കുകയാണ് ആരെങ്കിലും വന്നാൽ സന്തുഷ്ടനാകും എന്നിട്ടു പറയും 'ഇപ്പോൾ തന്നെ ചെയ്തു തന്നേക്കാം അതുകൊണ്ടു തന്നെ ശങ്കരന് 'ആശ്രുതോഷൻ' എന്ന പേരുവീണു ശങ്കര ഭഗവാന് രണ്ടുജോലിയെ ഉള്ളു ഒന്ന് സമാധിയിലേർപ്പെടുക, രണ്ട് പ്രളയകാലത്തു സംഹരിക്കുക. സംഹാര സമയം ആഗതമാകുപ്പോൾ പ്രളയം സംഭവിക്കും. ആളുകൾ മരിക്കുന്നതെല്ലാം സംഹാരമല്ല അതെല്ലാം ഒരു ശരീരത്തിൽ നിന്നും മറ്റൊരു ശരീരത്തിലേ്ക്ക് നടത്തുന്ന ജീവന്റെ പ്രയാണം മാത്രമാണ് അഥവാ മൃത്യുവിന് പ്രയാണം എന്നാണ് വിശേഷണം ഇനിയൊരു ക്രിയയുമില്ല എന്ന അവസ്ഥയാണ് സംഹാരം. വസ്തുക്കൾക്ക് സാധാരണയായി നാശമുണ്ടാകുന്നില്ല അവ സൂക്ഷ്മരൂപത്തിലായിരിക്കും ശരീരം മൃതമായാൽ അതിന്റെ മൂലപദാർത്ഥത്തിൽ ലയിക്കും സംഹാരത്തിലാകട്ടെ പഞ്ചഭുതമോ സൂക്ഷ്മഭൂതമോ ഇല്ല സൃഷ്ടിസ്ഥിതി കാലങ്ങളിൽ ശങ്കരൻ സമാധിയിലേർപ്പെട്ടുകൊണ്ടിരിക്കുന്നു കൂടതെ ഭക്തരെ അനുഗ്രഹിക്കുകയും ചെയ്യുന്നു.

മോക്ഷദാതാവാണ് ഭഗവാൻ ശിവൻ. സാക്ഷാൽ മോക്ഷം ആരും തരുന്നില്ല ഏന്തെന്നാൽ അതുകൊടുക്കാനും വാങ്ങിക്കാനുമുള്ള സാധനമല്ല ജ്ഞാനമുണ്ടായാൽ ഉണ്ടാകുന്ന സ്വസ്വരൂപാനുസന്ധാനമാണ് മോക്ഷം. ആ ജ്ഞാനദാതാവാണ് ശിവൻ അതിനാൽ ശിവൻ മോക്ഷദായി എന്നു അറിയപ്പെടുന്നു. ക്ഷേമകാരിയും ഭഗവാൻ ശങ്കരൻ തന്നെയാണ് ക്ഷേമം എന്നാൽ കുശലം തന്നെ. ധന ധാന്യ സമ്പത്ത് എന്നും അർത്ഥമുണ്ട് സ്വയം വിരക്തനാകയാൽ, തന്റെ പക്കലുള്ളതെല്ലാം ഭഗവാൻ മറ്റുള്ളവർക്ക് കൊടുക്കും. അദ്ദേഹം സ്വയം കുബേരനെ നിധിപതിയാക്കി മിത്രവുമാക്കിയിട്ടുണ്ട്. എല്ലാവർക്കും കുബേരനാകാനാണ് ആഗ്രഹം എന്നാൽ കുബേരനാകാൻ ശങ്കര കൃപ വേണം 'ദാരിദ്ര്യ ദു:ഖ ദഹനായ നമഃശിവായ'

ക്ഷേമത്തിന് കുശലം വേണം ശം കല്യാണം ഭവതി ഇതി ശംഭവഃമയഃ സുഖം ഭവതീതി മയോ ഭവഃശങ്കരൻ സ്വയം കല്യാണ സ്വരൂപനാണ് മംഗല്യമയനാണ് അതുകൊണ്ടു ശങ്കരന്റെ പ്രഭാത ദർശനം മംഗളകരമാണ്. സുഖകരമാണ് സ്വയം മംഗളരൂപനും സുഖരൂപനും ആയതിനാൽ മറ്റുള്ളവരെയും മംഗളസുഖസ്വരൂപരാക്കിതീർക്കുന്നവനുമാണ് ശങ്കരൻ.

ശിവന് ജലമെന്നും അർത്ഥമുണ്ട് ശിവനാണ് ജലത്തിന്റെ അധിഷ്ഠാതാവു. പഞ്ചഭൂതങ്ങൾക്കു അഞ്ചു അധിഷ്ഠാതാക്കളുണ്ട് പൃഥിക്ക് ഗണേശൻ, അഗ്നിക്ക് സൂര്യൻ എന്നതുപോലെ ജലത്തിന് അധിഷ്ഠാതാവണ് ശിവൻ ജലത്തിന് ജീവനമെന്നും പേരുണ്ട് 'ജീവനം ഭുവനം വനം 'ജീവദാതാവാണ് ഭഗവാൻ ശങ്കരൻ. ജലമില്ലെങ്കിൽ ജീവനുമില്ല അതുകൊണ്ട് ജലം തന്നെ ജീവനെന്നു പറഞ്ഞു. ശിവന് സുഖമെന്നും അർത്ഥമുണ്ട് സുഖത്തിനും മംഗളത്തിനും വ്യത്യാസമുണ്ട്. ദുഃഖത്തിലും ക്ഷേമമുണ്ടാകാം. ദുഃഖത്തിൽ പോലും സുഖം ഒളിഞ്ഞിരിക്കുന്നു. ഭാവിസുഖം ആ ദുഃഖത്തിലാണ്. അതുകൊണ്ടു ശിവനെ ശംഭു എന്നും മയോഭു എന്നും വിളിക്കുന്നു. അമരകോശത്തിൽ ക്ഷേമപദത്തിൽ നിന്ന് വേറിട്ട പദമായാണ് സുഖംമെന്ന പദം. ഉത്തരക്ഷേമവും വർത്തമാനക്ഷേമവും, രണ്ടും ശിവഭക്തിയിൽ ഉണ്ട്. അതിൽ ഭാവിസുഖവും വർത്തമാനസുഖവും അടങ്ങിയിട്ടുണ്ട് അതിനാൽ ശിവനിൽ നിന്നും ഈ രണ്ടർത്ഥവും ഉല്പന്നമാകുന്നു

(തുടരും)

*****

## ഗാന്ധി സൂക്തം

### സത്യത്തിന്റെ സ്വരം

സത്യവും അഹിംസയുമാണ് ഞാൻ വിഭാവനം ചെയ്യുന്ന വ്യവസ്ഥിതിയുടെ ആധാരം. നാം സമുഹത്തിനു ഒരു ഭാരമാവരുത്. അതായത് നാം സ്വന്തം കാലിൽ നിൽക്കാൻ പഠിക്കണം. സ്വാശ്രയത്വം എന്നത് തന്നെ ഒരു സേവനമാണ്. വിശ്രമവേളകൾ മറ്റുള്ളവരുടെ സേവനത്തിനായി നാം നീക്കിവയ്ക്കണം എല്ലാവരും സ്വാശ്രയത്വം നേടിയാൽ പിന്നീട് ആർക്കും ബുദ്ധിമുട്ട് ഉണ്ടാവില്ല. അത്തരമൊരവസ്ഥയിൽ ആർക്കും സേവനം നൽകേണ്ട കാര്യമില്ല. എന്നാൽ നാമിനിയും ആ തലത്തിൽ എത്തിച്ചേർന്നിട്ടില്ലാത്തതിനാൽ സാമൂഹ്യ സേവനത്തെപ്പറ്റി നാം ചിന്തിക്കണം. ഇനി സ്വാശ്രയത്വം എന്നത് പൂർണ്ണമായി നേടിയാൽ തന്നെ ഒരു സാമൂഹ്യ ജീവി ആയതിനാൽ അന്യോന്യസഹകരണമില്ലാതെ മനുഷ്യന് ജീവിക്കാനാവില്ല. സമൂഹത്തെ നന്നായി പരിപാലിക്കാൻ അന്യോന്യാശ്രയം വേണമെങ്കിൽ അതൊരിക്കലും ഒരു ആശ്രയത്വമായി കണക്കാക്കരുത്. അതാണ് സഹകരണം. സഹകരണത്തിൽ മാധുര്യമുണ്ട്. സഹകാരികളുടെ ഇടയിൽ കരുത്താനോ ദുർബലാനോ ഇല്ല. എന്റേതെന്നോ നിന്റേതെന്നോ ഉള്ള ഭേദമില്ല. ലോകമാകെ ഒരു കുടുംബമായിക്കണ്ടാൽ നാമെല്ലാം സഹകാരികളായി മാറുന്നു. സഹകരണത്തിന്റേതായ അന്തരീക്ഷത്തിൽ ജീവനില്ലാത്ത യന്ത്രങ്ങളുടെ സഹായം നമുക്ക് ആവശ്യമില്ല. യന്ത്രങ്ങളെ പരമാവധി ആശ്രയിക്കാതെ, കഴിയുന്നത്ര കുറച്ച് അതുപയോഗിക്കാൻ പഠിച്ചാൽ അതിലാണ് ശരിയായ സുരക്ഷയും സമൂഹത്തിന്റെ ആത്മരക്ഷോപായവും.

# ആഗോളതാപനം വീണ്ടും ആശങ്കാജനകം

എൻ. രാജശേഖരൻ – 9895550719

(തുടർച്ച)

ആഗോളതാപനത്തിന്റെ ഫലമായി കൊടുംകാറ്റുകൾക്കു ശക്തി വർദ്ധിക്കുകയും, തൻമൂലമുള്ള ദുരന്തങ്ങൾ ജനജീവിതം താറുമാറാക്കുന്നു ചൂടു കുടുതലാകുന്നതോടെ കൃഷിരീതികൾ മാറ്റാൻ കർഷകർ നിർബന്ധിതരാകും , കൃത്യമായ കാലാവസ്ഥകൾ ഇല്ലാതാവുകയും താപനില മുൻപൊരിക്കലുമില്ലാത്ത രീതിയിൽ വർദ്ധിക്കാനുമിടയാവും മഴയെ ആശ്രയിച്ചു കൃഷി ചെയ്യുക എന്ന പതിവുരീതി ഉപേക്ഷിക്കേണ്ടി വരും. ഒരു സ്ഥലത്തു കൊടുംവരൾച്ചയാണാങ്കിൽ പൊടുന്നനെയുള്ള വെള്ളപ്പൊക്കവുമാണ് ഉണ്ടാവുക

സമുദ്രനിരപ്പ് ഉയരുകയും, ക്രമേണ സമുദ്രജലം കരയിലേക്ക് കടന്നുകയറുകയും ചെയ്യുന്നതിന്റെ ഫലമായി തീരപ്രദേശത്ത് താമസിക്കുന്നവർ ഏതാണ്ട് മുഴുവനായും തന്നെ പറഞ്ഞറിയിക്കാൻ കഴിയാത്ത കെടുതികൾക്കാണ് ഇരയാവുക, ഉപ്പുവെള്ളം കരയിലേക്ക് കടന്നുകയറുന്നതോടെ കാർഷികവിളകൾ മുഴുവനായും തന്നെ നശിച്ചു പോകുന്നതാണ്. ഇതെല്ലാം താങ്ങാനാവാത്ത ദാരിദ്രം, വിലക്കയറ്റം, പട്ടിണി എന്നിവയ്ക്കാണ് കാരണമാകുന്നത്, ഇതിന്റെയെല്ലാം മധ്യത്തിൽ ഉണ്ടാകുന്ന മറ്റൊരു വിപത്തു ബംഗ്ലാദേശ് എന്നി പ്രദേശങ്ങളിൽ നിന്നുള്ള അഭയാർത്ഥി പ്രവാഹമാണ്.

മറ്റൊരു കൊടിയ വിപത്തു ഹിമാലയത്തിലേ മഞ്ഞു മുഴുവൻ ഉരുകി നദികൾ വറ്റി വരണ്ടാൽ ഇന്ത്യയിലേയും ബംഗ്ലാദേശിലേയും, ചൈനയിലെയും ദശലക്ഷക്കണക്കിനു ആളുകളുടെ ദൈനംദിനജീവിതമാണ് തകർന്നടിയുന്നത് ശൈത്യകാലത്തു മഞ്ഞുകൊണ്ടു മൂടികിടന്നിരുന്ന പ്രദേശങ്ങളിലെ കാലാവസ്ഥ ഇപ്പോൾ ഉഷ്ണമേഖല പ്രദേശങ്ങളിലെപ്പോലെയായിരിക്കുന്നു.

ഇനി ഭുഗർഭ ജലമാകട്ടെ വർഷം തോറും 2, 3 മീറ്റർ താണുകൊണ്ടിരിക്കുകയാണ്. കാലാവസ്ഥയിലെ ഈ മാറ്റങ്ങളെല്ലാം നേരിട്ട് അനുഭവിക്കുന്നത് ഭരണാധികാരികളോ, ശാസ്ത്രജ്ഞരോ അല്ല സാധാരണജനങ്ങളാണെന്ന് ദയവായി ഓർക്കുക, സകല കണക്കുകൂട്ടലുകളെയും തെറ്റിച്ചുകൊണ്ട് കുതിച്ചുയരുന്ന ആഗോളതാപനില അതിശീഘ്രകാലാവസ്ഥമാറ്റങ്ങൾക്കിടയാക്കുകയും, സകല ജീവജാലങ്ങളുടെയും സർവ്വനാശത്തിനിടയാക്കുകയും ചെയ്യും.

എന്നാൽ, മറ്റൊരു ദുഃഖകരമായ വസ്തുത, ഈ കൊടിയ വിപത്തുകളെപറ്റി, ഇവയെല്ലാം ഏറ്റുവാങ്ങാൻ വിധിക്കപ്പെട്ട സാധാരണ ജനങ്ങളാകട്ടേ തികച്ചും അജ്ഞരാണ് എന്നതാണ്. അതിനാൽ കാലാവസ്ഥാമാറ്റങ്ങൾ കൊണ്ട് സംഭവിക്കാൻ പോകുന്ന വിപത്തുകളെക്കുറിച്ചു ജനങ്ങൾ ബോധവാന്മാരായിരിക്കേണ്ടതാണ്. കാരണം, കാലാവസ്ഥാമാറ്റങ്ങൾമൂലം കരയിലും, കടലിലും എത്രയെത്ര ദുരിതങ്ങളാണ് ജനങ്ങൾ ഏറ്റുവാങ്ങേണ്ടി വരുന്നത്.

നിനച്ചിരിക്കാത്ത നേരത്തു സംഭവിക്കുന്ന കടലാക്രമണങ്ങൾ, കൊടുംകാറ്റുകൾ, വരൾച്ച, പേമാരി, വെള്ളപ്പൊക്കം, കൃഷിനാശം അങ്ങനെ നിരവധി വെല്ലുവിളികളാണ് നിത്യജീവിതത്തിൽ മനുഷ്യൻ നേരിടേണ്ടിവരുന്നത്.

കാലാവസ്ഥാമാറ്റങ്ങൾ എങ്ങനെ സംഭവിക്കുന്നു? ആയതിനു കാരണക്കാരായ ഹരിതഗൃഹവാതകങ്ങളുടെ ഉറവിടങ്ങൾ ഏവ? ഇവയെ ലഘൂകരിക്കാനുള്ള മാർഗ്ഗങ്ങൾ എന്നിവയെ കുറിച്ചെല്ലാം സാമാന്യജനങ്ങൾക്കു തികഞ്ഞ അറിവ് ഉണ്ടാകേണ്ടത് അത്യാവശ്യമായി തീർ

ന്നിരിക്കുന്നു.

ആഗോളതാപനംമൂലം സമീപത്തു എത്തി ക്കഴിഞ്ഞ കൂട്ടവംശനാശമായാലും, സർവ്വനാശ മായാലും ഇതിന്റെയെല്ലാം കരണക്കാരനും, ഇര യും മനുഷ്യൻതന്നെയാണ് അതുകൊണ്ടുതന്നെ തികച്ചും ഭയാനകമായ ഈ ദുരന്തത്തിൽ നിന്ന് ഭുമിയെ രക്ഷിക്കാൻ മനുഷ്യൻ മുന്നിട്ടിറങ്ങേ ണ്ടിയിരിക്കുന്നു.

ആഗോളതാപനത്തെ പ്രതിരോധിക്കുന്നതിന് വേണ്ട അടിയന്തിര പ്രവർത്തനങ്ങൾ ഏറ്റെടു ത്തു നടപ്പാക്കുന്നതിന് ഭരണകൂടങ്ങളെ നിർ ബന്ധിക്കുന്നതിനുള്ള ബഹുജന സമ്മർദ്ദം അനി വാര്യമായി തീർന്നിരിക്കുന്നു. സംഭ്രമജനകവും, ഭയാനകയുമായ ഈ കാലാവസ്ഥാപ്രതിസന്ധി യിൽ നിന്ന് സമസ്തജീവജാലങ്ങളെയും നമു ക്ക് രക്ഷിച്ചെടുക്കേണ്ടതുണ്ട്. അതിനുള്ള ചു മതല ചിന്താശക്തിയുള്ള മനുഷ്യനിലാണ് നിഷിപ്തമായിരിക്കുന്നത്, അതിശക്തമായ മുന്നേറ്റങ്ങൾ വിദ്യാർഥികളിൽനിന്നും യുവാ ക്കളിൽനിന്നും ഉണ്ടാകേണ്ടതുണ്ട്. ആസന്ന മായ ഈ കാലാവസ്ഥ പ്രതിസന്ധികളുടെ വിവിധ വശങ്ങളെപ്പറ്റി മനസ്സിലാക്കി പൊതു ജനങ്ങളും, വിദ്യാർത്ഥികളും, യുവാക്കളും മുന്നോട്ടു വരേണ്ടതുണ്ട്.

ആഗോളതാപനത്തെ പ്രതിരോധിക്കുന്നതിന് വേണ്ട അടിയന്തിര പ്രവർത്തനങ്ങൾ ഏറ്റെടു ത്തു നടപ്പാക്കുന്നതിന് ഭരണകൂടങ്ങളെ നിർബ ന്ധിക്കുന്നതിനുള്ള ബഹുജനസമ്മർദ്ദം അനി വാര്യമാണ്. പക്ഷേ, അതോടൊപ്പം നമ്മുക്ക് ചെയ്യാൻ സാധിക്കുന്ന ഹരിതവൽകരണ നടപ ടികൾ നാം ഓരോരുത്തരും ചെയ്യേണ്ടിയിരിക്കു ന്നു. ഉദാഹരണമായി മരങ്ങൾ നട്ടുപിടിപ്പിക്കുക എന്ന നടപടി ഇപ്പോഴും നമുക്ക് ചെയ്യാവുന്ന ഒരു ശ്രേഷ്ടകർമ്മമാണ് ഒരു ഹെക്ടർ വനം 750 ടൺ കാർബൺഡയോക്സയിഡിനെയാണ് വലിച്ചെടുക്കുന്നത് പകരം നമുക്ക് ശ്വസിക്കാൻ ഓക്സിജനെ തരുന്നതും മരങ്ങളാണ് ഇതിനു നാം മുന്നിട്ടിറങ്ങുകതന്നെ ചെയ്യണം തുറസ്സായ സ്ഥലങ്ങളിൽ, ടാക്സി സ്റ്റാൻഡുകളിൽ ഓട്ടോ സ്റ്റാൻഡുകളിൽ അങ്ങനെ ഒഴിഞ്ഞുകിടക്കുന്ന സ്ഥലങ്ങളിലെല്ലാം നമുക്ക് മരങ്ങൾ വെച്ചു പിടിപ്പിക്കാം അതുപോലെ നമ്മുടെ വീട്ടുപരി സരവും മാലിന്യമുക്തമാക്കി സാധ്യമായ സ്ഥ ലത്തെല്ലാം മരങ്ങൾ വെച്ചുപിടിപ്പിക്കണം മര ങ്ങൾ സമൂഹത്തിനു നൽകുന്ന സേവനങ്ങൾ ഏതൊരാളെയും അദ്ഭുതപ്പെടുത്തുകതന്നെ ചെയ്യും അന്തരീക്ഷത്തിലുള്ള പൊടി, പുക മനു ഷ്യന് ഉപദ്രവകാരികളായ വാതകങ്ങൾ എന്നി വയെ ഒരു അരിപ്പയെപ്പോലെ വലിച്ചെടുത്തു വായുവിനെ സംശുദ്ധമാക്കുന്നതു മരങ്ങളാണ്.

ഇലകൾ കാർബൺഡയോക്സയിഡിനെ വലി ച്ചെടുക്കുന്ന അതെ മാർഗ്ഗം വഴി നൈട്രജൻ ഓക് സൈഡ്, സൾഫർ എന്നിവയും വലിച്ചെടുക്കുന്നു ഇവാപ്പോ ട്രാൻസ്പിരേഷൻ (Evapo Transpiration) വഴി ഇലകൾ അന്തരീക്ഷത്തെ കുളിർമയുള്ള താക്കുന്നു ജലകണങ്ങളെ പുറത്തേക്കു വിട്ടു കൊണ്ടാണ് മരങ്ങൾ അന്തരീക്ഷത്തെ കുളിർമയു ള്ളതാക്കുന്നത്. ഒരു ഉദാഹരണം നോക്കുക ഒരു ഓക്ക് മരം ഒരു വർഷം 40000 ഗാലൻ ജലമാണ് ഇപ്രകാരം പുറത്തേക്കു വിടുന്നത്.

മരങ്ങൾ മണ്ണൊലിപ്പ് തടയുക മാത്രമല്ല മണ്ണിന്റെ ജലസംഭരണശേഷി വർധിപ്പിക്കുക യും ചെയ്യുന്നു ഇപ്പോഴത്തെ അവസ്ഥ ഒന്ന് നോക്കുക. ഇപ്പോൾ ആകെ പെയ്യുന്ന മഴയുടെ 50% ജലവും മണ്ണിന്റെ ആഴത്തിലേക്ക് ഇറങ്ങാതെ കുത്തിയൊലിച്ചു പോവുകയാണ് ചെയ്യുന്നത്. ഇപ്രകാരമുള്ള മണ്ണും ജലവും കൂടിയുള്ള മണ്ണൊലിപ്പ് മൂലം ഏന്താണ് സംഭവിക്കുന്നത് എന്ന് ഓർത്തു നോക്കിയിട്ടുണ്ടോ? മണ്ണും ജല വും കൂടിയുള്ള ഈ ഒഴുക്കിൽ ഫലഭൂയിഷ്ടമായ മേൽമണ്ണ് മുഴുവനായും നഷടപ്പെടുകയാണ്, വീണ്ടും അത്രയും മികച്ച മേൽമണ്ണ് ഉണ്ടാക ണമെങ്കിൽ ഇരുന്നൂറിൽപരം വർഷങ്ങൾ എടു

ക്കുന്നതാണ് കൂടാതെ അന്തരീക്ഷതാപം ഉയരുന്നതിനനുസരിച്ചു കാർഷികോല്പാദനം കുത്തനെ കുറയുന്നതിനിടയാക്കുന്നു.

അന്തരീക്ഷത്തിൽ ഇതിനകം കെട്ടികിടക്കുന്ന കാർബൺഡയോക്സയിഡിനെ വലിച്ചെടുത്തു വായുവിനെ സംശുദ്ധമാക്കേണ്ടിയിരിക്കുന്നു കാർബൺനെ വലിച്ചെടുക്കാനുള്ള പ്രകൃതിദത്ത വഴികളെപ്പറ്റി നോക്കാം പുതുതായി ആയിരകണക്കിന് മരങ്ങൾ വച്ചു പിടിപ്പിക്കേണ്ടതുണ്ട്. കൂടാതെ കൃത്രിമമായ വന മേഖലകൾ സൃഷ്ടിക്കുക, വനങ്ങളിൽ തന്നെ ഒഴിഞ്ഞു കിടക്കുന്ന സ്ഥലങ്ങളിൽ ധാരാളമായി തന്നെ മരങ്ങൾ വെച്ചു പിടിപ്പിക്കുക, നഗരങ്ങളിൽ സാധ്യമായ സ്ഥലങ്ങളിലെല്ലാം മിയാവാക്കി വനങ്ങൾ സൃഷ്ടിക്കുക, വനങ്ങളിൽ നിന്നും യാതൊരു തത്വദീക്ഷയുമില്ലാതെ മരങ്ങൾ, ശാഖകൾ, എന്നിവ വെട്ടിമാറ്റുന്നത് ശിക്ഷാർഹമായ കുറ്റങ്ങളായി പ്രഖ്യാപിക്കുക എന്നിവ അടിയന്തിരമായി ചെയ്യേണ്ടതാണ് അതുപോലെ തന്നെ നാട്ടിൻപുറങ്ങളിൽ ധാരാളമായി ഉണ്ടായിരുന്നതും എന്നാൽ ഇന്ന് ഇല്ലാതായിക്കൊണ്ടിരിക്കുന്നതുമായ സർപ്പക്കാവുകൾ പുനരുജ്ജീവിപ്പിക്കപ്പെടേണ്ടതാണ്. വീടുകളുടെ നിർമ്മിതിക്ക് വേണ്ടിയായാലും നഗരവതകരണത്തിന്റെ ആവശ്യത്തിനുവേണ്ടിയായാലും സർപ്പക്കാവുകൾ നിർഭയം നശിപ്പിക്കുന്ന പ്രവണത നിർദ്ദയം തടയേണ്ടതാണ് വൃക്ഷാരാധനയും സർപ്പാരാധനയുമെല്ലാം ഭാരതത്തിന്റെ മഹത്തായ സംസ്കാരത്തെ കാണിക്കുന്ന സ്വത്വങ്ങളാണ്, ഈ ഭൂമിയിലുള്ള മുഴുവൻ ജീവജാലങ്ങൾക്കും അവകാശപ്പെട്ടതാണ് ഈ ഭൂമിയിലെ മുഴുവൻ വിഭവങ്ങളുമെന്ന പ്രകൃതിയുടെ ബാലപാഠം നാം വിസ്മരിച്ചതിന്റെ വിപത്തുകളാണ് നാം ഇന്നു ലോകത്തു കാണുന്നത്. അതുകൊണ്ടു സർപ്പക്കാവുകൾ സംരക്ഷിക്കുന്നതിൽ ആർക്കെങ്കിലും ഒരു അപഹർഷതാബോധവും തോന്നേണ്ടതില്ല.

പെരുമ്പാവൂർ പട്ടണത്തിൽ നിന്നും ഏതാണ്ട് മൂന്ന് കിലോമീറ്റർ ദൂരെ സ്ഥിതി ചെയ്യുന്ന ഇരിങ്ങോൾ കാവ് എല്ലാവരും കാണേണ്ട കാഴ്ചയാണ് അമ്പതു ഏക്കർ സ്ഥലത്തെ നിബിഡവനം നിങ്ങളെ സതബ്ധരാക്കും തീർച്ച ഇരിങ്ങോൾ കാവ് ഏതാണ്ട് മുഴുവനായും തന്നെ ഔഷധ സസ്യങ്ങളാൽ നിബിഡമാണ് നിരവധി സവിശേഷതകൾകൊണ്ട് നിറഞ്ഞ ഈ കാവിന്റെ മധ്യത്തിൽ ഒരു ദുർഗ്ഗാക്ഷേത്രവും ഉണ്ട്, 2800 ൽപ്പരം വർഷങ്ങളുടെ പഴക്കം ഈ കാവിനും ക്ഷേത്രത്തിനുമുണ്ട്, കൂടാതെ ഓണാട്ടുകരയിൽ കണ്ടല്ലൂർ വില്ലേജിൽ സ്ഥിതിചെയ്യുന്ന 6 ഏക്കർ സ്ഥലത്തെ തപോവനം പറവൂരിലെ രണ്ടേക്കർ സ്ഥലത്തു വ്യാപിച്ചുകിടക്കുന്ന ശാന്തിവനം, 55 ഏക്കർ സ്ഥലത്തു വ്യാപിച്ചുകിടക്കുന്ന വയനാട്ടിലെ ഗുരുകുല ബോട്ടാണിക്കൽ ഗാർഡൻസ് എന്നിവയെല്ലാം പരിസ്ഥിതി സംരക്ഷണത്തിൽ നിസ്സീമമായ സംഭാവനകൾ നൽകുന്ന കൃത്രിമ വനങ്ങളാണ്.

തിരിച്ചടികൾ ലഭിച്ചിട്ടുപോലും മനുഷ്യൻ ഇപ്പോഴും പ്രകൃതിവിഭവങ്ങൾ ധൂർത്തടിച്ചു ചെയ്തുകൂട്ടുന്ന പ്രവർത്തികൾ ഏവരേയും വേദനിപ്പിക്കുന്നവ തന്നെ മനുഷ്യന്റെ ഈ ദ്രോഹ പ്രവർത്തികൾ മൂലം 41415 തരം ജീവജാലങ്ങളാണ് വംശനാശഭീഷണി നേരിടുന്നത്. ഓരോ മിനിട്ടിലും 50 ഏക്കറിൽ കൂടുതൽ വനം മനുഷ്യൻ നശിപ്പിക്കുന്നു, നമ്മുടെ ഈ കൊച്ചു കേരളത്തിലാകട്ടെ കേരള സർക്കാരും, കേരള വൈദ്യുതി ബോർഡും ആതിരപ്പള്ളി ജല വൈദ്യുതി പദ്ധതിയുടെ പേരും പറഞ്ഞു, വന

നശീകരണവുമായി മുന്നോട്ടു വന്നു കഴിഞ്ഞു . ഇത്തരുണത്തിൽ വർഷങ്ങൾക്കു മുൻപേ ഹിമാലയ സാനുക്കളിൽ നടന്ന വനനശീകരണമാണ് ഓർമ്മയിൽ എത്തുക. ഏതോ ഒരു പദ്ധതിക്ക് വേണ്ടി മരങ്ങൾ മുറിക്കാൻ എത്തിയ ഉദ്യോഗസ്ഥരെ എതിരേറ്റത് മരങ്ങൾ മുറിക്കാൻ സമ്മതിക്കാതെ മരങ്ങൾ കെട്ടിപിടിച്ചുനിന്ന പതിനായിരക്കണക്കിന് ഗ്രാമീണ സ്ത്രികളെയാണ്. സുന്ദർലാൽ, ബഹുഗുണ, ചാൻഡി പ്രസാദ് എന്നിവർ നേതൃത്വം നൽകിയ ചിപ്പ്കോ പ്രസ്ഥാനം വൻ വിജയമാവുകയും തുടർന്ന് അധികാരികൾ പദ്ധതി ഉപേക്ഷിക്കുകയും ചെയ്തു ഇവിടയും ഇത്തരം പ്രതിഷേധങ്ങൾ സംഘടിപ്പിക്കണ്ട കാലം കഴിഞ്ഞിരിക്കുന്നു.

പിന്നെ ഒരു കാര്യം ലോകത്തു ആദ്യമായി വനസംരക്ഷണ,വന്യമൃഗ സംരക്ഷണ നിയമങ്ങൾ നടപ്പിലാക്കിയത് അശോക ചക്രവർത്തിയാണ്.

വീണ്ടും നമുക്കു ആഗോളതാപനത്തെപ്പറ്റി, അതിന്റെ ഭയാനകമായ ഭവിഷ്യത്തുകളെപ്പറ്റി, സാധാരണക്കാരായ ജനങ്ങളെ പ്രബുദ്ധരാക്കുന്നതിനെപ്പറ്റി നോക്കാം ഇക്കാര്യത്തിൽ സാഹിത്യാകാരന്മാർക്ക് ഒരു വലിയ പങ്ക് ആണ് വഹിക്കാനുള്ളത് ഇതു ഒരു ജീവൻമരണ പ്രശ്നമാണെന്നോർക്കണം ഇതിലും വലിയ ഒരു ദുരന്തം ഭൂമിയിൽ സംഭവിക്കാനില്ല. പതിവു സാഹിത്യ ചർച്ചകളെല്ലാം മാറ്റിവച്ചു ആസന്നമായ ഈ കൊടുംദുരിതങ്ങളെ കുറിച്ച് സാമാന്യ ജനങ്ങളെ ബോധവത്കരിക്കേണ്ടതുണ്ട്. അതിനു വേണ്ട സൃഷ്ടികൾ നടത്തി ജനങ്ങളിലെത്തിക്കേണ്ടത് അത്യാവശ്യമായി തീർന്നിരിക്കുന്നു

അന്തരീക്ഷത്തിൽ അനുദിനം വർദ്ധിച്ചു വരുന്ന കാർബൺന്റെ സാനിദ്ധ്യം എന്ത് വില കൊടുത്തും കുറക്കേണ്ടതുണ്ട് ആയതിലേയ്ക്ക് കൃത്യമായ പരിപാടികൾ തയാറാക്കി സമയ ബന്ധിതമായി നടപ്പാക്കാൻ ഒരുമിച്ചു നിന്ന് പ്രവർത്തിക്കേണ്ടിയിരിക്കുന്നു ഈ കൊടിയ വിപത്തുകൾ എറ്റു വാങ്ങാൻ വിധിക്കപെട്ട സാധാരണ ജനങ്ങളെ എത്രമാത്രം ബോധവത്കരിക്കുന്നു എന്നതാണ് ഏറ്റവും കാതലായ വസ്തുത. വേഗമാക്കട്ടെ ഇനി വെറുതെ കളയാൻ സമയമൊട്ടുമില്ല.

**2024 സെപ്റ്റംബർ മാസം അന്തരിച്ച**
**കരയോഗാംഗങ്ങൾക്ക് ആദരാഞ്ജലികൾ**



**സി. നന്ദകുമാർ**
L/1176, ചെറുപറമ്പത്ത്,
ബിൽഡിംഗ് – 123 ബി,
മണ്ണൂർ റോഡ്, മരട്,
കൊച്ചി–682304



**ലക്ഷ്മി ഗോപാലൻ**
L/709,
7 എ ബി, രാമാലയം,
രാമവർമ്മ ലൈൻ,
ചിറ്റൂർ, കൊച്ചി–682011

**13–ാം ചരമവാർഷികം**
**04.10.2024**



**പാരിജാതം ജി. മേനോൻ**
മേലങ്ങത്ത്, രവിപുരം, കൊച്ചി – 682016

# *ദൃക്ക്ദൃശ്യ വിവേകം*( *17* )

സി. നാരായണൻ- 9819456012

സവികല്പോ നിർവികല്പഃ
സമാധിദ്വിവിധോ ഹൃദി
ദൃശ്യശബ്ദാനുവിദ്ധേന
സവികല്പഃ പുനർദ്വിധാ (23)

സമാധി :

സവികല്പഃ = വൃത്തി സഹിതം
നിർവികല്പഃ = വൃത്തിരഹിതം
ഇതി ദ്വിവിധഃ = എന്നിങ്ങനെ രണ്ടു തരത്തിലുണ്ട്
പുനഃ സവികല്പഃ = സവികല്പം തന്നെ വീണ്ടും
ദൃശ്യശബ്ദാനുവിദ്ധേന = ദൃശ്യങ്ങളോടും ശബ്ദങ്ങളോടും യോജിച്ചിട്ടുള്ളതായി
ദ്വിധാ ഹൃദി = രണ്ടു തരത്തിലുണ്ട്.
(സവികല്പം, നിർവികല്പം എന്നിങ്ങനെ സമാധി രണ്ടു തരത്തിലുണ്ട്. അതിൽ സവികല്പത്തെത്തന്നെ ദൃശ്യാനുവിദ്ധം , ശബ്ദാനുവിദ്ധം എന്നിങ്ങനെ രണ്ടു തരത്തിൽ മനസ്സിൽ ധ്യാനിക്കാം.)

ഈ ഗ്രന്ഥത്തിലെ ഇരുപതാമത്തെ ശ്ലോകത്തിൽ, ഇവിടെയുള്ളവയെയെല്ലാം ബ്രഹ്മം, ജഗത്ത് എന്നിങ്ങനെ രണ്ടായി തരം തിരിക്കാമെന്നു പറയുകയുണ്ടായി. അതിൽ, അസ്തി (ഉണ്ട്), ഭാതി (പ്രകാശിക്കുന്നു), പ്രിയം (ആനന്ദം) എന്നിവയെ ബ്രഹ്മലക്ഷണങ്ങളായും, നാമരൂപങ്ങളെ ജഗത്തിന്റെ ലക്ഷണമായും പറഞ്ഞു. ഇതിൽ നിന്ന്, ജഗത്തെന്നാൽ അസ്തി (ഉണ്ട്) എന്ന ധർമ്മമില്ലാത്ത വെറും പ്രതീതിയാണെന്നു സിദ്ധിക്കുന്നുണ്ടല്ലോ. എന്നാൽ, ഉണ്ട്, പ്രകാശിക്കുന്നു എന്ന നിലയിലാണ് ജഗത്ത് നിലനിൽക്കുന്നതെന്നു കാണാം. ജഗത്ത് തന്റെ അസ്തിത്വം ബ്രഹ്മത്തിൽ നിന്നു കടമെടുക്കുന്നതാണെന്നാണ് വേദാന്ത സിദ്ധാന്തം. ഇവിടെയുള്ള എന്തെടുത്താലും , അതു ഭൂമിയോ മൃഗമോ മനുഷ്യനോ, ദേവനോ എന്തായാലും അവയിലെ സത്യത്വം ബ്രഹ്മത്തിന്റെയും, ബാഹ്യവും മിഥ്യയുമായ രൂപം ജഗത്തിന്റേതുമാണ്.

ഈ വസ്തുത ജീവന്മാരായ നമ്മുടെ കാര്യത്തിലും ബാധകമാണ്. ജീവന്റെ സത്, ചിത്, ആനന്ദം എന്നീ ധർമ്മങ്ങൾ ബ്രഹ്മത്തിന്റേതാണ്. അതായത് നമ്മുടെ 'ഞാനുണ്ട്' എന്ന അറിവ് സത്യമായ ഒന്നാണ്. എന്നാൽ, ഞാൻ ഇന്ന രൂപത്തിലുള്ളതാണ് എന്ന ധാരണ വെറും ഭ്രമമാണ്. വേറെ ഭാഷയിൽ പറഞ്ഞാൽ, സത്യത്തിൽ - ജീവൻ ബ്രഹ്മം തന്നെയാണ് - എന്നാൽ ബ്രഹ്മത്തിൽ അവിദ്യ എന്ന മായയുടെ അംശം ആരോപിക്കപ്പെടുമ്പോൾ ജീവനെന്ന രൂപവും പേരുമുണ്ടാവുന്നു. ഏതു തരത്തിലുള്ള ആരോപവും ശ്വാശ്വതമല്ല. ഏതിലാണോ ആരോപിക്കപ്പെട്ടിട്ടുള്ളത് ആ അധിഷ്ഠാനത്തിൽ നിന്ന്, ആരോപിതസത്തക്ക് വിട്ടുപോയേ പറ്റൂ. കാരണം, അധ്യാസം അല്ലെങ്കിൽ ആരോപം വെറും സങ്കല്പമാണ്.

വേദാന്തമതപ്രകാരം, ബ്രഹ്മത്തിൽ, നാമരൂപാത്മകമായ ജഗത്ത് ആരോപിക്കപ്പെട്ടിരിക്കയാണ്. ജീവന്റെ കാര്യത്തിൽ ജഗത്തെന്നാൽ സ്ഥൂലശരീരം സൂക്ഷ്മശരീരം, കാരണശരീരം എന്നിവയാണ്. സൂക്ഷ്മശരീരത്തിൽ മനോബുദ്ധികളും പെടുമെന്നതിനാൽ, ഞാൻ കർത്താവും ഭോക്താവും ആണെന്ന അജ്ഞാനവും അധ്യസിക്കപ്പെടുന്നു. അതോടെ മനസ്സിന്റെ ദുഃഖാദി ജ്വരങ്ങളെല്ലാം തന്നെ ബോധത്തിൽ അധ്യസിക്കപ്പെടുന്നു. ചുരുക്കത്തിൽ, അധ്യസിക്കപ്പെടുന്നത് ജീവത്വമാണ്.

നാമെല്ലാം അന്വേഷിക്കുന്നത് ദുഃഖനിവൃത്തിയും സുഖപ്രാപ്തിയുമാണ്. അക്കാര്യ

ത്തിൽ വിവിധമതങ്ങൾ തമ്മിലോ, സയൻസും മതങ്ങൾ തമ്മിലോ അഭിപ്രായവ്യത്യാസമില്ല. സംഘടിതമതങ്ങൾ, മരണാനന്തരം സ്വർഗ്ഗം വാഗ്ദാനം ചെയ്യുമ്പോൾ, സയൻസ് രോഗങ്ങൾക്ക് ചികത്സകൾ രൂപപ്പെടുത്തിയും, ഇന്ദ്രിയസുഖങ്ങൾ വർദ്ധിപ്പിക്കാനുള്ള വിവിധമാർഗ്ഗങ്ങൾ കണ്ടു പിടിച്ചും, ആ ദിശയിൽ പ്രവർത്തിക്കുന്നു. എന്നാൽ ഇക്കാര്യത്തിൽ വേദാന്തത്തിന്റെ കാഴ്ചപ്പാട് തീർത്തും വിഭിന്നമാണ്. ആ സിദ്ധാന്തത്തിന്റെ അഭിപ്രായത്തിൽ, ആനന്ദം എന്നത് ഓരോ ജീവന്റെയും സ്വരൂപം തന്നെയാണ്. സൂര്യൻ പ്രകാശം വിട്ടു നിലനിൽക്കാത്തതു പോലെ, നാം ആനന്ദം വിട്ടു നിലനിൽക്കുന്നതേയില്ല. എപ്രകാരം, സൂര്യപ്രകാശം നിസ്സാരമായ ഒരു മേഘക്കീറിനാൽ മറഞ്ഞ പോലെ തോന്നപ്പെടാമോ അതു പോലെ നമ്മുടെ സ്വഭാവം തന്നെയായ ആനന്ദവും മനോവൃത്തികളാൽ മറഞ്ഞതു പോലെ സ്ഥിതി ചെയ്യുന്നുവെന്നു മാത്രം.

അതായത്, മുൻപു പറഞ്ഞ രണ്ടു വിഭാഗങ്ങളുടെ ദൃഷ്ടിയിൽ, ജീവൻ ബ്രഹ്മം എന്ന വിഭാഗത്തിൽ പെടും. എന്നാൽ നാമരൂപാത്മകമായ ജഗത്തുമായി അജ്ഞാനവശാലുള്ള താദാത്മ്യം മൂലം, ജഗത്തിന്റെ ധർമ്മമായ രൂപമാണ് തന്റെ സത്യമെന്നു ജീവൻ ഭ്രമിക്കുന്നു. ആയതിനാൽ തന്റെ രൂപം സുന്ദരമാക്കാനും, അത് ശാശ്വതമാക്കാനും ജീവൻ ശ്രമിച്ചു കൊണ്ടേയിരിക്കും. അത് അസത്യത്തിൽ അധിഷ്ഠിതമായതിനാൽ വിജയം സംഭവിക്കില്ല. അതുകൊണ്ടു ജീവൻ മിക്കവാറും ദുഃഖി തന്നെ.

യഥാർത്ഥത്തിൽ അനന്ത ആനന്ദമായ ജീവൻ, താൻ പരിമിതനും നിസ്സാരനുമാണെന്നു ദുഃഖിക്കുന്നത്, അജ്ഞാനം മൂലമാണെന്നു വ്യക്തമാണല്ലോ. ജീവൻ അജ്ഞാനത്തിന്റെ ലോകത്തിലാണ്. അജ്ഞാനത്തിന്റെ മറുമരുന്ന് ജ്ഞാനം മാത്രമാണ്. മോക്ഷാർത്ഥം ജീവൻ ജ്ഞാനത്തിനു വേണ്ടി മാത്രമാണ് പ്രയത്നിക്കേണ്ടത്.

ഇവിടെ ഒരു ചോദ്യമുദിക്കാം. ജീവൻ തന്നെ മിഥ്യയായിരിക്കേ, ജീവൻ സമ്പാദിക്കുന്ന ജ്ഞാനവും മിഥ്യായിരിക്കില്ലേ? ആ ചോദ്യത്തിനു ശ്രീവിദ്യാരണ്യമുനി ഉത്തരമായി പറയുന്നത, 'ന ഇതി കഃ വദേൽ' (അല്ലെന്നാരു പറഞ്ഞു) എന്നാണ്. ബന്ധം അജ്ഞാനം മൂലമാണെങ്കിൽ മോക്ഷവും അജ്ഞാനത്തിന്റെ ഒരു വകഭേദമാണ്.

പ്രേതം ബാധിച്ചിട്ടുണ്ടെന്ന ഭ്രാന്തി, സമാനതരത്തിൽ മിഥ്യയായ ബലികർമ്മങ്ങളെക്കൊണ്ടു ശമിക്കുന്നു. പക്ഷേ, മിഥ്യാ പ്രേതബാധകൊണ്ടുണ്ടായ അസ്വസ്ഥതകൾ, മിഥ്യാ ബലികർമ്മങ്ങൾ കൊണ്ടു ശമിക്കുന്നുണ്ടല്ലോ. അതല്ലേ പ്രധാനം?

ഒരു ദൃഷ്ടാന്തം പറയാം. പ്രശസ്തനായ ഒരു നടന്റെ പുതിയ ഒരു സിനിമയിറങ്ങിയെന്നിരിക്കട്ടെ. നടന്മാർ തങ്ങളുടെ തന്നെ സിനിമ, തിയേറ്ററിൽ പോയി കാണുക പതിവുണ്ട്. അങ്ങനെ തന്റേതന്നെ സിനിമ കണ്ടു കൊണ്ടിരിക്കുമ്പോൾ, നടൻ അതിലെ തന്റെ കഥാപാത്രവുമായി താദാത്മ്യം പ്രാപിക്കുന്നു. സിനിമയിലെ ബിസിനസ്സു കാരനായ കഥാപാത്രം, കഥയിൽ സാമ്പത്തികമായി വലിയൊരാപത്തിൽ പെടുകയാണെന്നിരിക്കട്ടെ. കഥാപാത്രത്തിന്റെ മാനസികവിക്ഷോഭങ്ങൾ, തിയേറ്ററിലിരുന്നു സിനിമ കാണുന്ന നടനേയും ബാധിക്കുന്നു. കഥാപാത്രം, ആത്മഹത്യയല്ലാതെ വേറെ വഴിയില്ലെന്നു ചിന്തിച്ച് വെള്ളച്ചാട്ടത്തിലേക്കു ചാടാൻ തുടങ്ങുമ്പോൾ, ആ കാട്ടിലെ ഒരു താപസൻ അയാളെ തടയുന്നു. പിന്നീട് പടി പടിയായി, തത്ത്വോപദേശം നടത്തി, ജീവിതം അവസാനപ്പിക്കേണ്ട ഒരു സാഹചര്യവുമില്ലെന്നു ബോധ്യപ്പെടുത്തുന്നു.

സന്യാസി കഥാനായകനെ സാഹചര്യങ്ങളുടെ ഭാഗമാവാതെ, അവയെ നിസ്സംഗമായി നോക്കിക്കാണാൻ ഉപദേശിക്കുന്നു. തിയെറ്ററിലിരിക്കുന്ന നമ്മുടെ നടനും അതേ പോലെ ചെയ്തപ്പേൾ, താൻ ഒരു സാമ്പത്തിക തകർച്ചയിലും പെട്ടിട്ടില്ലാത്ത, സിനിമ കണ്ടുകൊണ്ടിരിക്കുന്ന ധനികനായ സിനിമാതാരമാണെന്നു ഓർമ്മിക്കുന്നു.

ഇതേ ആശയത്തിന്, സ്വപ്നത്തിലെ വ്യാഘ്രം മേലേക്കു ചാടി വീഴുന്നത, സ്വപ്നനാശത്തിനും ഉറക്കമുണരുന്നതിനും കാരണമാകുന്ന ദൃഷ്ടാന്തവും പറയാറുണ്ട്.

ശ്രീരാമകൃഷ്ണഭഗവാനു മുള്ളിനെ എടുക്കാൻ മുള്ളു തന്നെ ഉപയോഗിക്കുന്ന ദൃഷ്ടാന്തം പ്രിയമാണ്. അതു പോലെ അദ്ദേഹം, അവിദ്യാമായ, വിദ്യാമായയാലേ നശിക്കൂ എന്നും പറയാറുണ്ട്.

ഈ ആശയം എടുത്തു പറയാൻ കാരണമുണ്ട്. താൻ മിത്ഥ്യയായ ജഗത്തിന്റെ ഭാഗമാണെന്നു വിശ്വസിക്കുന്ന ജീവനു, തന്റെ യാഥാർത്ഥ്യം കാട്ടിക്കൊടുക്കാൻ, ശ്രുതി ജഗത്തിന്റെതന്നെ അംശങ്ങളെ ഉപയോഗിക്കും. ഈ ഗ്രന്ഥത്തിലെ അടുത്ത ശ്ലോകങ്ങളിൽ അതാണ് വിവരിക്കുന്നത്

ബ്രഹ്മം, ജഗത്ത് എന്ന വിഭാഗങ്ങൾ മുൻനിർത്തി ചിന്തിക്കുമ്പോൾ, എന്റെ സ്വരൂപം ചിന്താരഹിതമായ ബ്രഹ്മമാണ്. പക്ഷേ നിലവിൽ ഞാൻ ശയിക്കുന്നത് ചിന്തകളുടെ വിളഭൂമിയായ മനസ്സിലാണ്. അപ്പോൾ ശ്രുതി, ശത്രുവായ ചിന്തകളെത്തന്നെ അതിൽ നിന്നുള്ള മോക്ഷത്തിനായി ഉപയോഗപ്പെടുത്താനുപദേശിക്കുന്നു. ഒരു തടസ്സം ചാടി കടക്കേണ്ടതുണ്ടെന്നിരിക്കട്ടെ. വലിയൊരു വടി വിലങ്ങനെ പിടിച്ച് അത് ചാടിക്കടക്കാൻ അസാദ്ധ്യം തന്നെയായിരിക്കും. പക്ഷേ അതേ വടി, വിലങ്ങനെയെന്നതിനു പകരം, കുത്തനെ പിടിച്ചാൽ അത് ഭൂമിയിലൂന്നി പോൾവാൾട്ടിലെ പോലെ വളരെ ഉയരത്തിൽ ചാടാനാവും.

നാമോരോരുത്തരും ബ്രഹ്മം തന്നെയായിരിക്കേ, ബ്രഹ്മമല്ലെന്ന ഭ്രാന്തി നിലവിലുണ്ടെന്നേയുള്ളൂ . ആ ഭ്രാന്തി അജ്ഞാനത്തിന്റെ രൂപമാണ്. അജ്ഞാനം നശിച്ചാൽ ആ നിമിഷത്തിൽ തന്നെ മോക്ഷപ്രാപ്തിയുണ്ടാവുന്നു. അതുകൊണ്ടാണ് ജ്ഞാനമാർഗ്ഗം, മറ്റു മാർഗ്ഗങ്ങളേക്കാൾ വിശിഷ്ടമാണെന്നു പറയുന്നത്. കർമ്മങ്ങളുടെ കാര്യത്തിൽ, അതു ചെയ്യുന്നതിനോടൊപ്പം തന്നെ ഫലം ഉണ്ടാവാറില്ലല്ലോ. വൈദികകർമ്മങ്ങളുടെ ഫലമായ സ്വർഗ്ഗപ്രാപ്തിയാവട്ടെ, മരണാനന്തരവുമാണ്. എന്നാൽ. ഞാൻ ബ്രഹ്മമാണ് എന്ന ജ്ഞാനം തന്നെയാണ് വേദാന്തത്തിലെ സ്വർഗ്ഗപ്രാപ്തി അഥവാ മോക്ഷം. ജ്ഞാനപ്രാപ്തി തന്നെ മോക്ഷപ്രാപ്തി.

കഴിഞ്ഞ ശ്ലോകങ്ങളിൽ പറഞ്ഞ ആശയത്തിന്റെ തുടർച്ചയാണ് നാമിപ്പോൾ നിരൂപിക്കുന്ന 23 ാം ശ്ലോകത്തിലും പറയുന്നത്.

കഴിഞ്ഞ ശ്ലോകത്തിൽ, മിത്ഥ്യയായ നാമരൂപങ്ങളെ ഉപേക്ഷിച്ച്, മനസ്സിനെ സച്ചിദാനന്ദമായ ബ്രഹ്മത്തിലുറപ്പിക്കാൻ പറഞ്ഞു. അതു തന്നെയാണ് ജ്ഞാനമാർഗ്ഗം. അതിൽ യാതൊരു വിധ കർമ്മത്തിന്റെയും അപേക്ഷയില്ല. പക്ഷേ ഒരു കാര്യം ശ്രദ്ധിക്കേണ്ടതുണ്ട്. തന്റെ സ്വരൂപം ബ്രഹ്മമാണെന്നു ജീവൻ മനസ്സിലാക്കിയാലും, അത് പ്രാവർത്തികമാക്കാൻ അല്ലെങ്കിൽ ആ ജ്ഞാനത്തിന്റെ ഫലം ഉൾക്കൊള്ളാൻ ഉടനടി സാധിച്ചെന്നു വരില്ല. കാരണം, നമ്മുടെ മനസ്സിൽ ശക്തമായ ദേഹാത്മവാസന ജന്മങ്ങളായി വേരു പിടിച്ചു കിടക്കുന്നുണ്ട്. അതിനെ നിർവീര്യമാക്കേണ്ടതുണ്ട്. എന്നാൽ മാത്രമേ ജ്ഞാനം ഉറയ്ക്കൂ. അതിനുള്ള മാർഗ്ഗമാണ് നിദിദ്ധ്യാസനം. നിരന്തരമായ സജാതീയ ചിന്തകളെയാണ് നിദിദ്ധ്യാസനമെന്നു പറയുക. അതിന്റെ പരിപക്വാവസ്ഥയെ സമാധി എന്നും പറയും. ഇവിടെ, ഞാൻ ശരീരമോ മനസ്സോ അല്ല, ചിദാനന്ദമായ ബ്രഹ്മമാണ് എന്ന ചിന്തയാണ് നിദിദ്ധ്യാസം കൊണ്ടർത്ഥമാക്കുന്നത്. നമ്മുടെ അനുഭവപ്രപഞ്ചം ബാഹ്യം, ആന്തരം എന്നിങ്ങനെയാണല്ലോ. ആ രണ്ടിലും സത്യമായിട്ടുള്ളത് ബ്രഹ്മമാണെന്നും, ബാക്കിയുള്ള രൂപം മിത്ഥ്യയാണെന്നും നിരന്തരമായി ചിന്തിച്ചുറപ്പിക്കണം.

ആ ചിന്തയുടെ പരിസമാപ്തിയായ സമാധി, സവികല്പമെന്നും നിർവികല്പമെന്നും രണ്ടു തരത്തിലുണ്ടെന്നാണ് ഈ ശ്ലോകത്തിൽ പറയുന്നത്. വികല്പമെന്നാൽ ത്രിപുടി എന്നർത്ഥം. അതായത് വികല്പത്തോടു കൂടിയത് എന്ന

ർത്ഥമുള്ള സവികല്പസമാധിയിൽ, ധ്യാതാ, ധ്യാനം, ധ്യേയം എന്ന ത്രപുടിയുണ്ടായിരിക്കും. അതായത് ധ്യാതാവായ ഞാൻ, ധ്യേയമായ ബ്രഹ്മത്തെ ധ്യാനിക്കുന്നു എന്ന വികല്പം (വികാരം ) മനസ്സിൽ നില നിൽക്കും. എന്നാൽ ആ സമാധിയുടെ പരിസമാപ്തിയിൽ, അതായത് നിർവികല്പസമാധിയിൽ, ധ്യേയമായ ബ്രഹ്മമല്ലാതെ മറ്റൊന്നും നിലവിലുണ്ടായിരിക്കയില്ല.

സവികല്പസമാധി രണ്ടു തരത്തിലുണ്ടെന്ന് ഈ ശ്ലോകത്തിൽ പറയുന്നു. അവ ദൃശ്യാനുവിദ്ധം, ശബ്ദാനുവിദ്ധം എന്നിങ്ങനെയാണ്. ദൃശ്യാനുവിദ്ധമെന്നാൽ ദൃശ്യങ്ങളോടു കൂടിച്ചേർന്നത്, ശബ്ദാനുവിദ്ധം എന്നാൽ ശബ്ദത്തോടു കൂടിച്ചേർന്നത്. ദൃശ്യങ്ങളുടേയും ശബ്ദങ്ങളുടേയും സഹായത്തോടെ എന്നാണ് ഈ പദങ്ങൾ കൊണ്ടുദ്ദേശിക്കുന്നത്. വരും ശ്ലോകങ്ങളിൽ അതു വളരെ വ്യക്തമാക്കും

അങ്ങനെ ആകെ ആറു തരത്തിലുള്ള സമാധിയുണ്ടെന്നു കാണാം.

1) ദൃശ്യാനുവിദ്ധ സവികല്പം
2) ശബ്ദാനുവിദ്ധ സവികല്പം
3) നിർവികല്പം

ഇങ്ങനെ ആന്തരത്തിൽ മൂന്ന്, ബാഹ്യത്തിൽ മൂന്ന് എന്ന തോതിൽ സമാധി ആറു വിധത്തിലുണ്ടെന്നു പറയുന്നു. അടുത്ത ശ്ലോകങ്ങളിൽ അവ ഓരോന്നായി ആചാര്യർ വിശദീകരിക്കും.

*****

രമ്യാണി വീക്ഷ്യ മധുരാംശ്ച നിശമ്യശബ്ദാൻ
പര്യുത്സുകീ ഭവതി യത് സുഖിതോ പി ജന്തുഃ
തച്ചേതസ സ്മരതി നൂനമബോധപൂർവ്വം
ഭാവസ്ഥിരാണി ജനനാന്തരസൗഹൃദാനി.

– ശാകുന്തളം 5. 2. ദുഷ്യന്തന്റെ ആത്മഗതം.

| | |
|---|---|
| രമ്യാണി വീക്ഷ്യ | സുന്ദരദൃശ്യങ്ങൾ കണ്ടിട്ടും |
| മധുരാൻ ശബ്ദാൻ നിശമ്യ ച | മധുരശബ്ദങ്ങൾ കേട്ടിട്ടും |
| സുഖിതഃ ജന്തുഃ അപി | സുഖമുള്ള ജീവിപോലും |
| യത് പര്യുത്സുകീ ഭവതി തത് | ആകുലനായിച്ചമയുന്നത് |
| ഭാവസ്ഥിരാണി | ഭാവസ്ഥിരങ്ങളായ |
| ജനനാന്തരസൗഹൃദാനി. | ജന്മാന്തരസൗഹൃദങ്ങൾ |
| അബോധപൂർവ്വം | അബോധപൂർവ്വം |
| ചേതസഃ സ്മരതി നൂനം | മനസാ ഓർക്കുന്നതാകാം |

സുന്ദരദൃശ്യങ്ങളും മധുരനിനദങ്ങളും വിരഹികളെ അസ്വസ്ഥരാക്കുന്നു.ദുഷ്യന്തൻ ശകുന്തളയെ മറന്നിരിക്കുന്നു. പ്രിയ ജനങ്ങളെല്ലാം അടുത്തുണ്ടായിട്ടും മനസ്സ് അസ്വസ്ഥമാകുന്നതെന്തു എന്നയാൾ ശങ്കിക്കുന്നു. മുൻജന്മങ്ങളിലെ പ്രിയവ്യക്തിയുടെ സ്മരണയാകാം അസ്വസ്ഥതയ്ക്കു കാരണമെന്നു ഊഹിക്കുന്നു. വേദനാപൂർവ്വം തന്നെ സ്മരിക്കുന്ന ശകുന്തളയുടെ മനസ്സിന്റെ വികാരതരംഗങ്ങളാവാം ദുഷ്യന്തന്റെ മനസ്സിൽ ചലനങ്ങൾ സൃഷ്ടിക്കുന്നത്. Telepathy യെ ക്കുറിച്ചു കാളിദാസൻ കേട്ടിരിക്കയില്ല. പക്ഷെ അദ്ദേഹത്തിന്റെ ക്രാന്തദർശിത്വം ആ മാനുഷികവസ്തുതയും അറിഞ്ഞിരിക്കും

# എന്റെ അമ്മയുടെ കഥ, എന്റെയും

പ്രീത ജയകുമാർ - 8319638274

(തുടർച്ച)

വെക്കേഷനുകളായിരുന്നു വർണ്ണഭരിതങ്ങളായ ദിനരാത്രങ്ങൾ സമ്മാനിച്ചിരുന്നത്. സ്കൂൾ പൂട്ടേണ്ട താമസം, അമ്മ നേരത്തെ കൂട്ടി ടിക്കറ്റ് ബുക്ക് ചെയ്തുവെച്ചിട്ടുണ്ടാകും. പൂട്ടുന്ന അന്നേ ബാംഗ്ളൂരിലേക്കുള്ള യാത്രയ്ക്ക്.

കൽക്കരി പുകതുപ്പി വലിക്കുന്ന എൻജിൻ ഘടിപ്പിച്ച പണ്ടത്തെ ബ്രിട്ടീഷ് മോഡൽ തീവണ്ടിയിലായിരുന്നു യാത്ര. ദിവസത്തിൽ ഒന്നോ രണ്ടോ തവണ മാത്രം സർവീസ് ഉള്ള നിലമ്പൂർ -ഷൊർണൂർ തീവണ്ടിപ്പാത. അമ്മ, സ്കൂളിന്റെ അടുത്തുള്ള സ്റ്റേഷനിൽ നിന്ന് മൂന്ന് മണിയോടെ കയറും. വീടിനടുത്തുള്ള സ്റ്റേഷനിൽനിന്ന് എന്നെ കയറ്റാനായി അമ്മാവനോടും മുത്തച്ഛനോടും ശട്ടം കെട്ടിയിട്ടുണ്ടാകും അമ്മ. വണ്ടി എത്തുന്നതിന്റെ ഒരു മണിക്കൂർ മുൻപുതന്നെ ഞങ്ങൾ സ്റ്റേഷനിൽ ഹാജരായിട്ടുണ്ടാകും. എന്നെ പെട്ടെന്ന് കണ്ടുപിടിക്കുന്നതിനായി വാതിക്കൽത്തന്നെ നിൽപ്പുറപ്പിച്ചിട്ടുണ്ടാകും അമ്മ.

ബ്രിട്ടീഷുകാർ ലക്ഷണമൊത്ത തേക്കുകൾ നിലമ്പൂർ കാടുകളിൽ നിന്ന് കടത്തിക്കൊണ്ടുപോകാൻ പണി തീർത്ത പാതയാണ് നിലമ്പൂർ - ഷൊർണൂർ തീവണ്ടിപ്പാത. കൊളോണിയൽ രാജകീയ പ്രൗഢി വിളംബരം ചെയ്യുന്ന ആകാരഭംഗിയാണ് ആ റൂട്ടിലെ എല്ലാ സ്റ്റേഷനുകൾക്കും. ഒട്ടേറെ മലയാളം സിനിമകൾക്ക് പശ്ചാത്തലമൊരുക്കിയ വശ്യ സുന്ദരമായ പ്രകൃതിയാണ് ആ മാർഗ്ഗത്തിലങ്ങോളമിങ്ങോളം. കരിപുരണ്ട ജീവിതങ്ങൾ, കൃഷ്ണഗുഡിയിലെ ഒരു പ്രണയകാലത്ത്, വെട്ടം, എന്നി സിനിമകൾ അവയിൽ ചിലതുമാത്രം.

അച്ഛനവിടെ ഒരു പേരുകേട്ട കമ്പിനിയിലാണ് ജോലി. ഒരു ദിവസവും പാഴാക്കാതെ വെക്കേഷൻ മുഴുവനും അച്ഛന്റെയടുത്തു ചെലവഴിക്കും. വണ്ടി കയറി ഷൊർണൂർ ഇറങ്ങി, അവിടെ നിന്ന് അടുത്ത വണ്ടി ഞങ്ങൾക്ക് പോകേണ്ട സ്ഥലത്തേക്ക് കയറി, സന്ധ്യയോടടുക്കുമ്പോഴാണ് ഒലവക്കോട് ( ഇന്നത്തെ പാലക്കാട്) എത്തുക.

അന്തി മയങ്ങുന്ന നേരം. സ്റ്റേഷനിലെ വിശാലമായ വൃക്ഷക്കൊമ്പുകളിൽ പക്ഷികൾ കൂട്ടം കൂട്ടമായി ചേക്കേറുന്നതും അവയുണ്ടാക്കുന്ന കലപില ശബ്ദവും മനസ്സിൽ നൊമ്പരം സൃഷ്ടിച്ചിരുന്നു. അന്നന്നത്തെ പണി മാറ്റി വീടുകളിലേക്ക് മടങ്ങുന്ന കൂലിപ്പണിക്കാരേയും വേച്ചു വേച്ചു നീങ്ങുന്ന വൃദ്ധരേയും കാണുമ്പോൾ അമ്മയുടെ ഹൃദയം വിഷാദം കൊണ്ട് കലങ്ങിമറിയും. കുറച്ചുനാൾക്കു മാത്രമായുള്ള യാത്രയാണെങ്കിലും, നാട്ടിൽ തറവാട്ടിൽനിന്ന് മാറിനിൽക്കുന്നത് അമ്മയെ സംബന്ധിച്ചിടത്തോളം സങ്കടകരമായിരുന്നു.

ഒരുതരം ഗൃഹാതുരത്വം .....താൽക്കാലികമായ അനാഥത്വം.

പതിവായി വെക്കേഷനുകളിൽ ഒരേ വണ്ടിയിൽ അച്ഛന്റെയടുത്ത് പോയിരുന്ന ഞങ്ങളേ ആ റൂട്ടിലെ ടി ടി ഇ ക്ക് വരെ പരിചയമായിക്കഴിഞ്ഞിരുന്നു. അതിൽ നെറ്റി നിറയെ ഭസ്മകുറിയിട്ട ഒരു തമിഴൻ സ്വാമിയെ ഞാൻ നന്നായി ഓർക്കുന്നു. വലിയ സ്നേഹമായിരുന്നു ഞങ്ങളോട്. രാത്രി ഞങ്ങൾ സുഖമായി ഉറങ്ങുന്നുവെന്ന് ബോധ്യപ്പെട്ടതിനുശേഷമേ അദ്ദേഹം മടങ്ങിയിരുന്നുള്ളു.

വീട്ടിൽ നിന്നും കരുതിയ പൊതിച്ചോറും വിഭവങ്ങളും കൂട്ടി സാവകാശം അമ്മ ഉരുട്ടിത്തരുന്ന ഉരുളകൾ വണ്ടിയിലിരുന്നു കഴിക്കുമ്പോഴുള്ള ആനന്ദം ഇപ്പോഴും എനിക്കനുഭവപ്പെടുന്നു. അമ്മയുടെ കൈകളിൽ അമൃതായിരുന്നു. ...

ആരോ പരാമർശിച്ച പോലെ 'ഈശ്വരന് ഒരേ സമയം എല്ലായിടത്തും എത്തിച്ചേരാൻ

കഴിയാത്തതുകൊണ്ടാണാത്രേ ഭൂമിയിൽ പകരം അമ്മമാരെ നിയോഗിച്ചത്. എത്ര ശരി !!

അത്താഴം കഴിഞ്ഞു അമ്മയെയും കെട്ടിപിടിച്ചു വ്യാകുലതകളൊന്നുമില്ലാതെ വണ്ടിയുടെ താളാനുസൃതമായ കുലുക്കത്തിൽ ലയിച്ചങ്ങനെ ഉറക്കത്തിലേക്കു വഴുതി വീഴും.

രാവിലെ ഉണർന്നെണീക്കുമ്പോൾ ഇറങ്ങാനുള്ള സ്റ്റേഷൻ ആയിട്ടുണ്ടാകും. ഞങ്ങൾ എത്തിച്ചേരുന്നതും കാത്തു അച്ഛൻ ആ മഹാനഗരത്തിലെ തിരക്കേറിയ റെയിൽവേ സ്റ്റേഷനിൽ അക്ഷമനായി നിൽപ്പുണ്ടാവും.

വണ്ടിയിറങ്ങി, അച്ഛന്റെയും അമ്മയുടെയും നടുവിലിരുന്ന് ഓട്ടോയിൽ വീടെത്തുംവരെ റോഡിനിരുവശവുമുള്ള അതിശയിപ്പിക്കുന്ന കാഴ്ചകൾ കൗതുകപൂർവ്വം നോക്കി രസിക്കുമായിരുന്നു. വീടെത്തിക്കഴിഞ്ഞാൽ ഉടൻ അച്ഛൻ അടുത്തുള്ള ഹോട്ടലിൽനിന്ന് ആവി പറക്കുന്ന ഇഡ്ഡലിയും വടയും സാമ്പാറും കൂടെ കടലപരിപ്പിന്റെ ചട്ടിണിയും കൊണ്ടുവന്നിട്ടുണ്ടാവും. കാലങ്ങൾക്കിപ്പുറവും രുചി മുകുളങ്ങളിൽ തങ്ങിനിൽക്കുന്ന സ്വാദേറിയ ആ ടിഫിൻ ഇന്നും കൊതിയോടെ ഓർത്തുപോകുന്നു !

ഒരു പ്രൈവറ്റ് കമ്പനിയിൽ ജോലിചെയ്തിരുന്ന അച്ഛന് എന്നും തിരക്കുള്ള ദിവസങ്ങളായിരുന്നു. ഞങ്ങളെ വീട്ടിൽ ആക്കിയശേഷം അച്ഛൻ ഓഫീസിൽ പോകുമായിരുന്നു. ഉച്ചയ്ക്കാണ് പിന്നെ വരവ്. യാത്രക്ഷീണം കാരണം എത്തിയ അന്ന് വേഗം ഊണ് കഴിച്ചു ഞങ്ങൾ വിശ്രമിക്കാൻ ഒരുങ്ങും. ഊണിനുശേഷം അച്ഛൻ ഓഫീസിൽ പോയാൽ വൈകുന്നേരമേ തിരിച്ചെത്തു. മറ്റുള്ള ദിവസങ്ങളിൽ ഉച്ചക്ക് ഞാൻ ഉറങ്ങാറില്ല. അടുത്ത വീട്ടിലെ കുട്ടികളുമായി പലതരം കളികളിൽ ഏർപ്പെടും അവരുമായുള്ള ഇടപഴക്കം എനിക്ക് പുതിയൊരു ഭാഷ പഠിക്കാനുള്ള അവസരം വഴിയൊരുക്കി.

ഞായറാഴ്ചകൾ അച്ഛന് അവധിയായിരുന്നു. അന്നാണ് സിറ്റി കറങ്ങാൻ ഞങ്ങൾ പോകാറ്. മിക്കവാറും ഞായറാഴ്ചകളിൽ പലതരം എക്സിബിഷനുകൾ സിറ്റിയിൽ നടക്കുന്നുണ്ടാകും. അതിലെ കോർപ്പറേഷൻ എക്സിബിഷനായിരുന്നു ഏറ്റവും വലുത്. അമ്മയുടെ കൈയും പിടിച്ചു അച്ഛന്റെ പിന്നിലായി ഞാൻ നടക്കും. വളയും മാലയും വിൽക്കുന്ന കടകളായിരുന്നു എന്റെ പ്രധാന ആകർഷണം. ഇഷ്ടപ്പെട്ട വളയോ മാലയോ ക്യൂട്ടക്സോ കണ്ടാൽ അമ്മയുടെ കൈവിരലുകൾ അമർത്തി വലിക്കും. ആ സിഗ്നൽ അമ്മക്കു മാത്രമേ മനസ്സിലാവൂ. ആശിച്ച സാധനം കിട്ടുന്നതുവരെ ആ അമർത്തൽ തുടരും അത്തരം കൊച്ചു കൊച്ചു മോഹങ്ങളേ അന്നാ കുഞ്ഞു മനസ്സിൽ പൊട്ടി മുളച്ചിരുന്നുള്ളു.

ബാംഗ്ലൂരിൽ ഞങ്ങളുടെ തൊട്ടടുത്ത് താമസിച്ചിരുന്ന പ്രേമചേച്ചിയും സുമതിച്ചേച്ചിയും മുകളിൽ താമസിച്ചിരുന്ന സതിച്ചേച്ചിയും അമ്മയുടെ കൂട്ടുകാരികളായിരുന്നു. അടുത്ത കെട്ടിടത്തിൽ താമസിച്ചിരുന്ന തുളുനാട്ടുകാരിയായ സുഹാസിനി ആന്റിയെ അമ്മയ്ക്കു വളരെ കാര്യമായിരുന്നു. ആന്റിയുടെ 'കേസരീ ബാത്ത് ന്റെ സ്വാദ് ഒന്ന് വേറെതന്നെയാണ്. മക്കളായ വീണയും, വാണിയും എന്നേക്കാൾ മൂത്തവരായിരുന്നു. അതിസുന്ദരികളും.

അവരവിടെനിന്നു മാറിപ്പോയപ്പോൾ വന്ന പുതിയ താമസക്കാരായിരുന്നു മംഗലാപുരത്തുകാരിയായ, വെള്ളാരം കണ്ണുകളുള്ള ജൂലി ആന്റിയും കുടുംബവും സ്മാർട്ടായിരുന്നു ജൂലി ആന്റി. അവരാണ് അമ്മയുടെ ഷോപ്പിംഗ് സുഹൃത്ത്. പകൽ പണിയൊക്കെ വേഗം തീർത്ത്, ഉച്ചഭക്ഷണം നേരത്തെ കഴിച്ച്, പല സ്ഥലങ്ങളിലും ഞങ്ങൾ ആന്റിയോടൊത്തു കറങ്ങി. എന്റെ മുടി പല സ്റ്റൈലിലും ചൈനീസ് ബ്യൂട്ടി പാർലറിൽ കൊണ്ടുപോയി ക്രോപ്ചെയ്യാൻ മുൻകൈയെടുത്തതും അവരായിരുന്നു.

സ്വന്തമായ വർക്ക്ഷോപ്പു നടത്തുന്ന അവരുടെ ഭർത്താവു എപ്പോഴും തിരക്കിലായിരിക്കും. സാഹസികരായ രണ്ടാണ്മക്കളായിരുന്നു അവർക്ക്.

അച്ഛന്റെ ഓഫീസിലെ കൂട്ടുകാരനായിരുന്നു സ്വാമി എന്ന് വിളിച്ചിരുന്ന പട്ടർ നാരായണ സ്വാമി. ഞങ്ങളുടെ മറ്റൊരു അയൽവാ

സി കുടുംബം. അവരുടെ അമ്മയെ ഞങ്ങൾ സേഹപൂർവം 'പാട്ടി' എന്നാണ് വിളിച്ചിരുന്നത്. ഒരു പാവം അമ്മ്യാരായിരുന്നു പാട്ടി. അവരെ കൂടാതെ മരുമകളും പേരക്കുട്ടിയുമാണ് അവിടെ താമസിച്ചിരുന്നത്. ഇംഗ്ലീഷിൽ വാതോരാതെ സംസാരിച്ചിരുന്ന അവരുടെ പേരക്കുട്ടിക്ക് അല്പം കോങ്കണ്ണുണ്ടായിരുന്നു. നല്ല സമർത്ഥ യായ ഒരു പെൺകുട്ടി. ഒരുപക്ഷെ ഞാൻ കണ്ടി ട്ടുള്ളതിൽ വെച്ച് ഏറ്റവും സമർത്ഥ. അവളുടെ അമ്മയെ പോലെ. പ്രശസ്തമായ ഒരു സ്ഥാ പനത്തിൽ ജോലിയുണ്ടായിരുന്നു അവളുടെ അമ്മയ്ക്ക്.

ബാംഗ്ലൂരിൽ അച്ഛനോടൊപ്പം പല സ്ഥല ത്തും താമസിച്ചതിൽ ലാൽബാഗിന്റെ സമീപ ത്തെ സിദ്ധയ്യാ റോഡിലെ വീടായിരുന്നു എനിക്കേറ്റവും ഇഷ്ടം.

അയല്പക്കക്കാരായ ഒരു സർദാർജി കുടുംബ വും അവരുടെ അമ്മുമ്മയായ മമ്മിജിയും ഞങ്ങ ൾക്കേറ്റവും പ്രിയപ്പെട്ടവരായിരുന്നു. മമ്മിജിയുടെ പേരക്കുട്ടികളായ ഗാർഗിയും മിന്നിയുമായി രുന്നു എന്റെ കളിക്കൂട്ടുകാർ.അച്ഛൻ ഓഫീ സിൽ പോയിക്കഴിഞ്ഞാൽ ഞാനും അമ്മയും ലാൽ ബാഗിനോടു ചേർന്നുള്ള, പഴങ്ങളും പച്ചക്കറികളും ചെമ്മീൻ പരിപ്പുമൊക്കെ ലഭി ക്കുന്ന കോ ഓപ്പറേറ്റീവ് സൊസൈറ്റിയിൽ പോ കുമായിരുന്നു. നടന്നു പോകാൻ മാത്രം ദൂരമുള്ള അവിടെ എല്ലാ സാധനങ്ങളും കിട്ടുമായിരുന്നു.

മാതൃഭൂമി പേപ്പറും വീക്കിലിയും സ്ഥിരമാ യി അമ്മ അവിടെ നിന്നുമാണ് വാങ്ങിയിരുന്നത്. മാതൃഭൂമി പേപ്പറും വീക്കിലിയും വായിക്കാതെ അമ്മയുടെ ദിവസങ്ങൾ ഉണ്ടാവാറില്ല.മാതൃഭൂ മി വീക്കിലിയുടെ വലിയൊരു ശേഖരം തന്നെ നാട്ടിൽ അമ്മയ്ക്കുണ്ടായിരുന്നു. അതിന്റെ ചുരുക്കം വരിക്കാരിൽ ഒരാളായിരുന്നു അമ്മ.

നാട്ടിലെ പരിചയക്കാർ ഒരുപാടുപേർ ആ നഗരത്തിലുണ്ടായിരുന്നു. ഞങ്ങളവിടെ എത്തിയെന്നറിഞ്ഞാൽ ഞായറാഴ്ചകളിൽ അവ രിൽ ചിലർ ഞങ്ങളെ കാണാനെത്തും അല്ലാ ത്തപക്ഷവും വിശേഷ ദിവസങ്ങളിൽ അച്ഛന്റെ കൂടെ വിരുന്നുകാർ ഉണ്ടാവും പ്രത്യേകിച്ചു ഓ ണത്തിനും വിഷുവിനും. അമ്മ അവർക്കെല്ലാം സ്നേഹപൂർവ്വം സദ്യയൊരുക്കും. അച്ഛനെ ഇഷ്ടത്തോടെ അണ്ണൻ എന്നാണ് അവരൊക്കെ വിളിച്ചിരുന്നത്. അതെ വാത്സല്യം അവർ എന്നോടും പങ്കുവെച്ചിരുന്നു.

അവധിക്കാലം കഴിഞ്ഞു, തിരിച്ചു നാട്ടിലേക്കു മടങ്ങാറാവുമ്പോൾ വീണ്ടും മനസ്സ് വിങ്ങും. പുതിയതായി കിട്ടിയ സമ്മാനങ്ങളും കുപ്പാ യങ്ങളും ഒക്കെയായി പെട്ടിനിറച്ചും സാധ നകളായി ഞങ്ങൾ നാട്ടിലേക്കു യാത്ര തിരി ക്കും. അമ്മയെയും എന്നെയും വണ്ടി കയറ്റി, സ്റ്റേഷനിൽ നിന്ന് വണ്ടി പതിയെ നീങ്ങിത്തു ടങ്ങുമ്പോൾ അച്ഛൻ ദുരെ ഒരു പൊട്ടായി മറ യുന്നതുവരെ വണ്ടിയുടെ ജനലഴികളിലൂടെ കൈനീട്ടി ഞാൻ വീശികാണിക്കും.

(തുടരും)

*****

**മിനിക്കഥ**

# 'ഒരു പക്ഷെ'

ഉണ്ണി വാരിയത്ത് - 9867179480

അയാളുടെ സ്വഭാവം എനിക്ക് ഇപ്പോഴും മനസ്സിലായിട്ടില്ല. നാലാൾ കൂടുന്ന സദസ്സുക ളിൽ ആരെന്തു പറഞ്ഞാലും അയാൾ പൊട്ടിച്ചിരിക്കും. അത് തമാശയാകണമെന്നൊന്നുമില്ല.

ചിരി ആരോഗ്യത്തിന് നല്ലതുതന്നെ. പക്ഷേ, അസ്ഥാനത്തായാൽ അത് ആരോഗ്യത്തിന് ഹാനികരമല്ലേ? അങ്ങനെ സംഭവിക്കാതിരിക്കട്ടെ!

ഒരുപക്ഷെ, വീട്ടിൽ അയാൾക്ക് ചിരിക്കാൻ സ്വാതന്ത്ര്യം ഇല്ലായിരിക്കാം. പാവം!

# ചിന്താധാര

**കല്പകം സോമരാജൻ**

ഇത്തിരിനേരമീ മുറ്റത്തിരിക്കുവാൻ
എത്തിയ നാമമാത്ര ധന്യർ മന്നിൽ
ചിത്തമറിയില്ല ചൈതന്യധാരയും
എത്തിയതെങ്ങുനിന്നാരയച്ചു.

വിഭ്രമത്തോടു നാം നോക്കുന്നു മാനസ-
വിഭ്രാന്തി മങ്ങി മയങ്ങിടുന്നു.
എത്തുന്നതില്ലാ മനോഗതമെങ്ങുമേ
ചിത്ത മക്ഷീണമലഞ്ഞിടുന്നു.

സ്വപ്ന സുഷുപ്തിയിൽ കാണുന്ന മായിക-
ദൃശ്യങ്ങൾ മായുന്നു കൺതുറക്കെ.
സ്വപ്ന സമാനമോ ഈ ലോകവാസത്തിൽ
ദൃശ്യമായ് തീരുന്ന കാമനകൾ.

വിശ്വ ജഗത്തിനെ കീഴടക്കാമെന്നു
വിജ്ഞാനമുള്ളവർ കരുതിടുന്നു
അണ്ഡകടാഹവും അതിരില്ലാമാനവും
അകലെയല്ലെന്നവർ ചിന്തിക്കുന്നു.

പക്ഷെ വിഭജനമില്ലാത്തൊരണുവിന്റെ
വൃത്തിയിലിക്കുട്ടർ ഞെട്ടിയില്ലെ.
വലയിലകപ്പെട്ട പറവതൻ വെമ്പൽപോൽ
പതിതർ നാം കൈകാലടിച്ചതില്ലെ.

പ്രകൃതിയാണീശ്വരൻ സർവനിയന്താവ-
തറിയണം നമ്മൾ വണങ്ങിടേണം
ആ പാദപത്മങ്ങൾ മനസ്സാലെ വാക്മനോ-
കർമ്മത്തിലെപ്പോഴും ശ്രദ്ധയോടെ.

സൂര്യ കടാക്ഷമതില്ലെങ്കിലൂഴിയിൽ
നേരറിയാത്തൊരിരുട്ടു മാത്രം
അതു കണ്ടു നാം പഠിച്ചീടണം മനസ്സിന്റെ
തിരി നാളമെന്നും ജ്വലിച്ചിടേണം.

ഉച്ച നീചത്വമില്ലാതെതൻ കിരണങ്ങൾ
ദേവനുദാരമായ് നൽകിടുന്നു.
വൻ കാടതാകിലും സൈകത ഭുവിലും
സൂര്യകിരണങ്ങളൊന്നുപോലെ

ചിന്തനം വേണമിതെല്ലാം തരുന്നീശ-
നെന്തോ നിനച്ചിടുന്നെന്നുമെന്നും
അന്തമില്ലാത്തൊരി മായതൻ ലീലകൾ
സ്വന്തമായൊന്നും ജഗത്തിലില്ല.

അധികാരമാളുവോർ അജ്ഞതമൂലമോ-
അഹമെന്ന ഭാവം പെരുക്കയാലോ.
അനുവർത്തിയായൊരു ചിന്തക്കധീനരായ്
അതി ധന്യരെന്നു നടിച്ചിടുന്നു.

അവനിയിൽ വാഴുവാൻ ഈശ്ശൻ കടാക്ഷിച്ചു
നൽകിയ നന്മകൾ കണ്ടിടാത്തോർ
ഇരു കൈകളും കൂപ്പി അവിടത്തെ കൂപ്പുവാൻ
ഒരു മിന്നൽ നേരമേ വേണ്ടതുള്ളൂ.

കാലം മെനയുന്ന ചിത്രപടമതിൽ
കോലം പലവിധമീയുലകിൽ
വേണ്ടായിതെന്നു സ്മരിക്കുവാൻ പോലുമേ
വേണ്ടാത്ത ചിന്തക്കു സ്ഥാനമില്ല.

കാല സ്വരൂപൻ കടുംതുടി താളത്തി-
ലാലോലമാടും നാം കണ്ടുനിൽക്കും
നിസ്വർ നാമെന്നൊരു ചിന്തയുണ്ടാകുവാൻ
നിസ്വാർത്ഥമായിട്ടു ജീവിച്ചിടാം.

## എറണാകുളം കരയോഗം ചാരിറ്റി പ്രവർത്തനങ്ങൾക്ക് 2024 സെപ്റ്റംബർ മാസം സംഭാവന നൽകിയവർ

| | | |
|---|---|---|
| 1 | സി. ഹൃദയനാഥൻ, സുഹാസ്, 52/1831, ജനത റോഡ്, 7th ലൈൻ, വൈറ്റില | 10000 |
| 2 | രാമചന്ദ്രൻ. കെ, 3 B, സിൽവർ OAK, സ്കൈലൈൻ, ജവഹർ നഗർ, കടവന്ത്ര | 10000 |
| 3 | കണ്ണൻ, DTPC | 5000 |

ജ്യോതിഷാചാര്യൻ: ജി.കെ. മേനോൻ

Ernakulam Karayogam 0484 - 2361160,

8848036518, 9645683491

ॐ

## 1200 തുലാമാസ ഫലം.

ഹരി ശ്രീ ഗണപതയെ നമഃ അവിഘ്നമസ്തു



(മേടക്കൂർ: അശ്വതി ഭരണി കാർത്തിക ആദ്യപാദം) മാനസിക ഉൽസാഹത്തിനായി പണം ചിലവഴിക്കും. മനസ്സിന് സന്തോഷം പകരുന്ന അനുഭവങ്ങൾ ഉണ്ടാകും. വിദ്യാർത്ഥികൾക്ക് നേട്ടം പ്രതീക്ഷിക്കാം. നവംബർ 3, 4 തിയതികൾ അഷ്ടമ രാശി നക്ഷത്രങ്ങളായതിനാൽ പുതിയ സംരംഭങ്ങളുടെ ആരംഭം ഒഴിവാക്കുന്നത് നല്ലതാണ്. ദേവീ പ്രീതികരങ്ങളായ വഴിപാടുകളും നവഗ്രഹക്ഷേത്രത്തിൽ രാഹു ഗ്രഹദോഷ നിവാരണ അർച്ചനയും നടത്തുക.



(ഇടവക്കൂർ: കാർത്തിക അവസാന മുന്ന് പാദം രോഹിണി മകയിരം ആദ്യപകുതി) വിവാഹിതരാകാൻ ശ്രമിക്കുന്നവർക്ക് കാലം അനുകൂലമാണ്. സാമ്പത്തിക പ്രതിസന്ധി ഉണ്ടാകാൻ സാധ്യത ഉള്ളതിനാൽ ധനകാര്യത്തിൽ ശ്രദ്ധ പുലർത്തണം. നവമ്പർ 5, 6 തിയതികൾ അത്ര അനുകൂലമായിരിക്കില്ല, ആയതിനാൽ മാറ്റി വെക്കാൻ പറ്റുന്ന പ്രധാന കാര്യങ്ങൾ ഈ ദിവസങ്ങളിൽ ഒഴിവാക്കുന്നത് നല്ലതാണ് ശിവ ക്ഷേത്ര ദർശ്ശനം നടത്തി ധാര പിൻവിളക്ക് കൂവളമാല സമർപ്പണവും നടത്തുക.



(മിഥുനക്കൂർ: മകയിരം അവസാന പകുതി, തിരുവാതിര, പുണർതം ആദ്യ മൂന്ന് പാദം). നല്ല കാര്യങ്ങൾക്ക് വേണ്ടി ധനം ചിലവഴിക്കും, യാത്രാ ക്ലേശം മൂലവും നിയമപരമായ ചില പ്രശ്നങ്ങളാലും മനസ്വസ്ഥത കുറയും. വാഹനത്തിന് വേണ്ടി പണം ചിലവഴിക്കും നവംബർ 8, 9 ദിവസങ്ങൾ പുതിയ കര്യങ്ങൾക്ക് സ്വീകരിക്കാതിരിക്കുന്നതാണ് നല്ലത്. ഗണപതിഹോമവും ഗണപതി ക്ഷേത്ര ദർശ്ശനവും മന്ത്ര ജപവും നടത്തുന്നത് തടസ്സങ്ങൾ നീങ്ങാൻ ഉപകാരപ്പെടും.



(കർക്കിടക്കൂർ: പുണർതം അവസാന പാദം പൂയം ആയില്യം) നഷ്ടപ്പെട്ടതെന്ന് കരുതുന്നതും പൈതൃകമായി ലഭിക്കേണ്ടതുമായ ധനം കൈവശം വന്ന് ചേരും. സന്താനങ്ങളെ കൊണ്ട് സന്തോഷം ലഭിക്കും. അനാവശ്യമായ ചിന്തകൾ മാനസിക പിരിമുറുക്കത്തിന് കാരണമാകും. നവംബർ 10, 11 ദിവസങ്ങൾ ശുഭകരമായിരിക്കില്ല. ശിവ ക്ഷേത്ര ദർശ്ശനം നടത്തി ധാര പിൻ വിളക്ക് കൂവളമാല സമർപ്പണം എന്നീ വഴിപാടുകൾ നടത്തുന്നതും പ്രാർത്ഥിക്കുന്നതും ഗുണകരമാകും.



(ചിങ്ങക്കൂർ: മകം, പൂരം, ഉത്രം ആദ്യ കാൽ ഭാഗം ) പുനർവിവാഹത്തിന് ശ്രമിക്കുന്നവർക്കും. വൈകി വിവാഹത്തിന് ശ്രമിക്കുന്നവർക്കും കാലം അനുകൂലമാണ് .ധനവും വാക്കും നിമിത്തം പ്രശ്നങ്ങൾ ഉണ്ടാകാം. ശാരീക ബലക്കുറവ് അനുഭവപ്പെടാം. നവംബർ 12. 13 തിയതികൾ അഷ്ടമ രാശിക്കൂറിലെ നക്ഷത്രങ്ങളായതിനാൽ നല്ല സംരംഭങ്ങൾക്ക് സ്വീകരിക്കാതിരിക്കുക.ശാസ്താ ക്ഷേത്രത്തിൽ ദർശ്ശനവും ശനിദോഷ നിവാരണ അർച്ചന നടത്തുക .



(കന്നിക്കൂർ: ഉത്രം അവസാന മൂന്നാം പാദം അത്തം ചിത്തിര ആദ്യപകുതി) പ്രവൃത്തി മികവുകൊണ്ടും ഭാഗ്യം കൊണ്ടും ധനപരമായി നേട്ടം പ്രതീക്ഷിക്കാം. പ്രതീക്ഷിക്കാത്തയിടങ്ങളിൽ നിന്ന് പോലും സഹായങ്ങൾ ലഭ്യമാകും. പങ്കാളികൾ മുഖാന്തരം ഭാഗ്യാനുഭവങ്ങൾ ഉണ്ടാകും. ചിലവ് വർദ്ധിക്കുകയും ശാരിരിക ക്ഷമത കുറയുകയും ചെയ്യാം. .നവംബർ 14. 15 ദിവസങ്ങൾ അനുകൂലമല്ല. ക്ഷേത്രത്തിൽ ഗണപതി പ്രീതികരവും. ദേവീ പ്രീതികരവുമായ മന്ത്രാർച്ചനകൾ നടത്തുക:



തുലാക്കൂർ: ചിത്തിര അവസാന പകുതി, ചോതി, വിശാഖം ആദ്യ മൂന്ന് പാദം.) ധനപരമായ വിഷയങ്ങളിൽ സ്വന്തം പരിശ്രമം മൂലം പരിഹാരം കണ്ടെത്തും ലാഭനഷ്ട ചിന്തകൾ മനസ്വസ്ഥത നഷ്ടപ്പെടുത്തും അലർജി സംബന്ധമായ രോഗങ്ങളെ കരുതിയിരിക്കുക ഒക്ടോബർ 20, 21 ദിവസങ്ങൾ പ്രായേണ ഗുണം കുറഞ്ഞതായിരിക്കും. ശിവ ക്ഷേത്ര ദർശനവും പഞ്ചാക്ഷരി ജപവും നടത്തുന്നതും യഥാശത്തി വഴിപാടുകൾ നടത്തുന്നതും നല്ലതാണ്.




(വൃശ്ചികക്കൂർ: വിശാഖം അവസാന പാദം. അനിഴം, തൃക്കേട്ട) വിവിഹത്തിന് ശ്രമിക്കുന്നവർക്ക് അനുകൂല ഫലങ്ങൾ പ്രതിക്ഷിക്കാം. പഴയ വീടുകൾ വാങ്ങുവാൻ ഉദ്ദേശിക്കുന്നവർക്ക് ആഗ്രഹം സാധ്യമാകും. ഒക്ടോബർ 22, 23 തിയതികൾ അഷ്ടമരാശിക്കൂർ നക്ഷതങ്ങളായതിനാൽ ശുഭകരമല്ല. നവഗ്രഹക്ഷേത്രത്തിൽ വ്യാഴാഴ്ച ദിവസങ്ങളിൽ ശനി ഗഹ ദോഷ നിവാരണ അർച്ചനയും ശൈവ പ്രീതികരങ്ങളായ വഴിപാടുകളും ജപങ്ങളും നടത്തുന്നതും നല്ലതാണ്.



(ധനുക്കൂർ: മൂലം, പൂരാടം, ഉത്രാടം ആദ്യ പാദം.) ഒരു പരുതി വരെ സാമ്പത്തിക പ്രശ്നങ്ങൾക്ക് ആശ്വാസമാകും. കർമ്മരംഗത്തെ പ്രതിസന്ധിക്ക് ഈശ്വരാനുകൂലത കൊണ്ട് പരിഹാരം ഉണ്ടാകും. നല്ല കാര്യങ്ങൾക്കായി പണം ചിലവഴിക്കും. എന്നാലും. കരുതലോടെ പണം ചിലവഴിക്കണം. ഒക്ടോബർ 24, 25 തിയതികൾ ശുഭകാര്യാരംഭത്തിന് സീകാര്യമല്ല. തിങ്കളാഴ്ച ദിവസങ്ങളിൽ ശിവക്ഷേത്ര ദർശ്ശനവും മന്ത്രജപവും ദേവിക്ക് മാല ചാർത്തലും നടത്തുന്നത് നല്ലതാണ്.



(മകരക്കൂർ:ഉത്രാടം അവസാന മൂന്ന് പാദം തിരുവോണം, അവിട്ടം ആദ്യ പകുതി) സാമ്പത്തിക പ്രശ്നങ്ങൾക്ക് ചെറിയ തോതിലുള്ള ആശ്വാസം ലഭിക്കും. പനി പോലുള്ള ഉഷ്ണരോഗങ്ങളെ കരുതിയിരിക്കണം. കർമ്മരംഗത്തെ ശത്രുത മനസ്വസ്ഥത നഷ്ടപ്പെടുത്തും. ഒക്ടോബർ 27, 28 ദിവസങ്ങൾ അനുകൂലമായിരിക്കില്ല. മഹാലക്ഷ്മി പ്രീതികരങ്ങളായ സൂക്തങ്ങൾ ജപിക്കുകയും ദേവി ക്ഷേത്ര ദർശ്ശനവും നെയ്യ് വിളക്ക് കത്തിക്കുകയും നാമജപം ചെയ്യുന്നതും നല്ലതാണ്.



(കുംഭക്കൂർ: അവിട്ടം അവസാന പകുതി ചതയം പുരുരുരുട്ടാതി ആദ്യ മൂന്ന് പാദം) പുതിയ വീട് വാഹനം എന്നിവ സ്വന്തമാക്കാൻ ശ്രമിക്കുന്നവർക്ക് ആഗ്രഹ സഫലീകരണത്തിന് സാധ്യത ഉണ്ട്. വസ്ത്രം, ഗൃഹോപകരണങ്ങൾ, അലങ്കാര വസ്തുക്കൾ വാഹന രംഗത്ത് പ്രവർത്തിക്കുന്നവർക്ക് നേട്ടങ്ങൾ പ്രതീക്ഷിക്കാം. ഒക്ടോബർ 30. 31 തിയതികൾ പ്രായേണ ഗുണം കുറയും. വൈഷണവ ക്ഷേത്ര ദർശ്ശനം നടത്തുന്നതും ദ്വാദശാക്ഷരി മന്ത്രജപം നടത്തുന്നതും നല്ലതാണ്.



(മീനക്കൂർ: പുരുരുട്ടാതി അവസാന പാദം ഉത്രട്ടാതി രേവതി ) ഭാഗ്യാനുകൂലത പ്രതീക്ഷിക്കാം. കർമ്മരംഗത്ത് നിന്നും പ്രതീക്ഷിക്കുന്ന ഗുണം ലഭിച്ചെന്ന് വരില്ല. അലർജി സംബന്ധമായ രോഗങ്ങളെ കരുതിയിരിക്കണം. പ്രവർത്തിക്കും. നവംബർ 1, 2 തിയതികൾ പൊതുവേ അനുകൂലമായിരിക്കില്ല. വിഷ്ണു ക്ഷേത്ര ദർശ്ശനം നടത്തി കണ്ണന് തുളസിമാല ചാർത്തുകയും വിഷ്ണു പ്രീതികരങ്ങളായ സൂക്തങ്ങൾ ജപിക്കുകയും യഥാശക്തി വഴിപാടുകൾ നടത്തുകയും ചെയ്യുക.

*ശുഭമസ്തു ശംഭോമഹാദേവ! എറണാകുളത്തപ്പൻ തുണ!*

# MANGALYAM MATRIMONIAL

## വരനെ ആവശ്യമുണ്ട്



Nair Girl, 25/162cm, Avittom, 1/2 (Makaram), B.Tech(CS), System Engineer, TCS, Bangalore, Pure Vegetarian, Pref: Boys from Trichur,Ernakulam & Palakkad, Mob:9447498225, 8369932850

Email:neethyrajendra@gmail.com
Date of Birth:26-8-1999(2.11am)
Sishta Dasa:Mars:6-3-21

| | | | | | |
|---|---|---|---|---|---|
| | | ഗു മ | | ല | |
| | ശു | | | ര ശി | |
| | ബു | ഗ്രഹനില & അംശകം | | കു ഗു | ബു ശു മാ സ |
| ച ശി | | | | ച | ര |
| | സ ല | മാ | മ | | |
| | | കു | | | |

Contact Address:
MR.P.K.RAJENDRAN
5G, HERITAGE APARTMENT
ORMES ROAD
KILPAUK
CHENNAI - 600010

---

Nair Girl, 22/165cm, Thiruvonam, B.Com (Finance and Taxation), Fedserv, Pref : Graduate / PG, Mob:8891854594

Email: kpkntp325@gmail.com
Date of Birth:25-10-2001(12am)
Sishta Dasa:

| | | | |
|---|---|---|---|
| | | മ | ഗു സ |
| | ഗ്രഹനില & അംശകം | | |
| ച കു | | | |
| ശി മാ | ല | ര | ബു ശു |

Contact Address:
MR. NANDAKUMAR
KIZHUPPILLY
THACHANAMPARA
EDATHALA NORTH P. O
ALUVA

---

Nambiar - Nair Girl,24/162cm, Revathi, M.Sc Engg Bio Medical Engg,Scientist NHS Hospital, UK Citizen, pref: Nair community , Qualified professional ,Mob: 8547532470,

Email:chandrasekharan3@hotmail.com
Date of Birth:8-3-2000(1.10pm)
Sishta Dasa:

| | | | | | |
|---|---|---|---|---|---|
| | ശി | | ര | | |
| | ച കു | ഗു മ | മാ | ല | |
| കു | ര ബു | ഗ്രഹനില & അംശകം | | സ | ഗു |
| ച ബു | ശു ശി | | | | മാ |
| ല | | | | | ശു സ മ |

Contact Address:
DR.HARISHCHANDRA NARAYAN
PLOT NO.50 ,
VIDYA NAGAR P O
COCHIN UNIVERSITY
PIN-682022

---

Nair Girl, 29/160cm, Revathy, B.Tech (Electronics & Communication), Private Company job in Bangalore (Associate Consultant),Upper middle class, Native place Ernakulam, Pref: Mob:9847803788

Email:sasipmundolil@yahoo.co.in
Date of Birth: 12-09-1995(3.29am)
Sishta Dasa:Buda - 01-01-16.18

| | | | | | |
|---|---|---|---|---|---|
| | | | ശി മാ | മ | |
| ച | ച | ശി മാ | | | |
| | മ | ഗ്രഹനില & അംശകം | | ല | ബു |
| ശു | | | | ര | |
| കു | | ഗു | കു സ | ബു ശു | |
| | | ല ഗു ര സ | | | |

Contact Address:
EDAPPALLY
KOCHI - 682024

## വധുവിനെ ആവശ്യമുണ്ട്

Nair Boy, 30/180cm, Magham,Medium white to light brown, B.Tech( Mech), Regional Business Manager (CRIO.DO), Pref: Working Women,Mob: 9895281871, 9846317776

Email:govindkp21@gmail.com
Date of Birth:21-4-1994(11.13am)
Sishta Dasa:Ketu:5-0-13

| | | | |
|---|---|---|---|
| കു ബു | ര | ശു ശി | ല മാ |
| മ | ഗ്രഹനില & അംശകം | | |
| | | | ച |
| | സ | ഗു | |

Contact Address:
MR.HARIKUMAR K
KAUSTHUBHAM
KADAVANTHRA
KOCHI - 682020

---

Nair Boy, 28/177 cm, Aayilyam, B-Tech- EEE, QUALCOMM-Hyderabad, Perf: Mob:9847446519

Email:nirmalagnair13@gmail.com
Date of Birth:18 -10- 1995(11.50am)
Sishta Dasa: Mercury 15 -1- 1

| | | | | | |
|---|---|---|---|---|---|
| | | ബു ശി | മ | | |
| | | ശി | | | |
| ശു | മ | ഗ്രഹനില & അംശകം | | ച | |
| | | | | | കു |
| ച | ല മാ | കു ഗു | ര സ ശു | ബു | ല |
| ഗു | | | ര സ | | മാ |

Contact Address:
MR .VINDO KUMAR
THARANGAM,
FR MANUEL ROAD
VARAPPUZHA. P.O,
KOCHI - 683517

# വധുവിനെ ആവശ്യമുണ്ട്

Nambiar-Nair Boy, 35yrs, 170cm, Karthika 3/4(Edavam),B.Tech-MBA, Teritorry Manager - Sales Marketing with an MNC Electrical Industry placed at Ernakulam,Pref: Girls from Nambiar family, Professionally qualified and preferably employed, Mob:91+ 09449596908, 9380115593

Email:ppcnambiar@gmail.com
Date of Birth:23-8-1989(2.04pm)
Sishta Dasa: Ravi : 4-1-29

| | | | | | |
|---|---|---|---|---|---|
| | | ശുശി | ര | | |
| | | | ച | ഗു | |
| | സ | ഗ്രഹനില & അംശകം | | | മാ |
| ച ഗു ബു | | | | ര ശി കു | മ |
| | മ | ല മാ | | ബു ശു | കു |
| | | ല | സ | | |

Contact Address:
Parents Originally from Kannur and Presently living in Bangalore

## THOTTEKKATT DIWAN'S MEMORIAL A/C HALLS

1. TDM HALL GANGA
2. TDM HALL PERIYAR (DINING HALL)
3. TDM HALL KAVERY
4. TDM HALL SOORYA (DINING HALL)
5. TDM HALL YAMUNA
6. TDM HALL NILA (DINING HALL)
7. TDM HALL PAMBA
8. TDM HALL NARMADA
9. TDM HALL SARASWATHY (DINING HALL)
10. TDM HALL GODAVARY (CONFERENCE HALL)
11. TDM HALL KRISHNA (EXHIBITION HALL)
12. TDM HALL SARAYU

For Details Contact: 0484 2361160, 9447171160
Email: ekmkgm@gmail.com,
Web: www.ernakulamkarayogam.com

**എറണാകുളം കരയോഗം കലാസാഹിത്യവിഭാഗം**

# വിദ്യാരംഭദിവസം ക്ലാസ്സുകൾ ആരംഭിക്കുന്നു.

**ഡാൻസ് ക്ലാസ്സ്:** അദ്ധ്യാപിക ആർ.എൽ.വി ശ്രീമതി. ഷിൽന ജിപ്സന്റെ നേതൃത്വത്തിൽ ഭരതനാട്യം, മോഹിനിയാട്ടം, എന്നീ ഇനങ്ങൾ പഠിപ്പിക്കുന്നതിന് പുതിയ ബാച്ചിലേയ്ക്ക് അഡ്മിഷൻ വിദ്യാരംഭ ദിവസം ഒക്ടോബർ 13ന് രാവിലെ 10 മണിക്ക് ആരംഭിക്കുന്നു. **ഫോൺ : 8921350530**


**ഡാൻസ് ക്ലാസ്സ്:** അദ്ധ്യാപിക ശ്രീമതി. മഞ്ജുഷ ജെ. മേനോന്റെ നേതൃത്വത്തിൽ സിനിമാറ്റിക്ക്, സെമി. ക്ലാസ്സിക്ക് എന്നീ ഇനങ്ങൾ പഠിപ്പിക്കുന്നതിന് പുതിയ ബാച്ചിലേയ്ക്ക് അഡ്മിഷൻ വിദ്യാരംഭ ദിവസം ഒക്ടോബർ 13ന് രാവിലെ 11.30 മണിക്ക് ആരംഭിക്കുന്നു. **ഫോൺ : 9895015202**

**വയലിൻ:** ശ്രീ. സദാനന്ദന്റെ ശിക്ഷണത്തിൽ നടന്നു പോരുന്ന വയലിൻ ക്ലാസ്സിലേയ്ക്ക് അഡ്മിഷൻ വിദ്യാരംഭ ദിവസം ഒക്ടോബർ 13ന് രാവിലെ 11.00 മണിക്ക് ആരംഭിക്കുന്നു. എല്ലാ ഞായറാഴ്ചകളിലും രാവിലെ 10.00 മണി മുതൽ **ഫോൺ : 9447573320**

**കരാട്ടെ:** ശ്രീ. സുനിലിന്റെ ശിക്ഷണത്തിൽ നടന്നു പോരുന്ന കരാട്ടെ ക്ലാസ്സിലേക്ക് പുതിയ ബാച്ചുകൾ ആരംഭിക്കുന്നു. തിങ്കളാഴ്ചയും, ശനിയാഴചയും വൈകുന്നേരം 5.00 മണി മുതൽ 6.00 മണി വരെ. **ഫോൺ: 9946202889, 9072922995**

**യോഗ:** ശ്രീമതി പി.കെ. ശാലിനിയുടെ ശിക്ഷണത്തിൽ യോഗ ക്ലാസ്സ് ഒക്ടോബർ 14ന് ആരംഭിക്കുന്നു. തിങ്കൾ മുതൽ വെള്ളി വരെ രാവിലെ 7 മണി മുതൽ 8 മണി വരെ. കൂടുതൽ വിവരങ്ങൾക്ക് **ഫോൺ: 8281251519, 7736539570**

**വിദ്യാരംഭ ദിവസമായ ഒക്ടോബർ 13 ന് ഏതെങ്കിലും ക്ലാസ്സിൽ ചേരുവാൻ ആഗ്രഹിക്കുന്നവർ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. ഫോൺ: 0484 2361160**




## എറണാകുളം കരയോഗം മാംഗല്യം

www.karayogammangalyam.com
എന്ന വെബ്സൈറ്റ് വഴി
എറണാകുളം കരയോഗം മാംഗല്യത്തിൽ
രജിസ്ട്രർ ചെയ്യൂ,
ഉത്തമ ജീവിത പങ്കാളിയെ കണ്ടെത്തൂ

**കൂടുതൽ വിവരങ്ങൾക്ക് – 0484 – 2361160**



## ജ്യോതിഷം

എറണാകുളം കരയോഗത്തിൽ
ജ്യോതിഷാചാര്യൻ
ജി.കെ. മേനോന്റെ സേവനം
തിങ്കൾ, ബുധൻ, ശനി ദിവസങ്ങളിൽ
പ്രവർത്തന സമയം രാവിലെ 10 മണി മുതൽ
ഉച്ചയ്ക്ക് 1 മണി വരെ

**കൂടുതൽ വിവരങ്ങൾക്ക് –**
**8848036518, 9645683491**

## ചൈത്രം

മാനസിക സംഘർഷം, ഏകാന്തത,
ആത്മഹത്യാപ്രേരണ തുടങ്ങിയ
നിങ്ങളുടെ വിഷമങ്ങൾ പങ്കുവയ്ക്കുവാൻ ഒരു
കൗൺസിലിങ് കേന്ദ്രം.
സേവനം തികച്ചും സൗജന്യവും സ്വകാര്യവുമാണ്.
പ്രവർത്തന സമയം
ഉച്ചയ്ക്ക് 2 മണി മുതൽ 5 മണി വരെ

**കൂടുതൽ വിവരങ്ങൾക്ക് – 0484 2361161**

## പ്രശാന്തി ഹോം ഫോർ ദ് ഏജ്ഡ് ആന്റ് വനിതാ ഹോസ്റ്റൽ

എറണാകുളം കരയോഗത്തിന്റെ കീഴിൽ ഒരു
ഓൾഡേജ് ഹോമും
വനിതാ ഹോസ്റ്റലും നടത്തി വരുന്നു.



**കൂടുതൽ വിവരങ്ങൾക്ക്**
**9188081355,**
**0484 – 2345061**



## ക്ലിനിക്ക് ഓൺ വീൽസ്

സമൂഹത്തിലെ നിർദ്ധനരായ രോഗികൾക്ക് സേവനം
നൽകുവാൻ എറണാകുളം കരയോഗത്തിൽ
സഞ്ചരിക്കുന്ന ആശുപത്രിയുടെ
സേവനം ഒരുക്കിയിട്ടുണ്ട്

**കൂടുതൽ വിവരങ്ങൾക്ക് – 9188640743**




## ആംബുലൻസ് സർവ്വീസ്

എറണാകുളം കരയോഗത്തിൽ
24 മണിക്കൂറും പ്രവർത്തിക്കുന്ന
ആംബുലൻസ് സർവ്വീസിന്റെയും
മൊബൈൽ ബോഡി ഫ്രീസറിന്റെയും
സേവനം ലഭ്യമാണ്.


**കൂടുതൽ വിവരങ്ങൾക്ക് – 9387306579**

DATE OF PUBLICATION: 10-10-2024

RNI NO. KERMAL/2008/23515
REGISTERED NEWSPAPER

REGISTERED NO. KL/EKM/761/2022-24
LICENSE NO. KL/CR/EKM/WPP-7/2022-24
LICENSED TO POST WITHOUT PREPAYMENT

Volume No. 16 OCTOBER 2024 Issue No. 10




## എറണാകുളം കരയോഗം സാംസ്ക്കാരിക വിഭാഗം

**അകായിലെ സംഗീതം**

ഒക്ടോബർ 20 ഞായറാഴ്ച വൈകുന്നേരം 4.00 മണിക്ക് ടി.ഡി.എം. ഹാളിൽ

**ഹിന്ദിഗാനങ്ങൾ**

## എറണാകുളം കരയോഗം സാഹിതി യോഗം

ഒക്ടോബർ 27 ഞായറാഴ്ച വൈകുന്നേരം 3.00 മണിക്ക് ടി.ഡി.എം. ഹാളിൽ

ഇടശ്ശേരിയുടെ കാവ്യലോകം
അവതരണം - ശ്രീ കെ. രാധാകൃഷ്ണൻ

*If undelivered please return to:*
Karayoga Souhridam
T.D.M Hall Complex, D.H. Road,
Kochi 682016, Kerala

The Views expressed in this journal are those of the authors and need not necessarily reflect the policies and views of Ernakulam Karayogam

Printed by M. Sreevallabhan nair Published by M. Sreevallabhan Nair on behalf of Ernakulam Karayogam, TDM Hall complex, Durbar Hall Road, Kochi-682016, Ph : 0484 -2361160, E mail : ekmkgm@gmail.com, Website : www.ernakulamkarayogam.com and Printed at Sterling Print House (P) Ltd., Door.No.49/1849, AIMS Ponekkara P.O, Kochi-682041, Ph: 0484-2802522, 2800406 for Murali Industries, Babu Cottage, Alappat extn.Road, Behind Ravipuram Temple, Kochi-682016 and Published at Ernakulam Karayogam, TDM Hall Complex, Durbar Hall Road, Kochi-682016. Editor: M. Sreevallabhan Nair- Mob: 9947736071.